# NEW VISION
# FOR A CHANGING WORLD

Vol.1 Issue 5 Dec. 2000 - Jan.2001



മദ്യമാഫിയയ്ക്കും
അവയുടെ പണം പറ്റുന്നവർക്കുമെതിരെ
ബഹുജന പ്രക്ഷോഭം സംഘടിപ്പിക്കണം.
ക്രിസ്തീയ സുവിശേഷ യജ്ഞം
തന്നെയാണത്. പാപത്തിനെതിരെയുള്ള
എല്ലാ പോരാട്ടങ്ങളും സുവിശേഷവേല തന്നെ.

– ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത, ബിഷപ്പ് ഡോ. സാമുവൽ അമൃതം,
ഡോ. ഡി. ബഞ്ചമിൻ, ജോസഫ് പുലിക്കുന്നേൽ, ഡോ. സി. ജെ. റോയ്, അൽഫോൻസ് കണ്ണന്താനം,
പോൾ മണലിൽ തുടങ്ങിയവർ എഴുതുന്നു....

## NEW VISION FOR A CHANGING WORLD


### Editorial Board

**Prof. Mathew Koshy**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
✆/Fax: 0473-314068 E-mail: kosh @ md3.vsnl.net.in.

**Rev. Prof. K. C. Mathew**
Manager & Publisher, New Vision,
Manganam, Kottayam- 686 018
✆ 0481-578841. E-mail: mandiram@md4.vsnl.net.in.

**Rev. A. C. Oommen, Kaviyoor**
✆ 0473-620187

**Rev. Dr. A. T. Abraham, Muvattupuzha**
✆ 0485-835120

**Rev. Dr. K. V. Mathew, Kottayam**
✆ 0481-573795

**Mr. M. Kurian, Manganam**
✆ 0481-578599

**Mr. Mathew P. Idicula, Chicago**
✆/Fax: 630-986 - 1195

**Prof. Zachariah Mathew, Kottayam**
✆ 0481-566135

### Advisory Board

Rt. Rev. T. B. Benjamin, Kottayam • Rt Rev. K. Michael John, Canada• Rt. Rev. Dr. Isaac Mar Philexinos, New Delhi• Rt. Rev. Geevarughese Mar Osthathiose, Parumala• Rt. Rev. Dr. Thomas Mar Athanasius, Kandanadu• Rev. Dr. E. C. John, Bangalore• Rev. Fr. Dr. K. M. George, Kottayam• Rev. Kurian Thomas, Mallappally• Rev. Thomas K. Oommen, Chengannoor• Rev. Fr. A. P. George, Mulamthuruthy• Rev. Prof. Mathew Daniel, Kozhencherry• Rev. Shajan Idiculla, Kanjikuzhy• Prof. Dr. K. M. Tharakan, Tiruvalla• Prof. Philip N. Thomas, Tiruvalla• Prof. Mammen Varkey, Mavelikara• Mr. C. John Mathai, Chengalam• Mr. M. M. Yobel, Kottayam• Mr. Paul Manalil, Kottayam• Ms. Sara K. A. Mathew, Ernakulam• Mr. Sunil George Kurian, Trivandrum• Adv. K. I. Ninan, Aymanam• Ms. Accamma Paul, Mavelikara• Mr. J. T. Wattachanackal, Chicago• Dr. George Mathew Nalumnakkal, Nagpur• Prof. T. K. Thomas, Bangalore.

### Editorial Assistant

Mr. Noji P. Mathew, Mumbai

### Representative in Pathanamthitta Dt.

Mr. Binsu Philip, Puthukkulam.

### Representative in Madras region

Mr. C. J. Rajan, 25 Razak Gardens, 8-Cross Street,
Arumbakkam, Chennai - 106

### Co-ordinators in USA

Mr. John K. Mathew, Texas
Mr. Koshy George, New York
Dr. George Joseph, Chicago
Mr. Varghese K. David, New Jersey
Dr. Koshy Itty Eipe, Philadelphia
Dr. Thomas Koshy, Boston


### Contact address in USA & Canada


New Vision, 16 W, 684- 89th Place,
Hinsadale, IL, 60521 USA
✆/Fax 630 986 1195


## ന്യൂ വിഷൻ ഫോർ എ ചേഞ്ചിങ് വേൾഡ്

### For the kind attention of our readers

- Matter for publication shall be sent to:
  **The Chief Editor,**
  NEW VISION,
  Punnackad, Kozhencherry-689 652
  ✆/Fax: 0473-314068
  E-mail: kosh@md3.vsnl.net.in
- All correspondence shall be addressed to:
  **The Manager,**
  NEW VISION,
  Manganam, Kottayam-686 018
  ✆ 0481-578841
  E-mail: mandiram@md4.vsnl.net.in
- All remittance shall be made to the Manager, in the above address.
- Change of address, if any, shall be intimated to the Manager, at the earliest.

### ലേഖകരുടെ ശ്രദ്ധയ്ക്ക്

നീണ്ട ലേഖനങ്ങൾ പ്രസിദ്ധീകരിക്കുവാനുള്ള ബുദ്ധിമുട്ടു ദയവായി മനസ്സിലാക്കി, രണ്ടുപേജിൽ കവിയാത്ത ലേഖനങ്ങൾ മാത്രമേ പ്രസിദ്ധീകരണത്തിനായി അയച്ചുതരാവൂ എന്നപേക്ഷ. നിങ്ങളുടെ പ്രതികരണങ്ങൾ, ലേഖനങ്ങൾ തുടങ്ങിയവ ചീഫ് എഡിറ്റർക്ക് അയയ്ക്കുക.

ബഹുമാന്യവായനക്കാരുടെ മേൽവിലാസത്തിൽ വരുന്ന മാറ്റങ്ങൾ ദയവായി മാനേജർ, ന്യൂവിഷൻ, മാങ്ങാനം, കോട്ടയം-686 018 എന്ന വിലാസത്തിൽ അറിയിക്കുക.

NEW VISION FOR A CHANGING WORLD is a bimonthly publication of an informal ecumenical fellowship having concern about the mission and ministry of the Church. It will be a forum for exchange of views and interaction-a source of fresh thinking and inspiration for enlightened action. All the readers of this periodical are its members. It is run by the voluntary contributions of its members. Hence we welcome your new ideas as well as your generous donations.


**Page Layout**

Learners' Kottayam, ✆ 0481-567438

NEW VISION
FOR A CHANGING WORLD Vol. 1 Issue 5 Dec. 2000 – Jan. 2001

**ഗസ്റ്റ് എഡിറ്റോറിയൽ**

## ബഹുജനപ്രക്ഷോഭം അനിവാര്യം

സാധുജനങ്ങളെ വിഷമദ്യം കുടിപ്പിച്ച് പണം വാരിക്കൂട്ടിയവരുടെയെല്ലാം സമ്പാദ്യത്തിൽ പാപക്കറയുണ്ട്. നിരവധി കുടുംബങ്ങളെ വഴിയാധാരമാക്കിയ പണമാണത്. സാധുക്കളുടെ കണ്ണീരിൽ കുതിർന്ന, പാപപങ്കിലമായ ഈ പണം സംഭാവനയായി ആരു തന്നെ സ്വീകരിച്ചാലും അവർ പാപത്തിനു കൂട്ടു നില്ക്കുകയാണു ചെയ്യുന്നത്. ദൈവത്തിന്റെ കോടതിയിലും ജനകീയ കോടതിയിലും അവർ ശിക്ഷാർഹർ തന്നെ, സംശയമില്ല. കാരണം, അനീതിയുള്ള മാമോനെ സ്നേഹിക്കുന്നവരാണവർ.

മദ്യലോബി രാഷ്ട്രീയപാർട്ടികൾക്കെല്ലാം ഗണ്യമായ തുക സംഭാവനയായി നല്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു കണ്ണുമടച്ച് കൃത്യമായി മാസപ്പടി കൊടുക്കുന്നു. അങ്ങനെ, വ്യാജമദ്യം വിറ്റു പാവപ്പെട്ടവരുടെ സ്വൈരജീവിതം തകർക്കാനുള്ള ലൈസൻസ് കരസ്ഥമാക്കുകയും ചെയ്യുന്നു. മദ്യകരാറുകാരുടെ സംഭാവനത്തുക വേണ്ടായെന്നു തീരുമാനിക്കാൻ നമ്മുടെ രാഷ്ട്രീയപാർട്ടികൾക്കു ധൈര്യം പോരാ. അബ്കാരി കണ്ട്രാക്ടർമാരിൽ നിന്ന് അച്ചാരം വാങ്ങി കൊള്ളലാഭം കൊയ്യാൻ അവർക്ക് അനുകൂല സാഹചര്യമൊരുക്കുന്ന രാഷ്ട്രീയക്കാരെ നിലയ്ക്കു നിറുത്താൻ ജനങ്ങൾ തയാറാകണം. ഈ രാഷ്ട്രീയക്കാരിലെ സുതാര്യവ്യക്തികളെ തിരിച്ചറിയാനും, വോട്ടവകാശം ബുദ്ധിപൂർവം വിനിയോഗിക്കാനും നമ്മുടെ ജനങ്ങൾക്കു സാധിക്കണം.

ക്രിസ്തീയ സംരംഭങ്ങൾക്കു വേണ്ടി മദ്യരാജാക്കന്മാരുടെ പണം കൈപ്പറ്റരുത്. പള്ളി പണിയാനോ, കുരിശിൻതൊട്ടി പുതുക്കിപ്പണിയാനോ പാപക്കറയുള്ള പണം നാം എന്തിനു സ്വീകരിക്കണം? പാവപ്പെട്ട സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യപാനവും ആത്മഹത്യയും സഭ ഗൗരവമായി കാണുകയും ബോധവല്ക്കരണ പരിപാടികൾ അടിയന്തരമായി ആസൂത്രണം ചെയ്യുകയും ചെയ്യേണ്ടിയിരിക്കുന്നു. ഏതെങ്കിലും നക്ഷത്രഹോട്ടലുകളിൽ വിഷമദ്യം കഴിച്ച് ആരും തന്നെ മരിച്ചിട്ടില്ലെന്ന കാര്യം ഓർമിക്കണം.

മദ്യമാഫിയയ്ക്കും അവയുടെ പണം പറ്റുന്നവർക്കുമെതിരെ ബഹുജനപ്രക്ഷോഭം സംഘടിപ്പിക്കണം. ക്രിസ്തീയ സുവിശേഷയജ്ഞം തന്നെയാണത്. പാപത്തിനെതിരെയുള്ള എല്ലാ പോരാട്ടങ്ങളും സുവിശേഷവേല തന്നെ.

**ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്**
(ഓർത്തഡോക്സ് സഭയുടെ
നിരണം ഭദ്രാസന മെത്രാപ്പോലീത്ത)

# ഉള്ളടക്കം

**THEOLOGY** 2
ക്രിസ്മസ്: സ്നേഹത്തിന്റെ പെരുനാൾ
ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത
FROM PSYCHOLOGY TO SPIRITUALITY
**Rev. Dr. Valson Thampu**
നമ്മിൽ പലരും വായിച്ചിട്ടില്ലാത്ത ഒരു ഗോസ്പൽ-ക്രിസ്മസ്
ബിഷപ്പ് ഡോ. സാമുവൽ അമൃതം
TO BE SPIRITUAL IS TO BE POLITICAL
**Rev. Dr. M. P. Joseph**

**SHORT STORY** 9
പ്രശ്നക്കാരനും കുറെ പ്രശ്നങ്ങളും
ഫാദർജി

**CURRENT AFFAIRS** 10
ആരും ഇങ്ങനെ ചിരിക്കരുത്
ഡോ. ഡി. ബഞ്ചമിൻ
മഹാജൂബിലി സാമ്പത്തികം
ഡോ. അന്നമ്മ ജോർജ്

**ECOLOGY** 12
ഞാൻ നിരുപദ്രവി
പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട്

**PSYCHOLOGY** 13
വിഷാദത്തിൽ നിന്ന് വിജയത്തിലേക്ക്
ജോർജ് ബഹനാൻ

**DEBATE** 15
കത്തോലിക്കാ മേധാവിത്തം
ഫാ. ഡോ. മാത്യു വൈദ്യൻ
ജോസഫ് പുലിക്കുന്നേൽ
ഫാ. ഡോ. ഒ. തോമസ്
ഡോ. ജേക്കബ് ചെറിയാൻ
റവ. എ. സി. ഉമ്മൻ

**RANDOM THOUGHTS** 19
ഉൾക്കാഴ്ച
ഡോ. സി. ജെ. റോയ്

**ETHICS** 20
ആരെ ഭയപ്പെടണം?
അൽഫോൻസ് കണ്ണന്താനം
ന്യൂക്ലിയർ വിപത്ത്
റവ. കുര്യൻ തോമസ്

**CHURCH AFFAIRS** 22
നമ്മൾ ക്രിസ്ത്യാനികൾ തല മറന്ന് എണ്ണ തേക്കുന്നവർ
പോൾ മണലിൽ



# ക്രിസ്മസ്: സ്നേഹത്തിന്റെ പെരുനാൾ

ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത

**ദൈവം മനുഷ്യനായി അവതരിച്ചതിന്റെ സ്മരണയാണ് ക്രിസ്മസ്. ഈ സംഭവത്തിൽ അടങ്ങിയിരിക്കുന്ന ദൈവികസ്നേഹത്തിന്റെ ആഴവും വ്യാപ്തിയും വിസ്മരിച്ചുകൊണ്ടാണ് ലോകമെമ്പാടും ഇതിന്റെ ആഘോഷം പൊടിപൊടിക്കുന്നത്.**

ദൈവം മനുഷ്യനായി അവതരിച്ചതിന്റെ സ്മരണയാണ് ക്രിസ്മസ്. ഈ സംഭവത്തിൽ അടങ്ങിയിരിക്കുന്ന ദൈവികസ്നേഹത്തിന്റെ ആഴവും വ്യാപ്തിയും വിസ്മരിച്ചുകൊണ്ടാണ് ലോകമെമ്പാടും ഇതിന്റെ ആഘോഷം പൊടിപൊടിക്കുന്നത്. നമ്മുടെ ജീവിതശൈലിയിലും മനോഭാവത്തിലും സ്ഥായിയായ ഒരു പരിവർത്തനവും സൃഷ്ടിക്കാതെ അതങ്ങു കടന്നുപോകും. അല്ലായിരുന്നെങ്കിൽ, സ്വാർത്ഥതയും വിദ്വേഷവും പകയും നിറഞ്ഞ ലോകത്തിൽ സ്നേഹത്തിന്റെ സന്ദേശം ഉൾക്കൊള്ളുവാനും അതു പ്രതിഫലിപ്പിക്കുവാനും ക്രൈസ്തവസഭകൾക്ക് സാധിക്കുമായിരുന്നു. ഒരു മതേതര സമൂഹത്തിൽ സംഭവിക്കുന്നതിലധികം വഴക്കും വക്കാണവും കയ്യേറ്റവും സഭയിൽ ഇന്നു കാണുമ്പോൾ, സഭ ക്രിസ്തുവിന്റെ ജനനപ്പെരുനാളിനെ ഏതു നിലയിലാണ് കാണുന്നതെന്ന ചോദ്യം ഉയരുന്നു.

സ്നേഹം ക്രിസ്തീയ കാഴ്ചപ്പാടിൽ വെറുമൊരു വൈകാരികഭാവമായി പരിമിതപ്പെടുത്താവുന്നതല്ല. എന്തിനോടെങ്കിലുമുള്ള മമതയും അടുപ്പവും മാത്രമല്ല അത്. സ്നേഹത്തിന്റെ സ്ഥായീഭാവം ആത്മപരിത്യാഗമാണ്. മറ്റുള്ളവർക്കുവേണ്ടി എന്തും സഹിക്കുവാനും ത്യജിക്കുവാനുമുള്ള സന്നദ്ധതയും സമീപനവുമാണത്. അതുകൊണ്ടാണ് മനുഷ്യസ്നേഹത്തിന്റെ പാരമ്യതയായി ക്രിസ്തുവിന്റെ ക്രൂശേറ്റത്തെ വിലയിരുത്തുന്നത്. എന്നാൽ മൗലികമായ അർത്ഥത്തിൽ, കുരിശിലല്ല ക്രിസ്തുവിന്റെ ജനനത്തിലാണ് പരിത്യാഗത്തിന്റെ തീവ്രത ദർശിക്കുന്നത്. ദൈവികാവസ്ഥയും അതിലെ മഹത്വീകരണവും നിഷേധിച്ചുകൊണ്ട് സൃഷ്ടിയുമായി ദൈവത്തിന്റെ പരിപൂർണമായ ഐക്യദാർഢ്യമാണ് ജഡധാരണത്തിൽ വെളിപ്പെട്ടത്. ഈ സ്വയംനിഷേധവും ഇതരമായതിനോട് ഏകപ്പെടുന്നതിൽ അന്തർഭവിച്ചിരിക്കുന്ന പരിത്യാഗവും സൃഷ്ടിയോടുള്ള ദൈവസ്നേഹത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ ഗ്രഹിക്കാനാവൂ. ഈ സ്നേഹമാണ് അനേകരെ സ്വന്തം സുഖസൗകര്യങ്ങൾ നിഷേധിച്ച് അപരിഷ്കൃത ജനസമൂഹങ്ങളോടും അശരണരായ രോഗാർത്തരോടുമൊപ്പം ജീവിച്ച് അവരിൽ സ്നേഹം പകരുവാൻ പ്രേരിപ്പിച്ചതും ശക്തീകരിച്ചതും. *ആൽബർട്ട് ഷൈറ്റ്സറും ഫാദർ ഡാമിയനും മദർ തെരേസയുമെല്ലാം സ്വന്തം ജീവിതം പരിത്യക്തരുമായി പങ്കിട്ട് അവരുടെ നന്മയ്ക്കുവേണ്ടി സമർപ്പിച്ചപ്പോൾ യേശുവിന്റെ സ്നേഹത്തിന്റെ പ്രവർത്തനഭാവമാണ് പ്രകടമായത്.*

ദൈവം മനുഷ്യനായപ്പോൾ സ്വീകരിച്ചത് ദൈവത്തിനുവേണ്ടിയുള്ള പ്രത്യേക മനുഷ്യത്തമായിരുന്നില്ല. ബലഹീനവും പാപവിധേയവുമായ തനി മനുഷ്യത്തവുമായാണ് ദൈവപുത്രന്റെ സമന്വയം. അതുകൊണ്ടാണ് യോഹന്നാൻ, വചനം ജഡമായിത്തീർന്നെന്നു പറയുന്നത്. ജഡമെന്നത് മനുഷ്യത്തത്തിന്റെ ദൗർബല്യങ്ങളും ചാപല്യങ്ങളും പരിമിതികളും വ്യക്തമാക്കുന്ന പദപ്രയോഗമാണ്. ദൈവപുത്രൻ മനുഷ്യനായപ്പോൾ സൃഷ്ടിയുടെ പരിമിതീകരണം മാത്രമല്ല അതിന്റെ ദുർബലതയും വൈകല്യങ്ങളും കൂടി സ്വായത്തമാക്കുകയായിരുന്നു. ജഡധാരണത്തിൽ ദൈവപുത്രൻ മനുഷ്യനുമായി തികഞ്ഞ ഐക്യദാർഢ്യമാണ് പ്രാപിച്ചത്. ദൈവമെന്ന നിലയിൽ പുറമെ നിന്നുള്ള വീണ്ടെടുപ്പായിരുന്നില്ല ദൈവികപദ്ധതി. സൃഷ്ടിക്കുവേണ്ടി സൃഷ്ടിയോടൊപ്പമായിത്തീർന്നാണ് വീണ്ടെടുപ്പു നടന്നത്.

എന്നാൽ ഈ ഏകാത്മപ്പെടലിൽ മറ്റൊന്നുകൂടി സംഭവിക്കുന്നുണ്ട്. തന്റെ ദൈവികമഹത്വം നിലനിറുത്തിക്കൊണ്ടല്ല മനുഷ്യാവതാരം ചെയ്തത്, അതു കൈവിട്ടു കൊണ്ടാണ്. അതുകൊണ്ടാണ് ദൈവം ജഡമെടുത്തുവെന്ന് പറയാതെ, വചനം ജഡമായെന്നുതന്നെ രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ ദൈവം ബലഹീനമനുഷ്യനായി പരിമിതപ്പെടുകയാണ്. സർവശക്തനും സർവജ്ഞാനിയുമായ ദൈവപുത്രൻ ഭൂമിയിൽ പിറക്കുന്ന ഏതൊരു ശിശുവിനെയും പോലെ ആശ്രയത്വത്തിലാണ് വളർന്നു വന്നത്. ജ്ഞാനത്തിലും ദൈവികകൃപയിലും വളർച്ചയുണ്ടായി. തന്റെ ഇഹലോകനിയോഗത്തെക്കുറിച്ച് യേശു തന്റെ ജീവിതഘട്ടങ്ങൾ പിന്നിട്ടപ്പോൾ ദൈവികബന്ധത്തിൽ വ്യക്തത ആർജ്ജിക്കുകയായിരുന്നു.

ഇതുവഴി മനുഷ്യജീവിതത്തിലുള്ള പങ്കാളിത്തമാണ് ക്രിസ്തു തെരഞ്ഞെടുത്തത്. ജീർണമായിത്തീർന്ന മനുഷ്യത്തത്തിൽ ഭാഗഭാക്കായിത്തീർന്നാണ് മനുഷ്യവർഗത്തിന്റെ വീണ്ടെടുപ്പ് സാധ്യമാക്കിയത്. ഈ പങ്കാളിത്തമാകട്ടെ സ്വന്തം സ്വത്വം നിഷേധിച്ചുകൊണ്ടുമാണ്. ഇവിടെയാണ് സ്നേഹത്തിന്റെയും സഹനത്തിന്റെയും തീവ്രമായ ഭാവം ദർശിക്കുന്നത്. തന്റെ സ്വരൂപവും പ്രതിച്ഛായയും മനുഷ്യനിൽ തേടുന്ന ദൈവത്തെയാണ് ക്രിസ്തുവിന്റെ ജനനത്തിൽ കണ്ടെത്തുന്നത്. അതുകൊണ്ട് മനുഷ്യസൃഷ്ടിയോടുള്ള ദൈവസ്നേഹത്തിന്റെ പാരമ്യതയാണ് ക്രിസ്തുവിന്റെ ജഡധാരണത്തിൽ വ്യക്തമാകുന്നത്. ഇത് ദൈവത്തിന്റെ ഔദാര്യമല്ല. സൃഷ്ടിയിൽ സ്രഷ്ടാവിന്റെ നിത്യത പ്രാപിക്കലിലൂടെ മനുഷ്യന്റെ യഥാർത്ഥ സ്വരൂപം വെളിപ്പെടുത്തി സൃഷ്ടിക്ക് ദൈവത്വം നൽകുകയായിരുന്നു. ഇത്, സ്വയം അപകടപ്പെടുത്തുന്ന സ്നേഹമാണ്. ക്രിസ്തു നടത്തുന്ന ഉപ്പിന്റെ പരാമർശം ഇതു വിശദമാക്കുന്നു. *ഉപ്പ് ഭക്ഷണത്തിൽ ലയിക്കുന്നത് അതിന്റെ ഗുണം ഭക്ഷണത്തിൽ ചേർത്തുകൊണ്ടാണ്. ഭക്ഷണം രുചികരമാക്കാൻ അത് സ്വയം ഇല്ലാതായിത്തീരുന്നു. സ്വത്വ നിഷേധത്തിലൂടെയാണ് ഉപ്പ് അതിന്റെ ജീവിതധർമം നിറവേറ്റുന്നത്. മനുഷ്യാവതാരത്തിൽ ദൈവം തന്റെ സ്വത്വത്തിൽ മരിച്ച് മനുഷ്യനിൽ പുതിയ ആളത്തം പ്രാപിക്കുകയായിരുന്നു.*

നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ നമ്മുടെ തനതായ സ്വത്വം പുനഃസ്ഥാപിക്കുന്നതിനാണ് നാം താത്പര്യം എടുക്കുന്നതെങ്കിൽ നമ്മിൽ മനുഷ്യാവതാരത്തിന്റെ പുനഃസൃഷ്ടി നടക്കുകയില്ല; നമ്മുടെ ക്രിസ്മസ് ആചരണം ഫലവത്താകുകയില്ല. സഭയുടെ ഘടനയും, താത്പര്യങ്ങളും, അധികാരാവകാശങ്ങളും നിലനിർത്താനുള്ള വ്യഗ്രതയിൽ ക്രിസ്തീയ സ്നേഹം പ്രകടിപ്പിക്കുവാൻ നാം മറക്കുകയാണ്. ഓരോ വർഷവും ക്രിസ്മസ് ആഘോഷിക്കുമ്പോൾ

# FROM PSYCHOLOGY TO SPIRITUALITY

Rev. Dr. Valson Thampu, Delhi

**The main difference between God and us is that God is subjective towards the whole of creation. God loves unconditionally and is eager to forgive us and to restore us to Himself. We are very subjective about ourselves, but very often fiercely and cruelly objective about others.**

"Do not resist an evil person. If some one strikes you on the right cheek, turn to him the other also. And if someone wants to sue you and take your tunic, let him have your cloak as well." -St. Mathew 5 : 39-40

There was a high-level consultation that I was invited to attend some months ago. It was convened in the wake of the increased attacks on Christian workers and worship places in various parts of India. Speaker after speaker maintained that the "doctrine of the other cheek" was no longer relevant and that it could not work in handling Hindu fundamentalists and fanatics. They were right to the extent that such teachings seem contrary, in an immediate sense, to the dynamics of human nature and the way of the world.

But the teachings of Jesus are hardly meant to be taken literally. They are the flashes that illumine a spiritual culture within which options that otherwise seem utopian become feasible and fruitful. The business of spirituality is to help us to rise above the pulls and passions of unredeemed human nature. That which irritates us in a person we happen to dislike will be endured, even enjoyed, in others we happen to love. This makes our reactions arbitrary and subjective.

The function of spirituality is to rescue our actions and reactions, especially reactions, from the sphere of narrow subjectivity, and the arbitrariness that goes with it, and to base them on the discipline of objectivity and consistency. From a spiritual perspective, while actions are important, reactions are even more crucial. While we can weigh the pros and cons of our actions, we tend to be impulsive and involuntary in our reactions. That is the case, particularly in situations of provocation, hurt or humiliation.

It may be helpful to make a distinction between 'subjectivity' and 'subjectiveness'. By subjectiveness, I mean the state of having a subjective layer of thought and action. By subjectivity I mean a particular disposition vis-a-vis subjective-ness. Love should be valid not only vis-a-vis the self, but also in respect of the whole of creation. Indeed the fact that one craves for love and knows it to be basic to one's existence, should be proof enough that everyone else needs it too. But that is not the way it works with us. The more we love ourselves and get obsessed with our right to be loved, the more we tend to be insensitive to the need others have, to be loved and valued. The same is true of justice and all other values we know and cherish.

To understand the wisdom of spirituality, therefore, the subjectivity-subjectiveness dynamics in human nature needs to be reckoned with. Subjectiveness is the womb and subjectivity the tomb of human sentiments. What is born in the former could be buried in the latter. Love to be wholesome must find the harmony between the love for the self and the love for the neighbour, with all the responses and responsibilities that must go with it. Perhaps it is like the water that turned into wine at the wedding feast in Cana of Galilee. When the servants, at the instruction of Jesus, drew the water from the stone jars, it was water still. But by the time that water reached the master of the ceremony, it had turned into wine. This is a profound parable on the social

---

ദൈവപുത്രന്റെ സ്നേഹത്തെ പ്രതിയുള്ള ആത്മനിഷേധമാണ് നാം സ്മരിക്കേണ്ടതും പ്രതിഫലിപ്പിക്കേണ്ടതും. നമ്മുടെ ജീവിതചുറ്റുപാടുകളിൽ അതു സാർത്ഥകമാക്കണമെങ്കിൽ സഭാഘടന നിലനിറുത്തുവാനുള്ള വ്യഗ്രതയിൽനിന്ന് വിമോചനം പ്രാപിച്ച് ദൈവികസ്നേഹം വെളിപ്പെടുത്തുന്ന ചാലകസമൂഹമായി സ്വയംനിഷേധത്തിന്റെ പാതയിൽ നീങ്ങാൻ നമുക്കു സാധിക്കണം. സഭകൾ തമ്മിലും ഇതര സമൂഹങ്ങൾ തമ്മിലുമെല്ലാമുള്ള ബന്ധത്തിൽ അനുകൂലമായ മാറ്റം സംഭവിക്കണമെങ്കിൽ സ്നേഹവും, അതോടൊപ്പം താത്പര്യങ്ങൾ കൈവെടിയാനുള്ള സന്നദ്ധതയുമാണ് വേണ്ടത്. ലോകത്തെ വീണ്ടെടുക്കാൻ ദൈവത്തിനു സാധിച്ചത്, സ്വയം നിഷേധിച്ചുകൊണ്ട് മനുഷ്യനുമായി ഐക്യദാർഢ്യപ്പെട്ടതുകൊണ്ടുമാത്രമാണ്. സഭയും ഇടവകകളും അതിന്റെ ഘടനാപരമായ രൂപവും പൗരോഹിത്യ അധികാരശ്രേണിയുടെ കേന്ദ്രീകരണത്തിനുള്ള ആവേശവും മയപ്പെടുത്താതെ ഐക്യം സാധ്യമാകയില്ലെന്നു മനസ്സിലാക്കണം. അതോടൊപ്പം ഈ ഐക്യം ദൃഢപ്പെടുത്താൻ സ്വന്തം അസ്തിത്വം അപകടപ്പെടുത്തുവാൻ തക്ക യാഗാത്മക സ്നേഹം ശക്തമാക്കുകയും വേണം.

ക്രിസ്തു തന്റെ സൃഷ്ടിയെപ്രതി സ്വത്വം വെടിഞ്ഞു മനുഷ്യനായെങ്കിൽ നമുക്ക് അവന്റെ ജനനപ്പെരുനാളിൽ വ്യക്തി-ഇടവക-സഭാതലങ്ങളിലുള്ള അസ്തിത്വഭാവങ്ങളിൽ നിന്നും ഘടനകളിൽനിന്നും വിമുക്തമായി ലോകത്തിൽ വീണ്ടെടുപ്പും ഐക്യവും ആവശ്യമായ ഏതു സൃഷ്ടിയുമായി ഏകാത്മപ്പെടുവാനുള്ള ദൈവസ്നേഹം പ്രതിഫലിപ്പിക്കുവാൻ സാധിക്കണം. യേശുക്രിസ്തുവിന്റെ പ്രബോധനത്തിന്റെ സത്ത ദൈവരാജ്യമായിരുന്നു-നീതിയും സ്നേഹവും പങ്കുവയ്ക്കലും ഉള്ളതായ സമൂഹം. ക്രിസ്തുവിനെ ലോകം അംഗീകരിക്കുന്നത് ദൈവരാജ്യസ്ഥാപനം വഴിയാണ്. അതു നേടുന്നതിനുള്ള വലിയ ഉത്തരവാദിത്തവും ബാധ്യതയും ഉണ്ടായിരിക്കെ കേവലം ബാലിശമായ കാരണങ്ങൾകൊണ്ട് സങ്കുചിത ചിന്താഗതിക്ക് അടിമപ്പെട്ട് സ്വന്തം താത്പര്യങ്ങളുടെ സംരക്ഷണത്തിന് സഭകൾ മുൻതൂക്കം കൊടുക്കുകയും അക്രമത്തിനുപോലും മുതിരുകയും ചെയ്യുമ്പോൾ ദൈവപുത്രന്റെ മർത്തീകരണത്തിന്റെ പ്രസക്തി നഷ്ടപ്പെടുന്നു, ക്രിസ്മസ് ആഘോഷം നിരർത്ഥകമായിത്തീരുന്നു. സ്വയം ശൂന്യവല്കരണ മനോഭാവത്തോടെ വ്യക്തികളും സമുദായങ്ങളും മതങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള സംഘർഷവും ശത്രുതയും കുറയ്ക്കുന്നതിനുള്ള ധീരചുവടുവയ്പായി ഓരോ തിരുപ്പിറവിയാഘോഷവും പരിണമിക്കേണ്ടതുണ്ട്. ●

dynamics of human values. The water in the stone jar has a need to undertake the pilgrimage towards those in need so that it may express its latent potential fully, even miraculously. The spiritual task is to factor this potential into the processes and possibilities of life.

But such spiritual wisdom is not native to the human ego. The self is more apt to seeing such self-denying journeys as a loss rather than a gain. How can "a grain of wheat" know and believe that it is profitable "to fall down and die"? What is the guarantee that it would become a plant or yield a harvest? Why should the grain of wheat be happy about the harvest when it is not going to benefit by it in an individualistic sense? The harvest is its sacrificial gift to what is beyond itself. At the same time, what is the other alternative available to the grain of wheat? To hold on to itself and to remain utterly and fruitlessly alone? Is this better than the former option? Especially given the grim logic of life: he who tries to save his life will lose it, and he who loses his life for Christ's sake will find it?

The spiritual task is not to discount, but to redeem and spiritually empower the resources of human subjectiveness. Loving one's neighbour need not amount to despising the self. Human subjectiveness is to be redeemed by discovering the continuity of the self and the neighbour. God is the most sublime and necessary embodiment of "otherness as continuity" in respect of the human. That is because we are created in the image and likeness of God. Our subjectiveness is a reflection of God's subjectiveness. But there is a crucial and profound difference between these two categories of subjectiveness. God's subjectiveness is all-inclusive. It is this cosmic subjectiveness that confronts us with the demand of objectivity : the demand that we balance our self-interests with those of our fellow human beings. The whole of creation, especially the humankind, abides and coheres in God's subjectiveness. God is the Sublime Other. But in respect of us, God is at the same time the "ground of our being." As the Psalmist recognizes we cannot flee from God because we are situated within the divine subjectiveness. We "live and move and have our being" in God.

**The story of Zacchaeus fascinates us because it demonstrates the miracle of human regeneration. The moral dwarf becomes a spiritual giant!**

It is because God is Sublime Subjectiveness that He can be subjective towards us, and still remain unaffected by the aberrations of subjectivity. The practical outcome of this subjectiveness is God's unending love, mercy and compassion towards us. The main difference between God and us is that God is subjective towards the whole of creation. That is why Jesus came to "seek and save that which is lost". We are subjective only towards ourselves and what belongs to us. We seek tirelessly to recover what we have lost and are indifferent to the losses that others suffer. In fact, we may not mind inflicting losses on others in the process of recovering what we lose. God loves unconditionally and is eager to forgive us and to restore us to Himself. But we can love only ourselves unconditionally and find it difficult when it comes to forgiving others. We are very subjective about ourselves, but very often fiercely and cruelly objective about others.

Jesus recognized this as a seminal spiritual problem, as is evident from the parable of the "beam and the moat". It is so very human to tolerate the beam in one's own eye and to resent the moat in the eye of another person. Double standards come so very naturally to us that we become unaware that it is at work in our lives. The focal point of Jesus' teaching in this context is the need to enlarge the scope and reach of our subjectiveness so as to bring others also into the range of its resources of love, patience, compassion, and so on. This is the secret of our fellow-feeling. What is at work in compassion is the shifting of the boundaries of our personal sensitivities so as to bring the people in need into the fold of our love and kinship. To be compassionate is to identify oneself with the predicament of other people.

**An animal, when provoked or threatened, has only two options: to flee or to fight back. Human beings, in contrast, have a third option. We have the potential to love others as we love ourselves even if this cannot happen automatically.**

But this does not come naturally to us. It can become part of our mindset only if we imbibe its underlying logic. But the problem is that this cannnot be an academic exercise. It is not a matter of learning a principle or becoming aware of an insight. Such learning does not work when it comes to the experiential aspects of our life, just as one does not swim by reading a book on the subject. Swimming becomes possible only when we learn to "abide in" water, so to speak. That involves coming to terms with, or coping with, the logic of water. Similarly, being subjective about others can come to us as a steady principle of Christian conduct only if we abide in the being of God, who is the Ultimate Subjectiveness. Subjectiveness is limitless and all-inclusive only in God. As Jesus said, God sends His rain (i.e.extends His goodness) on the good and the evil alike. Very often the distinction we make between good and evil is a matter of our self-centred subjectivity. So it happens that what is good for us in the long-term is mistaken to be evil or undesirable. So it happens that prophets are persecuted and saints crucified. The "lost son" in Jesus' parable was so keen to go to the "far country" and keep a distance between himself and his loving father, for the same reason.

Subjectiveness is the seed of human personality. Its spiritual blossoming is, therefore, of crucial importance in the human context. It is basic to the spiritual goal of "fullness of life". Human stature depends very substantially on the breadth and scope of the self. Growth, in a spiritual sense, is the stretching of the self beyond the claims of the self, towards the non-self. The self-centred remain, therefore, spiritually stunted, which was the problem with Zacchaeus before he met with Jesus of Nazareth. The story of Zacchaeus fascinates us because it

demonstrates the miracle of human regeneration. He is delivered from a narrow and predatory subjectivity and enabled to be "reborn" as a person of enlarged sympathies. The moral dwarf becomes a spiritual giant!

Against this background we can examine the goals of psychology vis-a-vis the genius of spirituality. Both aim at human welfare, in their own ways. Psychology accepts human subjectivity as it is and endeavours to do the repair work that becomes necessary from time to time. Spirituality, in contrast, aims at the transformation of self-centred subjectivity by re-establishing the lost equilibrium between the self and others.

The strategies of human nature are directed by the need to ease the pressure on the self. When a person is struck on his cheek, for instance, he experiences a marked increase in internal pressure. This increase in psychological pressure is due to the aggravated and exclusive focus on the self, caused by the aggression suffered. Hostility and aggression sharpen the edges of negative self-awareness. This hurts because of the ingrained social sense in us. The pain of the blow is not only in the face. It is felt also deep down. That calls for relief. The reaction of the affected person is aimed at mitigating this pain and the oppressive inner pressure. From a psychological perspective, the suppression of this need for emotional release as a life-strategy is unhealthy. So the Old Testament norm of the equivalence of hurt - "an eye for an eye and a tooth for a tooth"-makes good psychological sense.

An animal, when provoked or threatened, has only two options: to flee or to fight back. Human beings, in contrast, have a third option. In the animal kingdom, the scope of enlarging subjectiveness and cultivating larger sympathies is, at best, embryonic or hypothetical. Mercifully, that is not the case with humans. We have the potential to love others as we love ourselves even if this cannot happen automatically. Our subjectiveness can transcend the limits of our subjectivity. We can love even those who choose to be our enemies, and in the process demonstrate that enmity is a distortion of love and nearness. This ensures that forces of negativity and alienation do not drive our society or thrive in it. And our presence could become socially redemptive.

The spiritual option includes and goes beyond the scope of psychological relief. The decision to "turn the other cheek" impacts the identity both of the victim and the aggressor, provided it is not done in cowardice and for want of any other option. It is a refusal to be defined by the aggressor. The blow on the cheek is a sharp definition, a label that the aggressor sticks there. It is a label of worthlessness. That is why it hurts not only physically but also psychologically, calling for psychological relief. Here we have two options. We can stick a similar label on the face of the other, and call it quits. Or, we can reject the false label, and hold aloft the banner or brotherhood under which the aggressor and the victim belong together as neighbours. The higher satisfaction this offers is deeper and redemptive. It endures. Rather than burn up all the energy in one explosive blow, this makes for a sustained release of psychic and spiritual energies that facilities our growth in stature. We cannot add a cubit, said Jesus, to our height by worrying; but we can add several cubits to our stature by going beyond psychology to spirituality.

It is an insult to the greatness of our creation in the image and likeness of God to assume that we are no better than pressure-cookers that must "let off the steam" when the pressure inside increases and reaches a certain level. The spiritual culture is based on the profound discovery that we have the option, alternately, to direct this tremendous energy to purposes that are far more constructive and redemptive.

Whereas psychology is centred exclusively on the individual self, spirituality sees the human person in a triangular situation including God and the neighbour, besides oneself. Unless freed from the compulsions of the natural self, human beings can function only in terms of the need for retaliation to secure psychological relief. The spiritual vocation calls for responding to every situation within a larger vision that emanates from the God-self-neighbour triangle. God is an integrating framework for the whole of creation. The children of God are obliged to live by the culture of loving one another, even as God loves us. ●

**ഡിസ്കൗണ്ട് ഓഫർ അവസാനിക്കുന്നു**

ന്യൂ വിഷൻ 2001 ഏപ്രിൽ മുതൽ മാസം തോറും പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നു- വൈവിധ്യമാർന്ന കൂടുതൽ പംക്തികൾ ഉൾപ്പെടുത്തിക്കൊണ്ട്. ഒരു വർഷത്തേക്ക് 75 രൂപയായിരിക്കും വരിസംഖ്യ. മുൻവർഷങ്ങളിൽ കൈത്താങ്ങൽ തന്ന മാന്യവായനക്കാർ ഞങ്ങൾക്കെന്നും വിലപ്പെട്ടവർ തന്നെ. ഞങ്ങളവർക്കു നൽകുന്ന ഉപഹാരമിതാണ് - ഗണ്യമായ ഒരു സൗജന്യം. മൂന്നു വർഷത്തെ വരിസംഖ്യയായി 225 രൂപ നൽകേണ്ട സ്ഥാനത്ത് 130 രൂപ നല്കിയാൽ മതിയാകും. ഇതു വഴി നിങ്ങൾ ലാഭിക്കുന്നത് 95/- രൂ. കൂടാതെ, ഇടയ്ക്കുണ്ടാകുന്ന വില വർദ്ധന നിങ്ങളെ ബാധിക്കയില്ല. ഈ ഓഫർ ഡിസംബർ 31 വരെ മാത്രം.

ഈ മാസിക ഒരിക്കൽ വായിച്ചവർ തീർച്ചയായും അടുത്ത ലക്കം വായിക്കാതിരിക്കയില്ല. എന്താ! സംശയമുണ്ടോ? എക്യുമെനിക്കൽ രംഗത്ത് ഏറെ പ്രചാരം നേടിക്കഴിഞ്ഞ ന്യൂ വിഷന്റെ പുതിയ വരിക്കാരായി ഓരോ മാസവും ചേരുന്നവരുടെ എണ്ണം തന്നെയാണ് അതിനു തെളിവ്. അതുകൊണ്ടല്ലേ, ഞങ്ങളൊരു മികച്ച വാഗ്ദാനം നിങ്ങൾക്കു തരുന്നത്. മാസിക ഇഷ്ടപ്പെടുന്നില്ലെങ്കിൽ ഞങ്ങൾക്കെഴുതുക. ഉടൻ തന്നെ ബാക്കി പണം മടക്കിത്തരാം. ഇപ്രകാരമൊരു വാഗ്ദാനം നൽകുന്ന ഏക ക്രൈസ്തവമാസികയാണ് ന്യൂ വിഷൻ. കേരളത്തിലെ ഏറ്റവും മികച്ച ക്രൈസ്തവ പ്രസിദ്ധീകരണമെന്ന ആത്മവിശ്വാസമാണ് ഞങ്ങളെ ഇതിനു പ്രാപ്തരാക്കുന്നത്.

മടിക്കേണ്ട! ഇന്നു തന്നെ 130 രൂപ അയച്ചു തരിക. എങ്കിൽ, പുതിയ വരിക്കാർക്ക് രണ്ടു ലക്കങ്ങൾ (ഡിസംബർ-ജനുവരി, ഫെബ്രുവരി-മാർച്ച്) സൗജന്യമായി ലഭിക്കുന്നു. തുടർന്ന്, 2001 ഏപ്രിൽ മുതൽ മൂന്നു വർഷത്തേക്ക് മാസിക എല്ലാ മാസവും ലഭിക്കുന്നതാണ്.

*ഞങ്ങളുടെ ഡിസ്കൗണ്ട് ഓഫർ പ്രകാരം പണം അയയ്ക്കേണ്ട വിലാസം:*

**THE MANAGER, NEW VISION, MANGANAM, KOTTAYAM-18.**

പണം അയയ്ക്കാനുള്ള അവസാന തീയതി : **2000** ഡിസംബർ **31**



# നമ്മിൽ പലരും വായിച്ചിട്ടില്ലാത്ത ഒരു ഗോസ്പൽ - ക്രിസ്മസ്

ബിഷപ്പ് ഡോ. സാമുവൽ അമൃതം

ക്രിസ്മസ് കഥകളിൽ ഏറ്റം രസകരവും സുപരിചിതവും അത്യന്തം സുന്ദരവുമായത് ലൂക്കോസിന്റെ സുവിശേഷത്തിലാണ് കാണുന്നത്. കുട്ടികളായിരുന്നപ്പോൾ നമ്മിൽപ്പലരും അത് അഭിനയിച്ചിട്ടുണ്ടാവും. കഴിഞ്ഞ ക്രിസ്മസിന് എന്റെ കൊച്ചുമകൻ ഒരിടയനായും കൊച്ചുമകൾ ഒരു മാലാഖയായും അഭിനയിച്ചത് അവർക്കു വലിയ അഭിമാനമായിരുന്നു. നമുക്ക് അവ ചെറിയ റോളുകളായി തോന്നാം. എന്നാൽ അവരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടവയും. ഡോക്ടറും എഴുത്തുകാരനും സഭാചരിത്രകാരനുമൊക്കെയായ ലൂക്കോസ് അതുല്യമായ ചാരുതയും കാവ്യസൗന്ദര്യവും ഒത്തിണങ്ങിയ രീതിയിൽ ആ കഥ പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്നു. മാലാഖമാരുടെ സംഗീതസംഘത്തെയും, ആട്ടിടയരെയും, ബേത്‌ലഹേമിലെ ശിശുവിനെ കാണാനുള്ള അവരുടെ തത്രപ്പാടിനെയുമെല്ലാം കോർത്തിണക്കിയാണ് അതു സാധിച്ചത്.

ജോസഫിന്റെ സ്വപ്നം, കിഴക്കുദേശത്തു നിന്ന് വിദ്വാന്മാരുടെ സന്ദർശനം, ഈജിപ്തിലേക്കുള്ള പലായനം തുടങ്ങി തനിക്കു പ്രധാനമായി തോന്നിയ കാര്യങ്ങളാണ് വിശുദ്ധ മത്തായി വിവരിച്ചത്.

എന്നാൽ, ക്രിസ്മസിന്റെ കഥ എന്തുകൊണ്ടാണ് വിശുദ്ധ മർക്കോസ് പൂർണമായും വിട്ടുകളഞ്ഞതെന്ന് നാമെപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? ക്രിസ്തുവിന്റെ ദൈവരാജ്യപ്രഖ്യാപനത്തിലാണ് അദ്ദേഹം സുവിശേഷത്തിന്റെ ആരംഭം കാണുന്നത്. നമ്മുടെ രക്ഷയ്ക്ക് ക്രിസ്മസിനെക്കാൾ പ്രസക്തം യേശുക്രിസ്തുവിന്റെ ജീവിതവും ശുശ്രൂഷയും മരണവും ഉയിർത്തെഴുന്നേല്പുമാണെന്നാണ് അദ്ദേഹത്തിന്റെ ഭാവം. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുക; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അതായത്, ക്രിസ്തുസംഭവം നിങ്ങളെ ഫലം പുറപ്പെടുവിക്കാൻ നിർബന്ധിക്കുന്നു.

യേശുക്രിസ്തുവിന്റെ വ്യതിരിക്തത വെളിപ്പെടുത്താൻ ചിന്തകനായ

> ക്രിസ്മസിന്റെ കഥ എന്തുകൊണ്ടാണ് വിശുദ്ധ മർക്കോസ് പൂർണമായും വിട്ടുകളഞ്ഞതെന്ന് നാമെപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? നമ്മുടെ രക്ഷയ്ക്ക് ക്രിസ്മസിനെക്കാൾ പ്രസക്തം യേശുക്രിസ്തുവിന്റെ ജീവിതവും ശുശ്രൂഷയും മരണവും ഉയിർത്തെഴുന്നേല്പുമാണെന്നാണ് അദ്ദേഹത്തിന്റെ ഭാവം.

യോഹന്നാൻ യവനപദമായ 'വചനം' കൊണ്ടുവരുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ യേശുക്രിസ്തുവിന്റെ ജനനസംബന്ധമായ ചരിത്രവസ്തുതകൾ കല്ല, വചനം ജഡമായിത്തീർന്ന ക്രിസ്തുവിന്റെ അവതാരത്തിനാണ് പ്രാധാന്യം. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ ക്രിസ്തുവിൽ നാം ദൈവത്തെ കാണുകയും സന്ധിക്കുകയും ചെയ്യുന്നു. ക്രൂശിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: ഇതു ദൈവത്തിന്റേതാണ്, അവന്റെ പ്രകൃതമാണ്. അത് ശാശ്വതമായും അങ്ങനെ തന്നെയായിരുന്നു.

ക്രിസ്മസിന് മത്തായി നല്കുന്ന വിവരണം ആഴത്തിൽ പരിശോധിക്കുക. ഇവിടെ ക്ലാർക്ക് വില്യംസിന്റെ ഉൾക്കാഴ്ചയിൽനിന്ന് ഞാൻ പ്രചോദനമുൾക്കൊള്ളുന്നു. അതു വിസ്മയകരമാംവണ്ണം ചിന്തയുടെ പുതിയ വിശാലതകൾ എനിക്കു തുറന്നു തന്നു.

തുടക്കത്തിൽ മത്തായി യേശുക്രിസ്തുവിന്റെ വംശചരിത്രം പറയുന്നു. ക്രിസ്തുവിന്റെ പാരമ്പര്യം, ദാവീദിന്റെയും അബ്രഹാമിന്റെയും മകൻ. നാം ക്രിസ്തുവിന്റെ മുതുമുത്തച്ഛന്മാരുടെയും മുത്തശ്ശിമാരുടെയും പേരുകൾ ഹൃദിസ്ഥമാക്കണമെന്ന് വാസ്തവത്തിൽ മത്തായി ഉദ്ദേശിച്ചിട്ടുണ്ടോ, ചരിത്രക്ലാസുകളിലും ചിലപ്പോൾ സണ്ടേസ്കൂളുകളിലും നിർദ്ദേശിക്കപ്പെടാറുള്ളതു പോലെ. പലപ്പോഴും പഴയ വംശചരിത്രം ഇന്നത്തെ വ്യക്തിബന്ധങ്ങളുടെ വിവരണമായിത്തീരാറുണ്ട്. മത്തായി നല്കുന്ന ഈ വംശാവലിയിൽ അഞ്ച് ദൈവശാസ്ത്രതത്വങ്ങളെങ്കിലും അടങ്ങിയിട്ടുണ്ടെന്ന് ഞാൻ കരുതുന്നു.

1. യേശുക്രിസ്തുവിന്റെ ജനനത്തെ ദൈവം അബ്രഹാമിനും സാറായ്ക്കും നല്കിയ വാഗ്ദാനവുമായി അദ്ദേഹം ബന്ധപ്പെടുത്തുന്നു. എല്ലാ രാജ്യങ്ങൾക്കും ഭൂമിക്കും അനുഗ്രഹകരമായിത്തീരുന്ന വിത്തിനെക്കുറിച്ചുള്ള വാഗ്ദാനം തന്നെ യഹൂദരും പുറജാതികളുമുൾപ്പെടെ ലോകത്തു സകല കുടുംബങ്ങൾ ക്കും നല്കപ്പെട്ട ദൈവത്തിന്റെ കരുണാപൂർണമായ അനുഗ്രഹമാണെന്ന് മത്തായി പറയുന്നു. ക്രിസ്തുവിന്റെ വേരുകൾ, ദൈവത്തിന്റെ സുനിശ്ചിതമായ ഉദ്ദേശ്യത്തോടെ അബ്രഹാമിന്റെ ചരിത്രത്തിൽ ഒരു പ്രത്യേക കാലത്ത്, ഒരു പ്രത്യേക പാരമ്പര്യത്തിൽ, പ്രതിഷ്ഠിച്ചിരിക്കുന്നു. യേശുക്രിസ്തു ചരിത്രരാഹിത്യത്തിൽ വെറുതെ തൂങ്ങിക്കിടക്കുകയല്ല. അവൻ ക്രൂശിലൂടെ ചരിത്രത്തിന്റെ പ്രവാഹത്തിൽ വേരുറച്ച് ദൃഢമായി നില്ക്കുന്നു.

2. തമിഴ്നാട് തിയോളജിക്കൽ സെമിനാരിയിലെ ഒരു മുൻകാല സഹപ്രവർത്തകൻ വർഷങ്ങൾക്കു മുൻപ് സൂചിപ്പിച്ച ഒരു കാര്യമോർക്കുന്നു. അത് ഈ വംശാവലിയിൽ പരാമർശിച്ചിട്ടുള്ള സ്ത്രീകളെക്കുറിച്ചാണ്. സാധാരണ ഇത്തരം വംശചരിത്രങ്ങളിൽ സ്ത്രീകൾ പരാമർശിക്കപ്പെടാറില്ല. അന്നു നിലനിന്നിരുന്നത് പിതൃകേന്ദ്രിതമായ സാമൂഹികവ്യവസ്ഥയായിരുന്നു. അതുകൊണ്ടു തന്നെ സ്ത്രീകൾക്കു ശരിയായ പരിഗണന ലഭിച്ചിരുന്നില്ല. ഈ വംശാവലിയിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ വർഗവും ജാതിയും തൊഴിലും അത്യന്തം ശ്രദ്ധാർഹമാണ്. മത്തായി ധീരനായ ഒരു മനുഷ്യനായിരുന്നു-ഗർഭിണിയായ ഒരു സ്ത്രീയെ ഭാര്യയായി സ്വീകരിക്കാൻ തന്റേടം കാട്ടിയ ജോസഫിനോളം ധൈര്യമുള്ള മനുഷ്യൻ. അതുകൊണ്ടാണ് ക്രിസ്തുവിന്റെ വംശാവലിയിൽ സ്ത്രീകളുടെ പേരും ചേർത്തത്. താമാർ തന്റെ അമ്മായിയപ്പനിൽനിന്നു ഗർഭം ധരിക്കേണ്ടതിന് സൂത്രം പ്രയോഗിച്ചു. യെരീഹോവിലെ അഭിസാരികയായ രാഹാബ് യോശുവയുടെ ജനത്തെ രക്ഷിക്കാൻ സ്വയം രക്ഷ പെടാൻ അദ്ദേഹത്തെ സഹായിച്ചു. രൂത്ത് മോവാബ്യസ്ത്രീയായിരുന്നു. അവളുടെ ആൾക്കാർക്ക് അന്നു സഭയിൽ അംഗത്വം നല്കിയി

# TO BE SPIRITUAL IS TO BE POLITICAL

**Spirituality is an encounter with chaotic situations to bring justice and order. Any compromise with chaos is a denial of the source of Spirit. Spirituality offers no option for any one but leads us into the politics of the expendable by placing 'tongues of fire' on us.**

**Rev. Dr. M. P. Joseph**

In the emerging new ethos of Christianity, the term spirituality appeared to represent the composite meaning of faith and discipleship. Within the individualistic religious ideology, spirituality seems to be reduced to the realm of emotions, dreams and at times, hallucinations. On the other hand, in the market-led enterprising Christianity, spirituality is turned as a commodity with varying levels of price. However, prophetic spirituality, according to the Hebrew Bible, is the basis of radical action for social transformation. The two dimensions of prophetic spirituality are protest and empowerment. To M. M. Thomas, prophetic spirituality is the way to manage the self-consciousness in order to enhance our ability to respond to the Divine. It springs from a new understanding of the integral relation between self, God and the World and the path for the realization of a purposive history among the objective realities of the present. Spirituality is thus the primary agency in our attempt to respond to the Divine.

**From lifeless matter to celebration of life**

Biblical narratives use the term *Ruah* to denote Spirit. *Ruah* is employed with two meanings, one, the breath of God and two, the wind. We encounter both these meanings in the Genesis account of creation. 'God took some soil from the ground.......and breathed the life-giving breath and the person began to live.' The breath turned the lifeless material into Adam, a person with life and subjectivity. Or in other words, *Ruah* transforms the material into subjective personhood, lifeless condition into celebrating life, or materiality into subjectivity. Hence the primary function of spirituality is to turn the lifeless situation into life-affirming celebrations. According to evangelist Mark, this change equals a transformation of non-subjective crowd to people with subjectivity. Creation and sustenance of life and affirmation of subjectivity appeared to be the locus of spirituality, according to this text.

This meaning of *Ruah* contradicts the functions of market of the present time. In a market society all realities are converted to exchangeable things or commodities. That means subjective persons are transformed into objective commodities, as labour or prostitutes for exchange. That function is the locus of its survival principle. Market turns subjectivity into materiality. Moreover, market converts subjective people into consumers or buyers by robing their subjectivity to make decisions according to their respective needs. In market society, taste of every individual is created and managed through subjective domination. Market invades the inner core of subjectivity of each individual to establish hegemonic control over his mind and consciousness. Commodities that are produced on global scale without congnizance with the needs of consumers could be sold only when people's subjectivity and tastes are robbed off, homogenized and controlled. Loss of subjectivity, therefore, is a principle for the participation in the market paradigm. Further, market invokes a technological and mathematical rationality where subjectivity has no place. In such

---

രുന്നില്ല. എന്നാലവൾ തന്റെ അമ്മായിയെ കെട്ടിപ്പിടിച്ചുപറഞ്ഞു: നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം. നീ പോകുന്നിടത്തു ഞാനും വരും. നീ മരിക്കുന്നിടത്ത് ഞാനും മരിക്കും. ഊരിയായുടെ ഭാര്യയായിരുന്നു ബേത്ശേബ. അവളുടെ യഥാർത്ഥ ഭർത്താവിനെ കൊന്ന് ദാവീദ് അവളെ തന്റെ ഭാര്യയാക്കി. ദൈവത്തിന്റെ ദൃഷ്ടിയിൽ അതു പാപമായിരുന്നു.

3. ഇസ്രയേലിലെയും പുറജാതിയിലെയും സ്ത്രീകൾക്ക് പുരുഷന്മാരെപ്പോലെതന്നെ, ദൈവികമായ രക്ഷയുണ്ട്. ചരിത്രത്തിലൂടെയുള്ള ദൈവത്തിന്റെ ഉദ്ദേശ്യങ്ങളുടെ പൂർത്തീകരണത്തിനു പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകളെയും പങ്കാളികളായി കണ്ടുവെന്നതാണ് മത്തായിയുടെ വീക്ഷണത്തിലെ വിപ്ലവകരമായ മറ്റൊരു ഘടകം.

4. ഈ സ്ത്രീകളിൽ ചിലർ നമ്മുടെ ദൃഷ്ടിയിൽ അസന്മാർഗികളാണ്. ഈ മഹത്തായ വംശാവലിയിൽ കുപ്രസിദ്ധരായ ചില സ്ത്രീകളുടെ പേരുകൾ ഉൾപ്പെടുത്തിയതെന്തുകൊണ്ടാണെന്ന ചോദ്യം നമ്മെ ലജ്ജിപ്പിക്കാനും മതി. മത്തായിയുടെ കാഴ്ചപ്പാടനുസരിച്ച് ദൈവത്തിന്റെ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് സാന്മാർഗിക പരിമിതികളുള്ള സ്ത്രീകളും പുരുഷന്മാരും ആവശ്യമാണ്. (അന്നത്തെ ആചാരങ്ങളെ ഇന്നത്തെ ആദർശങ്ങൾ വച്ച് അളക്കുന്നതു യുക്തിപൂർവമല്ലെന്ന് ഓർക്കുക)

5. ഈ മൂന്നു പുറജാതിക്കാരായ സ്ത്രീകൾ ഇസ്രയേലിന്റെ അഭിഷിക്തനും ലോകത്തിന്റെ രക്ഷിതാവുമായ മശിഹയുടെ വംശാവലിയിലെ അച്ഛേദ്യമായ ഘടകമാണ്. പുറജാതിക്കാരിൽപ്പെട്ട വിദ്വാന്മാരും കിഴക്കുനിന്നു വന്ന് ബേത്‌ലഹേമിലെ ശിശുവിനെ നമിച്ചല്ലോ. മശിഹയെ അന്വേഷിക്കുകയും കാത്തിരിക്കുകയും ചെയ്യുന്ന സകലർക്കും യേശുക്രിസ്തു ദൈവത്തിന്റെ ആമേൻ ആകുന്നു.

ഇന്ന് പല വേദികളിലും ശുദ്ധരക്തത്തെക്കുറിച്ചുള്ള വാദങ്ങളുയരുന്നുണ്ട്. മിശ്രവിവാഹം ചോദ്യം ചെയ്യപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യുന്നു. ചില ജാതിക്കാർ മറ്റുള്ളവരെക്കാൾ ഉയർന്നവരാണെന്നു ഭാവിക്കുന്നു. ഇവിടെ ഈ പൊങ്ങച്ചങ്ങൾക്കൊന്നും നിലനില്പില്ലാതാവുകയാണ്. യേശുക്രിസ്തു വിജാതീയ മാതാപിതാക്കളുടെ മകനെന്നതിനെക്കാൾ സങ്കരജാതിക്കാരനായിരുന്നു. അവൻ ദൈവത്തിന്റെ മാരിവിൽ സമൂഹത്തിന്റെ മുൻഗാമിയാണ്. ●

*(സി.എസ്.ഐ. ദക്ഷിണ കേരള മഹായിടവകയുടെ മുൻ അധ്യക്ഷനാണ് ലേഖകൻ)*

rationality, only arithmetically countable matters.

But spirituality demands the opposite. According to UNDP reports, around 2000 people, mostly women and children die every hour due to starvation, when food production exceeds the need level. This disturbing reality occurs when a mere 20% of the global population of 6 billion people alone consume food needed for the normal life of 32 billion people. It is the design of the market. The market forces, by its organizing dynamics, create a fourth world where sections of the people are made redundant and to be dispensed with. Such expendables are not just accidents, but part of a grand design. Market reverses the functions of *Ruah* - where life is converted into material.

Spirituality is a demand to transform material into subjective life, life with identity, with name, Adam. Whenever identity is denied, life is also denied. Or more precisely, spirituality calls for radical intervention wherever life and identity are denied.

**Be Political**

The second meaning of *Ruah* is wind. This meaning is employed in two texts, one in the creation story and the second in the Book of Acts. The usage of Spirit as wind appears in Genesis as well as in the Book of Jeremiah and Psalms. According to these narratives, Creator God converted wind as a sword to break the sea and to lift the land. This symbolic articulation alludes to the theological nuance that creation is a process of bringing order in a chaotic situation. Sea or ocean is a metaphor for chaos. What it informs us is that spirituality demands an intervention in history to change the chaotic situation and to bring order. Divine order is an expression of justice and righteousness, not status quo as understood by the legal pandits. The starvation death of 2000 per hour while a small minority get sick by over-consumption points to a chaotic situation. The present paradigms of development threatens the food security of the people in the villages by converting agricultural field to cultivate exotic food such as tiger prawns, or flower to decorate the dining tables of the rich. We are also confronted with the fact that the drug trafficking "capital" that travel around the globe is double the gross national product of India. These facts disclose a disorderly situation which calls for intervention of *Ruah.* Spirituality is an encounter with chaotic situations to bring justice and order. Any compromise with chaos is a denial of the source of Spirit.

**Spirituality that negates all hierarchies**

The second usage of *Ruah* as wind is found in the Book of Acts. On the day of Pentecost, a mighty wind blew and it filled the whole house where the poor followers of Jesus were gathered or possibly hiding from the political authorities who killed their Lord. These poor followers also were hunted down, perhaps for their attempt to practise the ethics of the risen one. They were primarily Galileans, and most of them poor farmers, fisher folks and other marginalized expendables. Probably they are the ones who followed Jesus to the temple, the ones who hailed from Bethany, the house of the poor and the afflicted. Bethany is the home of the Dalit bahujan. Yet when the rush of mighty wind blew and filled the house, there appeared to them 'tongues of fire' resting on each one of them. It is important to recall that Bible is written with rich symbols and metaphors from history and tradition. 'Tongues of fire' was the royal seal of Caesar. This symbol is the root of all symbolic representation of unequal distribution of power and privileges.

But when the spirit of the Lord intervened, the poor farmers, fisher folks and women realized that God bestowed the royal position upon them. We are no more ruled by any authority except God. God has removed the differences between the ruled and the rulers. That political claim of equality is the heart of the politics of the marginalized. Spirituality is essentially political. To be apolitical is to be against the demands of *Ruah.* All the hierarchies and powers represented by the division between the rich and the poor or the ruled and the rulers, are counter forces to the spirit of God. Spirituality demands people to be part of the political claims of the marginalized subjectivity and radical change in the rules of governance. Spirituality offers no option for any one but leads us into the politics of the expendable by placing 'tongues of fire' on us. ●

*(The author is now serving on the Faculty of Tamilnadu Theological Seminary, Madura)*

## ചുമട്ടുകൂലി

സി.എസ്.ഐ. സഭയുടെ ഉദ്ഘാടനം നിർവഹിച്ച പ്രതിഭാശാലിയായ റൈറ്റ് റവ. ഡോ. സി. കെ. ജേക്കബ് തിരുമേനി ഒരിക്കൽ വിദേശപര്യടനത്തിനു പോയപ്പോൾ ഇംഗ്ലണ്ടിൽ വച്ച് ഒരു മദാമ്മയെ കണ്ടുമുട്ടി. ഭാരമുള്ള ഒരു വലിയ പെട്ടിയും വഹിച്ചുകൊണ്ട് തീവണ്ടിയിൽ കയറിപ്പറ്റാൻ അവർ പെടുന്ന ബദ്ധപ്പാട് മനസ്സിലാക്കിയ തിരുമേനി പെട്ടിയെടുത്ത് ട്രെയിനിൽ വച്ചുകൊടുത്തു. നന്ദി പറഞ്ഞുകൊണ്ട് മദാമ്മ അപ്പോൾ ചോദിച്ചു : May I know your name, please. "ജേക്കബ്, ബിഷപ്പ് ജേക്കബ്". വീണ്ടുമൊരു ചോദ്യം: Where are you from?. "ഇൻഡ്യ". ഏതാനും മാസങ്ങൾക്കുശേഷം തിരുമേനിക്ക് ഇംഗ്ലണ്ടിൽ നിന്നൊരു കത്തു കിട്ടി. ബിഷപ്പ് ജേക്കബ്, ഇൻഡ്യ എന്നായിരുന്നു മേൽവിലാസം. കവറിൽ ഇരുന്നൂറ് പവന്റെ ഒരു ചെക്ക് ഉണ്ടായിരുന്നു. തനിക്കു ലഭിച്ച ഈ 'ചുമട്ടുകൂലി' കൊണ്ട്, മഹാനായ ജേക്കബ് തിരുമേനി സ്വദേശമായ പള്ളത്തു പണിത പള്ളിയാണ് എം. സി. റോഡരികിൽ സ്ഥിതിചെയ്യുന്ന സെയ്ൻറ് ആൽബൻസ് ചർച്ച്.



കേരളത്തിലെ ആദ്യത്തെ
സൂപ്പർ സ്പെഷ്യാലിറ്റി
പ്രകൃതിചികിത്സാകേന്ദ്രം
പമ്പാനദീതീരത്ത്

ആശ്വാസ

എ.എം.എം. പ്രകൃതിചികിത്സാകേന്ദ്രം

മാരാമൺ-689 549, പത്തനംതിട്ട ജില്ല
Phone: 0473-660531
E-mail: kosh@md3.vsnl.net.in



# പ്രശ്നക്കാരനും കുറെ പ്രശ്നങ്ങളും

**ഫാദർജി**

വളരെ തിരക്കുള്ള ഒരു ബാങ്കുദ്യോഗസ്ഥനാണ് ഞാൻ. വൈകിട്ട് ഏഴുമണിക്ക് ബാങ്കിൽനിന്ന് രക്ഷപെട്ടാൽ കമ്പ്യൂട്ടർ കോഴ്സും ലൈബ്രറി സന്ദർശനവും കഴിഞ്ഞ് ഒൻപതു മണിക്കാണ് വീട്ടിലെത്തുക. രണ്ടു മാസം മുമ്പ് തുടങ്ങിയ പാർട്ട്ടൈം റിസേർച്ച് കാരണം ഒഴിവുദിവസങ്ങളിലും വീട്ടിലിരിക്കുവാൻ പറ്റാതായി. പിന്നെ കുടുംബത്തോടൊപ്പം ഒന്നൊത്തുകൂടാൻ പറ്റുന്നത് ബന്ദുദിവസങ്ങളിലാണ്.

കഴിഞ്ഞ ദിവസം ഏതോ ഒരു ചോട്ടോ പാർട്ടി ബന്ദു പ്രഖ്യാപിച്ചപ്പോൾ രാധ പറഞ്ഞു:

'ഈ ബന്ദിന് ഞാൻ ഉണ്ണ്യേട്ടനെ എങ്ങും വിടില്ല. നമുക്ക് നല്ലൊരു സദ്യയുണ്ട്. രണ്ടു കാസറ്റുമിട്ട്, വീടിനകത്തുതന്നെ കഴിയണം.'.

**വാസ്തവത്തിൽ രാഷ്ട്രീയ പാർട്ടികൾ ജനങ്ങൾക്കു ചെയ്യുന്ന ഏക സേവനം ഈ ബന്ദു പ്രഖ്യാപനമാണ്. അത്യാഗ്രഹിയും അത്യുത്സാഹിയുമായ മനുഷ്യൻ, ഇതുപോലെ വല്ല കടുംകയ്യും പ്രയോഗിച്ചാലല്ലാതെ അടങ്ങിയിരിക്കോ?**

ബന്ദിന്റെ തലേന്ന് രണ്ടല്ല നാലു കാസറ്റുമായാണ് ഞാനെത്തിയത്. രാവിലെ എഴുന്നേറ്റ് സൂപ്പർഫാസ്റ്റ് പോലെ ഓടേണ്ടതില്ലല്ലോയെന്ന ആശ്വാസത്തോടെയാണ് ഉറങ്ങാൻ കിടന്നത്.

രാവിലെ കട്ടനും കുടിച്ച് മോനെ മടിയിലിരുത്തി പത്രം വായിക്കുമ്പോൾ രാധ അടുക്കളയിൽ വലിയ തിരക്കിലായിരുന്നു. ഭർത്താവിനെ മൊത്തമായും ചില്ലറയായും കിട്ടിയതിന്റെ സന്തോഷം അവരുടെ മുഖത്തുണ്ട്. അടുക്കളയിലെ മാരത്തോൺ പണിയ്ക്കിടയിലും രാധ നൂറുകൂട്ടം കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു-ആൻറിയുടെ മകന്റെ പുതിയ റൊമാൻസ്, അയൽക്കാരി ശാരദ ഹോം സയൻസിനു ചേർന്നത്, മീൻകാരിക്ക് കുടിശിക കൊടുക്കാനുള്ളത്, വേലക്കാരി തങ്കമ്മയുടെ ഭർത്താവുമായുള്ള അടി...... ഒരു വർഷത്തെ പരദൂഷണം പലിശസഹിതം പറഞ്ഞു തീർക്കുന്നതു പോലുണ്ടായിരുന്നു.

ഉച്ചയൂണു കഴിഞ്ഞിട്ടു രാധ സംസാരം നീട്ടിപ്പിടിച്ചപ്പോൾ ഞാൻ പറഞ്ഞു:

'ദേ, ബന്ദുടനെ തീരും. കാസറ്റ് നാലാ കാത്തിരിക്കുന്നത്. എല്ലാം കഴുകിപ്പെറുക്കി വച്ച് വേഗം വാ'.

വർക്കേരിയയിൽ ഇരുന്ന് പായസം കുടിച്ചുകൊണ്ടിരിക്കുമ്പോൾ വീടിന്റെ പടിഞ്ഞാറുവശത്തുനിന്ന് ഒരപരിചിത ശബ്ദം.

'ലക്ഷണം പറയാം സാർ, ലക്ഷണം'.

മാലോകരെല്ലാം മാളത്തിലൊളിച്ചിരിക്കുന്ന ഈ ബന്ദുദിവസം ലക്ഷണവുമായി വന്നിരിക്കുന്നവൻ ആരെന്നറിയാൻ തിരിഞ്ഞുനോക്കുമ്പോൾ, തോളിൽ ഭാണ്ഡവും കയ്യിൽ തത്തക്കൂടും തലയിൽ സിങ്ങുമാരുടെ കെട്ടും നെറ്റിയിൽ കളഭക്കുറിയും ചാർത്തിയ സാക്ഷാൽ പ്രശ്നക്കാരൻ ഇതാ മുമ്പിൽ നിൽക്കുന്നു.

'സാർ, പ്രശ്നം'.

'വേണ്ട, വേണ്ട, പോ, ഇവിടൊരു പ്രശ്നവുമില്ല. വേഗം സ്ഥലം വിട്ടോ'-അയാളെ ശ്രദ്ധിക്കാതെ ഞാൻ പറഞ്ഞു.

'അല്ല സാർ, ഗുരുതരമായൊരു പ്രശ്നം ഈ വീടിനെ ചുറ്റിപ്പറ്റി നിൽക്കുന്നുണ്ട്. പ്രതിവിധി ചെയ്തില്ലെങ്കിൽ അത്യാപത്താണ്. അദ്ദേഹത്തിന്റെ പ്രവചനം വളരെ ശരിയെന്ന മട്ടിൽ തത്ത രണ്ടു പ്രാവശ്യം ചിലച്ചു.

പ്രശ്നക്കാരന്റെ ആപൽസൂചന കേട്ടുകൊണ്ടു വന്ന രാധ തെല്ലൊരാകാംക്ഷയോടെ ചോദിച്ചു:

'എന്താപത്ത്? ആരുടെ കാര്യമാ പറഞ്ഞത്?'

വീട്ടമ്മയുടെ താത്പര്യം കണ്ടപ്പോൾ അയാൾ കുറച്ചുകൂടി ഗൗരവത്തിൽ പ്രവചനം തുടർന്നു.

'വീട്ടിലെ ആൺതുണയ്ക്ക് കഷ്ടകാലം വരുന്നു. എന്തെങ്കിലും ചെയ്തില്ലെങ്കിൽ.....'

'ചെയ്തില്ലെങ്കിൽ ആകാശം ഇടിഞ്ഞു വീഴും. താനൊന്നു പോടോ. ഓരോ ശല്ല്യങ്ങള് കേറി വന്നോളും'- എനിക്കു കലി കയറി.

'ഉണ്ണ്യേട്ടാ, കാര്യമെന്താണെന്ന് അയാളു പറഞ്ഞിട്ടു പൊയ്ക്കോട്ടെ'-രാധ തെല്ലൊരസ്വസ്ഥതയോടെ പറഞ്ഞു.

'നിനക്കും തുടങ്ങിയോ സൂക്കേട്? ഞാൻ പറഞ്ഞില്ലേ ഇവിടെ ലക്ഷണമൊന്നും പറയണ്ടാന്ന്. താനിനിയും ഇവിടെ നിന്നാൽ എന്റെ സ്വഭാവം മാറും, പറഞ്ഞേക്കാം'-എത്ര പെട്ടെന്നാണ് എന്റെ മനസ്സ് കലങ്ങിമറിഞ്ഞത്.

'സാറെന്തിനാ ദേഷ്യപ്പെടുന്നത്? കുടുംബത്തിന്റെ നന്മയ്ക്കുവേണ്ടി ഞാൻ പറഞ്ഞു. ആപത്തു വരാൻ ആരാണിഷ്ടപ്പെടുന്നത്? സാറിന് ശരിക്കും വിവരക്കുറവുണ്ട്. തിരിച്ചറിവുള്ള വീട്ടമ്മ പറയുന്നതു കേൾക്കണം സാർ'.

ഷർട്ടിന്റെ കയ്യും തെറുത്തുകേറ്റി അയാളുടെ നേർക്കടുത്തുകൊണ്ട് ഞാൻ അലറി.

'എന്റെ വീട്ടിൽ ആർക്കാണ് കൂടുതൽ വിവരമെന്ന് തത്തക്കാരനാണോ തീരുമാനിക്കേണ്ടത്? മര്യാദ പറഞ്ഞാൽ തനിക്കു മനസ്സിലാവില്ല, അല്ലേ?'

രാധ ഓടിവന്ന് മുമ്പിൽ കയറി നിന്ന് തടഞ്ഞു. 'എന്റെ ഉണ്ണ്യേട്ടാ എന്താ ഇത്? അയാളെന്തെങ്കിലും പറഞ്ഞിട്ടു പൊയ്ക്കോട്ടെന്നേ. വെറുതെ വഴക്കുണ്ടാക്കുന്നതെന്തിനാ?

'അല്ലാ. അയാളു പറയണമെന്ന് നിനക്കിത്ര നിർബന്ധമെന്താ? ഞാൻ വേണ്ടെന്നു പറഞ്ഞാൽ അതങ്ങനുസരിച്ചാൽ പോരേ? നിന്റെ മനസ്സിലിരുപ്പ് പണ്ടും എനിക്കറിയാം. പോടീ അകത്ത്'-ഞാൻ പൊട്ടിത്തെറിച്ചു.

'വീടിന്റെ ഇരുപ്പുദോഷം കൊണ്ടാണ് കുടുംബകലഹം. സാറിനൊരു മഹാരോഗം പിടിപെട്ടിട്ടുണ്ട്. മഹാവ്യാധിയാണത്. ചികിത്സ കൊണ്ടൊന്നും ഫലമില്ല. രണ്ടു പേരും ഒരുമിച്ചു വാഴില്ല, വീട്ടമ്മയുടെ ദുർവിധി. എന്റെ വേളാങ്കണ്ണി മാതാവേ......!'

മുഴുവൻ പറഞ്ഞുതീരുന്നതിനുമുമ്പ് ഞാനയാളെ തള്ളിയിട്ടു ചവുട്ടി. തത്തക്കൂട് തെറിച്ചുവീണു. 'അയ്യോ എൻറീശ്വരാ' എന്നു പറഞ്ഞ് രാധ ഓടിച്ചെന്ന് അയാളെ എഴുന്നേൽക്കാൻ സഹായിച്ചു. അടുത്ത വീട്ടിലെ ആളുകളെല്ലാം മതിലിനടുത്ത് തടിച്ചുകൂടി. കാര്യമെന്താണെന്ന് പലരും വിളിച്ചു ചോദിച്ചെങ്കിലും ഞാനൊന്നും മിണ്ടാതെ പല്ലു കടിച്ചുകൊണ്ടുനിന്നു.

അയാളെഴുന്നേറ്റ് രാധയോട് ശബ്ദം താഴ്ത്തി എന്തോ സ്വകാര്യം പറഞ്ഞു. രാധ അയാളുടെ അടുത്തേക്ക് ചേർന്നു നിന്ന് ശ്രദ്ധിച്ചു കേൾക്കുകയും ചെയ്തു. അതു കണ്ടപ്പോൾ സമനില തെറ്റിയ എനിക്ക് സ്വയം നിയന്ത്രിക്കുവാനായില്ല. രാധയെ പിടിച്ച് വലിച്ചുമാറ്റി രണ്ടടി വച്ചുകൊടുത്തു.

ചുറ്റുമുള്ള ഫ്ളാറ്റുകളുടെ സിറ്റൗട്ടിൽ തടിച്ചുകൂടിനിന്ന വീട്ടുകാരെ നോക്കി



# ആരും ഇങ്ങനെ ചിരിക്കരുത്



ഡോ. ഡി. ബഞ്ചമിൻ

**വ**ളരെ പ്രസാദപൂർണമായ തെളിഞ്ഞ പുഞ്ചിരിയുമായാണ് നേതാവ് മാധ്യമങ്ങളെ അഭിമുഖീകരിച്ചത്. പുഞ്ചിരിക്കു മങ്ങലേല്ക്കാതെ നല്ല സ്ഫുടമായ മലയാളത്തിൽ നിറുത്തി നിറുത്തി പ്പറഞ്ഞു: "*പണ്ടും രാഷ്ട്രീയപ്രവർത്തകർ പണപ്പിരിവിനുവേണ്ടി മദ്യവ്യാപാരികളെയും അബ്കാരി കണ്ട്രാക്റ്റർമാരെയും സമീപിച്ചിട്ടുണ്ട്. ആകസ്മികമായ റെയ്ഡുകളിൽ നിന്നു രക്ഷപെടാൻ അവർ രാഷ്ട്രീയനേതാക്കളെയും ആ ശ്രയിക്കാറുണ്ട്. ഇതിലൊരു പുതുമയുമില്ല.*" വിഷമദ്യം കഴിച്ച് അനേകംപേർ ആശുപത്രികളെ അഭയം പ്രാപിക്കുക യും മുപ്പതിലധികം പേർ കൊല്ലപ്പെടു കയും ചെയ്ത പശ്ചാത്തലത്തിലാണ് നേതാവിന്റെ ഈ സുധീരമായ പ്രതികരണം!

ആ വാക്കുകളെക്കാൾ ഭയപ്പെടേണ്ടത് അതുച്ചരിച്ച ഭാവത്തെയും, ആ നിറഞ്ഞ പുഞ്ചിരിയേയുമാണ്. തിന്മയോടുള്ള നമ്മുടെ അനുരഞ്ജനം എല്ലാ സീമകളെയും അതിവർത്തിച്ചിരിക്കുന്നുവെന്നാണ് അതു കാണിക്കുന്നത്. മരണമോ ദുരന്തമോ കുടുംബാംഗങ്ങളുടെ പരിഭ്രാന്തിയോ സർവോപരി സംഭവത്തിന്റെ പിന്നിലെ അധാർമികതയോ നേതാവിനെ ഒട്ടും അലട്ടുന്നില്ല. ശിലാകഠിനമായിത്തീർന്ന ഈ മനസ്സുമായാണ്, നമ്മുടെ ജനനേതാക്കൾ ജനകീയ പ്രശ്നങ്ങളെ നേരിടുന്നത്. ഇതിലെന്തു പുതുമ! പരസ്യമായ രഹസ്യം മാധ്യമങ്ങൾ കൊട്ടിഘോഷിക്കുന്നെന്നല്ലേയുള്ളൂ!

മനുഷ്യനെ നന്മയിലേയ്ക്കു വഴി നടത്തുന്ന മനസ്സാക്ഷിയെക്കുറിച്ച് മതങ്ങൾ നമ്മോടു പറഞ്ഞിട്ടുണ്ട്. മനസ്സിന്റെ ഹിംസാത്മകമായ കാമനകളെ നിയന്ത്രിക്കുന്ന സൂപ്പർ ഇഗോ(super ego)യെക്കുറിച്ച് മനഃശാസ്ത്രജ്ഞന്മാരും വെളിപ്പെടുത്തിയിട്ടുണ്ട്. സുദീർഘമായ തന്റെ ജീവിതത്തിലെ എല്ലാ സുപ്രധാന തീരുമാനങ്ങൾക്കു പിന്നിലും തന്റെ മനസ്സാക്ഷിയുടെ സൂക്ഷ്മശബ്ദമാണ് ഉണ്ടായിരുന്നതെന്ന്, മഹാത്മാഗാന്ധി വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ *ഈ മനസ്സാക്ഷിയെ, അല്ലെങ്കിൽ സൂപ്പർ ഇഗോയെ നിർവീര്യമാക്കിക്കിടത്തിക്കഴിഞ്ഞാൽ പിന്നെ എന്തും ചെയ്യാം. എങ്ങനെയും പ്രതികരിക്കാം. പിന്നെ ഒരു തിന്മയേയും ഭയപ്പെടേണ്ട. ഏതു തിന്മയേയും നിസംഗമായി പുഞ്ചിരിയോടെ എതിരേൽക്കാൻ കഴിയും.* പുഞ്ചിരിയുടെ തിളങ്ങുന്ന ശവക്കോടിയണിയിച്ച് ഏതു മാനവ മഹാദുരന്തത്തെയും നിസ്സാരീകരിക്കാം. നീതിമത്കരിക്കാം.

ഇത് നമ്മുടെ രാഷ്ട്രീയ സദാചാരം എവിടെ എത്തിനില്ക്കുന്നുവെന്നു കാണിക്കുന്നു. ഒരു ജനതയുടെ രാഷ്ട്രീയ ഇച്ഛാശക്തിയും ഉയിർത്തെഴുന്നേല്പിനുള്ള കരുത്തും പാടേ കെട്ടുപോയ അവസ്ഥ.

നൂറ്റാണ്ടുകളുടെ മാലിന്യം കൊണ്ട് മൃതപ്രായമായ ഗംഗാനദിയെ വീണ്ടെടുക്കാനുള്ള മുറവിളി ഉയരുന്നു. കോടികൾ അതിനുവേണ്ടി മുടക്കാനുള്ള തയാറെടുപ്പിലാണ് സർക്കാർ. പക്ഷേ ഇന്ത്യയുടെ നിലനില്പ് ദ്രവിച്ചില്ലാതായിക്കൊണ്ടിരിക്കുന്ന മനസ്സാക്ഷിയുടെ വീണ്ടെടുപ്പിനെ ആശ്രയിച്ചിരിക്കുന്നു.

നമ്മുടെ രാഷ്ട്രീയ നേതാക്കൾ ശവത്തിനു നേരേ നോക്കി ഇങ്ങനെ പ്രസാദപൂർണമായി ചിരിക്കരുത്. ●

---

അയാൾ ഉറക്കെ പറഞ്ഞു :

'നാട്ടുകാരേ, ഞാൻ ഈ വീട്ടിൽ പ്രശ്നം പറയുവാൻ വന്നതാണ്. ഈ വീട്ടിലൊരത്യാപത്തു വരാൻ പോകുന്നെന്നു പറഞ്ഞപ്പോൾ അയാളെന്നെ തള്ളിയിട്ടുചവുട്ടി, ഭാര്യയെ തല്ലി. ഇയാളൊരു സംശയരോഗിയാണ്, ഭാര്യയെ സംശയം. ഈ വീട്ടിൽ അധികം താമസിയാതെ കൊലപാതകം നടക്കും.'

'ആർക്കറിയാം അങ്ങേരില്ലാത്തപ്പോൾ എന്തൊക്കെ നടക്കാറുണ്ടെന്ന്. ഈ കൈനോട്ടക്കാരെ വിശ്വസിക്കാൻ പറ്റില്ല'-അടുത്ത വീട്ടിലെ വേലക്കാരി ഉറക്കെ പറഞ്ഞു.

എന്റെ എല്ലാ നിയന്ത്രണങ്ങളും വിട്ടു. നിന്റെ പ്രശ്നം ഇന്നു തീർത്തു തരാമെന്നു പറഞ്ഞ് ഞാനയാളുടെ നേരെ ഓടിയടുത്തു. അയാൾ രണ്ടടി പിറകോട്ടു മാറി തലയിലെ തുണിക്കെട്ടഴിച്ച് കയ്യിലിട്ടു കറക്കി, പറഞ്ഞ നേരം കൊണ്ട് എന്റെ കഴുത്തിലെറിഞ്ഞു. പുറംകാലിൽ ചവുട്ടി എന്നെ നിലത്തു മറിച്ചിട്ടു. തല്ലിയലച്ചുള്ള വീഴ്ചയിൽ എന്റെ നട്ടെല്ലിന് സാരമായ കേടുപറ്റി.

ഞാൻ ഞെട്ടി കണ്ണു തുറന്നു. മോൻ അടുത്തുതന്നെ കിടന്നുറങ്ങുന്നുണ്ട്. രാധ അടുക്കളയിലാണ്. മണി ഒമ്പത്. മെല്ലെ എഴുന്നേറ്റ് വർക്കേരിയയിൽ ചെന്നിരുന്ന് കട്ടൻകാപ്പി കുടിച്ചുകൊണ്ട് രാധയോട് ചോദിച്ചു;

'അല്ല, ഇവിടെ എപ്പോഴെങ്കിലും പ്രശ്നം പറയുന്നവർ വരാറുണ്ടോ?'

'എന്താ സാറെ, രാവിലെ 'സിബിഐ' സ്റ്റൈലിൽ ഒരു പ്രോബിംഗ്? ഇന്നലെ രാത്രി കാലും കയ്യുമെടുത്ത് കരാട്ടെ അഭ്യാസം കാണിക്കുന്നുണ്ടായിരുന്നല്ലോ, ആരായിരുന്നു വില്ലൻ?'

രാധയുടെ ചോദ്യം കേട്ട് ഞാൻ തലയും കുമ്പിട്ടിരുന്നു. തത്തക്കൂടും തലയിൽ കെട്ടുമായി ഞങ്ങൾക്കിടയിൽ ചുറ്റിക്കറങ്ങുന്ന പ്രശ്നക്കാരനെപ്പറ്റി നല്ലൊരു ബന്ദായിട്ട് പറയുന്നതെങ്ങനെയെന്ന പ്രശ്നത്തിലാണ് ഞാൻ. ●

---

**Kerala Council of Churches: Change of address**

The KCC office now functioning at Kanjikuzhy has been shifted to the new apartment complex at Manganam Mandirams with effect from 1 Nov.2000. The present address is as follows:-

Kerala Council of Churches,
Manganam P. O.
Kottayam-686 018, Kerala
Phone : 0481-575666
E-mail :kercouch@md4.vsnl.net.in

# മഹാജൂബിലി സാമ്പത്തികം

ഡോ. അന്നമ്മ ജോർജ്, ഇരവിപേരൂർ

*ജൂബിലിയാഘോഷവേളയിൽ ഒരു പുതിയ ദാർശനികത ഉളവാകണം. അതായത് ഈ ഭൂമിയുടെ പരിപൂർണ ഉടമസ്ഥത മനുഷ്യർക്കല്ല, ദൈവത്തിനാണ് എന്ന അവബോധം. ധനവാനും ദരിദ്രനും തമ്മിലുള്ള വിടവ് ഇല്ലാതാവണം. ലാഭത്തിന് അതിരു വയ്ക്കണം, പലിശ ഇടപാടിനും നിയന്ത്രണമുണ്ടാവണം. സ്വരൂപിക്കുന്നതിന് അതിരു വേണം. ക്രിസ്തുസഭയ്ക്ക് ഇന്നു ലോകത്തിന്റെ മുൻപിൽ വയ്ക്കുവാനുള്ള മാതൃക ഇതാവണം.*

**2000**-ാമാണ്ട് മഹാജൂബിലി വർഷമാണല്ലോ. വേദപുസ്തകത്തിൽ ജൂബിലി എന്ന ആശയം വിശദമാക്കുന്നത് ലേവ്യ. 25:10-28-ൽ ആണ്. യഹോവ ഇസ്രയേൽ ജനത്തെ അടിമത്തത്തിൽ നിന്നു വിടുവിച്ചപ്പോൾ കൊടുത്ത നിയമാവലിയുടെ ഭാഗമാണിത്.

ഭൂമിയുടെ ഉടമസ്ഥൻ ദൈവമാണ്. മനുഷ്യർ അതിനെ പരിപാലിച്ച് അതുകൊണ്ട് ഉപജീവിക്കണം. ആറുദിവസം അദ്ധ്വാനിച്ച് ഏഴാം ദിവസം വിശ്രമിക്കണം. ആറു വർഷം കൃഷിചെയ്ത് ഏഴാം വർഷം മനുഷ്യർക്കും ഭൂമിക്കും വിശ്രമം വേണം. അമ്പതാം വർഷത്തിൽ, പിന്നിട്ട 49 വർഷങ്ങളിലെ കോട്ടങ്ങൾ പിൻതള്ളി ആദ്യവ്യവസ്ഥിതിയിലേക്കു മടങ്ങണം. അതായത്, കടങ്ങൾ എഴുതിത്തള്ളുകയും നഷ്ടപ്പെട്ട പൈതൃകം സ്വായത്തമാക്കുകയും വേണം. ഈ രണ്ടു പ്രമാണങ്ങളും സുപ്രധാന സാമ്പത്തിക സംവിധാനങ്ങൾ ഉൾക്കൊള്ളുന്നതാണ്. അതിനെ 'ജൂബിലി സാമ്പത്തികം' എന്നു വിളിക്കാം.

ഈ പ്രമാണങ്ങൾക്ക് ആധുനിക ചുറ്റുപാടിൽ പ്രസക്തിയുണ്ടോ? കടഭാരം കൊണ്ട് നട്ടം തിരിയുന്ന വികസ്വര രാഷ്ട്രങ്ങൾ മുതൽ ബ്ലേഡുകമ്പനികളുടെ ചൂഷണത്തിൽ വലയുന്ന വ്യക്തികൾ വരെ നമുക്കിന്ന് പരിചിതമാണ്. അതുകൊണ്ടു തന്നെ, ലോകമെമ്പാടുമുള്ള സാമൂഹ്യപ്രവർത്തകരും ഗവൺമെന്റേതര പ്രസ്ഥാനങ്ങളും കടബാദ്ധ്യത എഴുതിത്തള്ളണമെന്ന ആശയത്തിന് ശക്തീകരണം നൽകുന്നുണ്ട്. പെട്രോളിന്റെ വില കൂട്ടിയപ്പോൾ അതു കുഴിച്ചെടുക്കുന്ന രാഷ്ട്രങ്ങൾക്കു ധാരാളം പണം ലഭിച്ചു. അത് അവർ പാശ്ചാത്യബാങ്കുകളിൽ നിക്ഷേപിച്ചു. ഐക്യരാഷ്ട്രസംഘടനയിൽപ്പെട്ട ദരിദ്രരാജ്യങ്ങളിലെ വികസന പരിപാടികൾക്ക് വളരെ ഉയർന്ന പലിശനിരക്കിൽ പണം കൊടുക്കുന്ന ഏർപ്പാടുണ്ടായി. വികസ്വരരാഷ്ട്രങ്ങളിലെ വികസനപരിപാടികൾ പാശ്ചാത്യരുടെ മാതൃകയിൽ നടപ്പാക്കാനാണ് ശ്രമിച്ചത്. പണം ധാരാളം ചോർന്നു പോയി. ഉദാഹരണമായി ഇൻഡ്യയിലെ വൻകിട ഡാമുകൾ ഉദ്ദേശിച്ച ഫലം ഉണ്ടാക്കിയില്ലെന്ന് പഠനറിപ്പോർട്ടുകൾ പറയുന്നു. ദരിദ്രരാജ്യങ്ങളിൽ വികസനം നടന്നുമില്ല. അവർ കടക്കെണിയിൽപെട്ട് പലിശ കൊടുക്കാൻ പോലും കഴിവില്ലാതായിരിക്കുന്നു. കടം വാങ്ങിയതിന്റെ പതിന്മടങ്ങ് പലിശയായി കൊടുത്തെങ്കിലും കടം നിലനില്ക്കുന്നു. ഇത് എഴുതിത്തള്ളണമെന്നാണ് ഒരു വാദം.

ദരിദ്രരാജ്യങ്ങളിലും വൻകിട ധനവാന്മാരുണ്ട്. രാജ്യത്ത് സ്വാധീനമുള്ള ഇവർ വിദേശ മൾട്ടി നാഷണൽ കമ്പനിയുമായി ചേർന്നു സ്വാർത്ഥലാഭം ഉണ്ടാക്കുകയാണ്. ഈ കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നുമില്ല. അമിത പലിശ ഈടാക്കുന്നതിന് അതിരുകൾ നിർണയിക്കേണ്ടയോ?

*ധനവാനും ദരിദ്രനും:* സാമ്പത്തിക വ്യവസായം ലോകത്തിൽ സമ്പന്നരെന്നും ദരിദ്രരെന്നും രണ്ടുതരം ജനതയെ സൃഷ്ടിച്ചിരിക്കയാണ്. എങ്ങനെയാണ് ചില രാജ്യങ്ങൾ ഇത്ര സമ്പന്നമായത്? ഓരോ വിധത്തിലുള്ള ചൂഷണവും, അനീതിപരമായ കച്ചവടവും അതിലുണ്ട്. രാഷ്ട്രീയവും സൈനികശക്തിയും അതിനെ പിൻതുണച്ചു കാണും. ഏറ്റവും നല്ല ഉദാഹരണം ലോകചരിത്രത്തിലെ കോളനി ഭരണകാലമാണ്. ബ്രിട്ടീഷുകാർ ഇന്ത്യ പിടിച്ചടക്കിയപ്പോൾ ഇന്ത്യയുടെ രക്തം ഊറ്റുകയായിരുന്നു അവർ. ഉദാ: ഡക്കാൻ പീഠഭൂമിയിലെ പരുത്തിക്കർഷകരോട് കുറഞ്ഞ വിലയ് ക്ക് പഞ്ഞി വാങ്ങി മാഞ്ചസ്റ്ററിലെ തുണിമില്ലിൽ പാകമാക്കിയ തുണി ഇൻഡ്യയിൽ വിറ്റത് നമ്മൾ കണ്ടതാണല്ലൊ. വ്യവസായ വിപ്ലവവും, മാർക്കറ്റ് സംവിധാനവും സ്ഥിതിഗതികൾ കൂടുതൽ കലുഷമാക്കി. ദരിദ്രരാഷ്ട്രങ്ങൾ ചൂഷണവിധേയരായി. വ്യവസായങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റ് ഉണ്ടാവണം, ഉപഭോക്താക്കളുണ്ടാവണം. അതിനായി ഒരുതരം ഉപഭോഗതൃഷ്ണ തന്നെ വളർത്തിയെടുക്കാനുള്ള ശ്രമമാണ് നടന്നത്. ജനങ്ങളുടെ അടിസ്ഥാനയാവശ്യങ്ങൾക്കുള്ള ഉല്പാദനമല്ല ചന്തയിൽ വില്പനയ്ക്കു വച്ചത്. പ്രത്യുത, മാധ്യമങ്ങളിൽ കൂടി ഉല്പന്നങ്ങളുടെ ആവശ്യക്കാരെ വളർത്തിയെടുക്കുകയായിരുന്നു. ആവശ്യക്കാരുള്ളപ്പോൾ, ഉല്പാദനച്ചെലവും അല്പം ലാഭവും കൂടി ചേർത്തുള്ള വിലയേക്കാൾ ഉപഭോക്താക്കൾ കൊടുക്കാൻ തയാറാവുന്ന വില യാണ് ഉല്പന്നങ്ങൾക്കു ലഭിക്കുന്നത്. അപ്രകാരമുള്ള വിപണനതന്ത്രമാണ് വ്യവസായികൾ ഉപയോഗിക്കുന്നത്. തൊഴിലും വിപണനത്തിനുള്ള വസ്തുവായി പരിണമിക്കുന്നു. തൊഴിലാളികളുടെ വേതനം ആവശ്യാനുസരണമല്ലാതാവുന്നു. പ്രത്യുത, വിപണിയിലെ തന്ത്രങ്ങളാണ് വേതനം നിശ്ചയിക്കുക. ഈ വിപണനതന്ത്രം നിയന്ത്രിക്കുന്നത് ശക്തരായ പണക്കാരാണ്. പക്ഷേ പാവപ്പെട്ടവർക്ക് അവരുടെ 'തൊഴിൽ ശക്തി' കൂടുതൽ വിലയ്ക്ക് വില് ക്കാനാവുന്നില്ല. അങ്ങനെ ധനവാൻ കൂടുതൽ ധനവാനായിത്തീരുന്നു, പാവപ്പെട്ടവൻ കൂടുതൽ ദരിദ്രനായിത്തീരുന്നു.

*ലാഭവും ശക്തിയും:* മേൽ വിവരിച്ച രീതിയിലുള്ള സമ്പദ്ഘടനയിൽ രണ്ടു പ്രധാന പോരായ്മകൾ കാണാം. (1) അതിരു കവിഞ്ഞ ലാഭേച്ഛ (2) സ്വാർത്ഥകാര്യങ്ങൾക്കായി സാമ്പത്തികശക്തിയും രാഷ്ട്രീയശക്തിയും ഉപയോഗിക്കാനുള്ള പ്രവണത. ഇപ്രകാരമുള്ള ഒരു അന്തരീക്ഷത്തിൽ വേദപുസ്തകത്തിൽ പറയുന്ന രീതിയിലുള്ള സമത്വവും സാമൂഹ്യനീതിയും പ്രായോഗികമാക്കാൻ പ്രയാസമാണ്. ഇന്ന് ഭൂമിയുടെ ഉടമസ്ഥതയേക്കാൾ പണസമാഹരണമാണ് ജനങ്ങൾ ഇച്ഛിക്കുന്നത്. ഈ രീതി വേദപുസ്തകത്തിനന്യമല്ല. കനാൻ നാട്ടിൽ ഇസ്രയേൽ ജനതയ്ക്ക് രാജഭരണം കൈവന്നപ്പോൾ ദൈവം ഭൂമിയുടെ ഉടമസ്ഥനാണെന്ന ചിന്ത സാവകാശം ഇല്ലാതായി.

*ജൂബിലി സാമ്പത്തികം:* വേദപുസ്തകത്തിൽ പറയുന്ന യോവേൽ ആചാരം ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതിക്കു നല്ല പരിഹാരമാണ്. സൃഷ്ടി ദൈവത്തിന്റേതാണ്. മനുഷ്യരുടെ നന്മയ്ക്കായി അത് ഉപയോഗിക്കാം. പക്ഷേ, സ്വന്തമാണെന്നു കരുതി അതിനെ തോന്നിയപോലെ കൈകാര്യം ചെയ്യാനാവില്ല. ഓരോരുത്തരും പലവിധത്തിലുള്ള ഉടമസ്ഥാവകാശം അവകാശപ്പെടുന്നു. പേറ്റന്റ്, ട്രേഡ് മാർക്ക്, ബൗധിക സ്വത്തവകാശം, ഇവയെപ്പറ്റി നാം കേൾക്കുന്നു. ഭൂമിയെപ്പറ്റി ദൈവം കല്പിച്ച പ്രമാണം മറ്റു ദൈവികദാനങ്ങൾക്കും ചേരുന്നതാണ്. സമ്പത്ത് ശക്തിയാകുന്നു. അത് ചിലരിൽ കുമിഞ്ഞു കൂടുമ്പോൾ അസമത്വമാണ് ഫലം. സാമൂഹ്യസമത്വം സാമ്പത്തിക സമത്വത്തിൽ അടിസ്ഥാനപ്പെട്ടാണ് ഉണ്ടാവുക.

ജനങ്ങളുടെ അടിസ്ഥാനയാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, ഭവനം ഇവ മാത്രമല്ല, സമൂഹത്തിൽ മാന്യമായി ജീവിക്കുവാനുള്ള സാഹചര്യവും ഉണ്ടാവണം. വേദപുസ്തകത്തിൽ ഭൂമിയാണ് ഇതിന്റെ പ്രതീകം. ഇന്ന് അതൊരു തൊഴിലാവാം.

*സഭയുടെ ദൗത്യം:* വസ്തുവകകൾ സ്വന്തമാക്കുന്നതിനുള്ള തൃഷ്ണയും അത്യാർത്തിയുമാണ് ഇന്നത്തെ സാമ്പത്തികരംഗത്തിന്റെ ദോഷം. ജൂബിലിയാഘോഷവേളയിൽ ഒരു പുതിയ ദാർശനികത ഉളവാകണം. അതായത് ഈ ഭൂമിയുടെ പരിപൂർണ ഉടമസ്ഥത മനുഷ്യർക്കല്ല, ദൈവത്തിനാണ് എന്ന അവബോധം. ധനവാനും ദരിദ്രനും തമ്മിലുള്ള വിടവ് ഇല്ലാതാവണം. ലാഭത്തിന് അതിരു വയ്ക്കണം, പലിശ ഇടപാടിനും നിയന്ത്രണമുണ്ടാവണം. സ്വരൂപിക്കുന്നതിന് അതിരു വേണം. ക്രിസ്തുസഭയ്ക്ക് ഇന്നു ലോകത്തിന്റെ മുൻപിൽ വയ്ക്കുവാനുള്ള മാതൃക ഇതാവണം. ●

**ജീവനു ഭീഷണികൾ**

# ഞാൻ നിരുപദ്രവി



*(ഈ ലക്കം മുതൽ 'ജീവനു ഭീഷണികൾ' എന്നൊരു പംക്തി ആരംഭിക്കുകയാണ്. പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട് കൈകാര്യം ചെയ്യുന്ന ഈ പംക്തിയിൽ പാരിസ്ഥിതിക വിഷയങ്ങളാണ് ഉൾപ്പെടുത്തുക. പാരിസ്ഥിതിക മേഖലയിൽ താൻ നടത്തുന്ന ഗവേഷണങ്ങളും പഠനങ്ങളും ആധാരമാക്കിയാണ് ഇതു തയാറാക്കിയിട്ടുള്ളത്.)*

**പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട്**

എന്റെ പേരു കേൾക്കുമ്പോൾ നെറ്റി ചുളിക്കാത്തവർ ചുരുക്കമാണ്. വലിയൊരു ഉപദ്രവകാരിയായിട്ടാണ് എന്നെ മാധ്യമങ്ങൾ ചിത്രീകരിക്കാറുള്ളത്. സത്യം പറയണമല്ലോ, ഈ മാധ്യമങ്ങൾ പറയുന്നതു പോലെ ഞാൻ ഉപദ്രവകാരിയല്ല. നന്മകൾ ഉയർത്തിക്കാട്ടുവാനുള്ള വിമുഖത മനുഷ്യസ്വഭാവമാണല്ലോ. എന്റെ കാര്യത്തിലും ഇതു തന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. മുൻവിധി കൂടാതെ എന്റെ കഥ കേൾക്കുക. എന്നിട്ടു നിങ്ങൾ തീരുമാനിക്കൂ.

ഞാൻ സാധാരണ അറിയപ്പെടാറുള്ളത് 'കോളിഫോം ബാക്ടീരിയ' എന്ന പേരിലാണ്. എന്റെ കുടുംബത്തിലുള്ള എല്ലാവരെയും ആർക്കും വിശദമായി അറിഞ്ഞുകൂടാ. എന്നെക്കുറിച്ചു പത്രങ്ങളിൽ വരുന്ന വാർത്തകൾ നിങ്ങൾ വായിച്ചുകാണും. വെള്ളവുമായി ബന്ധപ്പെട്ടാണ് ഞാൻ അറിയപ്പെടുക. എന്റെ സാന്നിദ്ധ്യം വെള്ളത്തിലുണ്ടെങ്കിൽ അതു കുടിക്കുവാൻ കൊള്ളുകയില്ലെന്നാണ് ശാസ്ത്രമതം. <u>ബാക്ടീരിയ എന്നു കേട്ടാലുടനെ രോഗം പരത്തുന്നതാണെന്നാണ് പൊതുവെയുള്ള അഭിപ്രായം. പക്ഷേ ഈ ധാരണ ശരിയല്ല. മനുഷ്യനു പ്രയോജനം ചെയ്യുന്ന ബാക്ടീരിയകളുണ്ട്.</u> ഞാനീ കൂട്ടത്തിൽ പെടുന്നവയാണെന്നു പറഞ്ഞാൽ ഒരു പക്ഷേ നിങ്ങൾ ഞെട്ടിയേക്കാം. ഉഷ്ണരക്തമുള്ള എല്ലാ ജീവികളുടെയും ആമാശയത്തിൽ ഞാനുണ്ട്. ഭക്ഷണത്തെ ദഹിപ്പിക്കുവാൻ എന്റെ സഹായം ആവശ്യമാണ്. മനുഷ്യരാശിയുടെ ശത്രുവാണോ ഞാനെന്ന കാര്യം നിങ്ങൾ തന്നെ തീരുമാനിക്കുക. എന്നെ ശരിക്കും മനസ്സിലാക്കാതെയുള്ള അപവാദപ്രചാരണങ്ങളാണ് നടന്നു വരുന്നതെന്നു ഇപ്പോൾ മനസ്സിലായില്ലേ?

അടുത്ത കാലത്ത് എനിക്ക് കുപ്രസിദ്ധി നേടിത്തന്നത് പമ്പാനദിയുടെ മലിനീകരണവുമായി ബന്ധപ്പെട്ടാണ്. ശബരിമല തീർത്ഥാടകർ പമ്പാ നദിയ്ക്കരികെ മലവിസർജ്ജനം ചെയ്യുന്നതിനാൽ പമ്പാ നദിയിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുന്നു പോലും. സത്യങ്ങൾ നിഷേധിച്ചാൽ സത്യമല്ലാതകയില്ലല്ലോ. ഭക്ഷണം ദഹിപ്പിക്കുവാനായി ആമാശയത്തിൽ പ്രവർത്തിക്കുന്ന ഞാൻ മലത്തിലൂടെ പുറത്തു വരുമെന്നത് ശരി തന്നെയാണ്. മലം വെള്ളത്തിൽ കലർന്നാൽ എന്റെ സാന്നിദ്ധ്യം വെള്ളത്തിലുമാകും. വെള്ളത്തിൽ എന്റെ അളവ് കൂടുതലായി കണ്ടാൽ പിന്നെ പത്രക്കാർക്ക് ഹരമായി. 'പമ്പാനദി മലിനീകരിക്കപ്പെട്ടിരിക്കുന്നു' എന്ന വാർത്ത വരും. "സെൻസേഷൻ" ഉളവാക്കുന്ന വാർത്തകളാണല്ലോ ഇന്നു പത്രക്കാർക്ക് വേണ്ടത്. കുടിക്കുവാനും കൃഷിക്കും മറ്റുമായി ഉപയോഗിച്ചുവരുന്ന നദിയിലെ വെള്ളം മലിനീകരിക്കപ്പെട്ടാൽ ജനം വെറുതെയിരിക്കുമോ? വീണ്ടും പറയട്ടെ, പത്രക്കാർ എന്നെ വേണ്ട രീതിയിൽ മനസ്സിലാക്കിയിട്ടില്ല. അതുകൊണ്ടാണല്ലോ ഞാനീ തല്ലെല്ലാം കൊള്ളുന്നത്!

ഞാൻ പാവമാണ്. നിരുപദ്രവകാരിയാണ്. ഇതൊന്നും നിങ്ങൾ വിശ്വസിക്കയില്ലെന്ന് എനിക്കറിയാം. തീയില്ലാതെ പുക വരില്ലായെന്നു പഴമക്കാർ പറയാറുണ്ട്. അതുകൊണ്ടു തന്നെ, എങ്ങനെയാണ് ഞാൻ പ്രതിയായതെന്ന കഥ വിശദീകരിക്കാം. യഥാർത്ഥ പ്രതി ഞാനല്ല, എന്റെ കൂട്ടുകാരാണ്. അവർക്കു വേണ്ടിയാണ് ഞാൻ ശിക്ഷ വാങ്ങാറുള്ളത്. എന്റെ കൂട്ടുകാരിൽ ചിലർ പ്രശ്നക്കാരാണ്. അവർ മനുഷ്യരെ രോഗികളാക്കുവാൻ ശക്തിയുള്ളവരാണ്. ഇവരെ പരിശോധിക്കുവാൻ ശാസ്ത്രജ്ഞന്മാർക്ക് പേടിയാണ്. ഇവർ പരിശോധനാവേളയിൽ ശാസ്ത്രജ്ഞന്മാരെയങ്ങു 'സ്നേഹിക്കും'. എന്നിട്ട് ശരീരത്തിനുള്ളിൽ കയറി രോഗങ്ങൾ സമ്മാനിക്കും. സുരക്ഷിതമായ രീതിയിൽ ഈ പ്രശ്നക്കാരെ കണ്ടെത്തി അളക്കാനുള്ള സംവിധാനങ്ങളില്ല. ഈ ബലഹീനതയെ നേരിടുവാൻ ശാസ്ത്രജ്ഞന്മാർ ഒരു വിദ്യ കണ്ടുപിടിച്ചു. ഈ പ്രശ്നക്കാർ എന്റെ തണലിലാണ് സാധാരണ കഴിയുക. എന്റെ അളവ് കൂടുമ്പോൾ ഇവർ പെരുകും. കുറയുമ്പോൾ ഇവരും കുറയും. പ്രശ്നക്കാരെ കണ്ടെത്തി അളവു തിട്ടപ്പെടുത്തുവാൻ പ്രയാസമായതിനാൽ നിരുപദ്രവകാരിയായ എന്നെയാണ് വെള്ളത്തിൻെറ മലിനീകരണ അളവുകോലായി വച്ചിരിക്കുന്നത്.

ഇപ്പോൾ മനസ്സിലായില്ലേ ഞാൻ പാവമാണെന്ന്. എന്റെ കൂട്ടുകാരായ ചില പ്രശ്നക്കാരെ കൂടി നിങ്ങൾക്ക് പരിചയപ്പെടുത്താം. ഗിയാർഡിയ (giardia), ക്രിപ്റ്റോസ്പോറിഡിയം (cryptosporidium) എന്നിവരാണ് അവർ. ഗിയാർഡിയ എന്ന സൂക്ഷ്മജീവിയുടെ സംഭാവന ഗിയാർഡിയാസിസ് എന്ന ആമാശയരോഗമാണ്. വയറ്റിളക്കം, വയറുവേദന, വായുശല്യം എന്നിവയാണ് ഈ രോഗത്തിന്റെ ലക്ഷണങ്ങൾ. ഈ സൂക്ഷ്മജീവിയെ കണ്ടെത്തുവാൻ വളരെ പ്രയാസമാണ്. ക്രിപ്റ്റോസ്പോറിഡിയോസിസ് എന്ന രോഗമാണ് രണ്ടാമത്തെ കൂട്ടുകാരന്റെ സംഭാവന. വയറിളക്കം, ഭാരം കുറയുക, വയറുവേദന എന്നിവ ദീർഘകാലം നില

**പാരിസ്ഥിതിക വിഷയങ്ങളിൽ താല്പര്യമുള്ള വ്യക്തിയാണോ നിങ്ങൾ?....**

എങ്കിൽ, നിങ്ങൾക്കായി കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ പാരിസ്ഥിതിക കമ്മിഷൻ നിരവധി പരിപാടികൾ ക്രമീകരിക്കുന്നു- പാരിസ്ഥിതിക വേദപഠന ക്ലാസ്സുകൾ, ദൈവശാസ്ത്ര ക്യാമ്പുകൾ, ഏകദിന സമ്മേളനങ്ങൾ, മറ്റു പാരിസ്ഥിതിക ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയവ. ഈ വിഷയത്തിൽ നിങ്ങളുടെ വിലപ്പെട്ട അഭിപ്രായങ്ങളും പരിഗണിക്കുന്നതാണ്. നിങ്ങളുടെ കത്തുകൾ അയയ്ക്കേണ്ട വിലാസം:

Prof. Mathew Koshy Punnackad
Convenor, Environmental Commission
Punnackad, Kozhencherry - 689 652
E-mail: kosh@md3.vsnl.net.in



# വിഷാദത്തിൽ നിന്ന് വിജയത്തിലേക്ക്

ജോർജ് ബഹനാൻ
കൗൺസലർ & തെറാപ്പിസ്റ്റ്, തിരുവനന്തപുരം



"സ്കൂളിൽ ക്രമമായി പോകാൻ പറ്റിയില്ലെന്നു മാത്രമല്ല, കുട്ടിക്കാലം തന്നെ ദുരിതപൂർണമായിരുന്നു. 1830-ൽ നിയമസഭയിലേക്കു മൽസരിച്ച് തോറ്റു. '32-ൽ ജോലി നഷ്ടപ്പെട്ടു. നിയമം പഠിക്കാൻ കോളജിൽ അഡ്മിഷൻ കിട്ടിയില്ല. '33-ൽ കടം വാങ്ങി തുടങ്ങിയ കച്ചവടം പൊളിഞ്ഞു. കടം വീടാൻ 17 വർഷം. '34-ൽ നിയമസഭയിലേക്കു മൽസരിച്ച് ജയിച്ചു. '35-ൽ പ്രതിശ്രുത വധു മരിച്ചു. '36-ൽ രോഗിയായി ആറു മാസം കിടന്നു. '38-ൽ സ്പീക്കറായി മൽസരിച്ച് തോറ്റു. '42-ൽ കല്യാണം കഴിഞ്ഞുവെങ്കിലും ഭാര്യ ഒരു ഭാരമായി. '43-ൽ കോൺഗ്രസ്സിലേക്കു മൽസരിച്ച് തോറ്റു. '55-ൽ സെനറ്റിലേക്കുള്ള മൽസരത്തിൽ തോറ്റു. '56-ൽ വൈസ് പ്രസിഡൻറാകാൻ മൽസരിച്ചു തോറ്റു. '58-ൽ വീണ്ടും സെനറ്റിലേക്കു മൽസരിച്ച് തോറ്റു. ഇതിനിടയ്ക്ക്, നാലു മക്കളിൽ മൂന്നുപേരും മരിച്ചു. '60-ൽ രാജ്യത്തിന്റെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു." അമേരിക്കയുടെ ഏറ്റവും മഹാനായ പ്രസിഡൻറായിത്തീർന്ന ഇദ്ദേഹമാണ് എബ്രഹാം ലിങ്കൻ എന്ന പ്രതിഭാസം. സ്വന്തം കൈപ്പടയിൽ അദ്ദേഹം എഴുതിയ വാക്കുകളാണ് മേലുദ്ധരിച്ചത്. പരാജയത്തിന്റെ നീണ്ട പട്ടികയിൽ വിജയത്തിന്റെ നേരിയ രേഖകൾമാത്രം. ഈ വ്യക്തിക്ക് മനഃശാസ്ത്രപരമായി വിഷാദമെന്ന സാർവലൗകിക രോഗം പിടിപെട്ട് ആത്മഹത്യ ചെയ്യാനുള്ള വകുപ്പുകളെല്ലാം ഉണ്ടായിരുന്നിട്ടും അമേരിക്കൻ പ്രസിഡൻറായി. പരാജയപ്പെട്ട് മുന്നോട്ടു പോകാമെന്ന് ലോകത്തെ മനസ്സിലാക്കി. വിജയിച്ച് മുന്നോട്ടു പോകുന്നതിനെക്കാളും ശക്തമായ നിലപാട്.

വിഷാദരോഗികളുടെ ഒരു വലിയ വാർഡായി തീർന്നിരിക്കുന്നു ലോകം. വിഷാദവും നിരാശയും വ്യക്തികളെയും കുടുംബങ്ങളെയും വല്ലാതെ ബാധിച്ചിരിക്കുന്നു. ആത്മഹത്യയുടെ കണക്കുകൾ ഞെട്ടിക്കുന്നവയാണ്. 2000-ാമാണ്ടിൽ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം ഒരു മില്യൻ ആകുമെന്നാണ് കണക്കുകൂട്ടൽ. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ആത്മഹത്യ കേരളത്തിലാണ്. ഏറ്റവും കൂടുതൽ സാക്ഷരതയും ഇവിടെയാണ്. വിഷാദത്തിന് യാതൊരു പക്ഷാഭേദവുമില്ല. കൊട്ടാരത്തിലെയും ചെറുകുടിലിലെയും നിത്യസന്ദർശകനാണ് വിഷാദം.

ഇസ്രയേൽ പ്രധാനമന്ത്രി മെനഹം ബെഗിൻ, ഭാര്യ മരിച്ചതോടുകൂടി ഒരു വിഷാദരോഗിയായി. ഏണസ്റ്റ് ഹെമിംഗ്‌വേ സുപ്രസിദ്ധ അമേരിക്കൻ നോവലിസ്റ്റാണ്. പക്ഷേ, നിരാശനായി ആത്മഹത്യ ചെയ്തു. അദ്ദേഹത്തിന്റെ സഹോദരനും വിഷാദത്തിനു അടിമയായി ആത്മഹത്യ ചെയ്തു. ഹിറ്റലറും മെർലിൻ മൺറോയും ആത്മഹത്യ ചെയ്തവരിൽ പ്രമുഖർ തന്നെ. How to stop worrying and start living എന്ന ലോകപ്രശസ്ത പുസ്തകത്തിന്റെ ഗ്രന്ഥകർത്താവ് ആത്മഹത്യ ചെയ്തുവെന്നു പറയുമ്പോൾ 'വിഷാദം' സങ്കീർണമാവുകയാണ്. സമ്പന്ന രാഷ്ട്രമായ അമേരിക്കയിലെ പതിനാലു മില്യൻ ആളുകളെ വിഷാദം പിടികൂടിയിട്ടുള്ളതായി പഠനങ്ങൾ കാണിക്കുന്നു.

നഷ്ടബോധമാണ് വിഷാദത്തിന്റെ പ്രധാന കാരണം. നഷ്ടബോധം പല രൂപത്തിലും ഭാവത്തിലും തീവ്രതയിലും മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്നു. ധനനഷ്ടം, മാനനഷ്ടം മുതലായവയിലൂടെ വിഷാദത്തിലേക്ക് നമ്മൾ വഴുതി വീഴുന്നു. പൊതുവെ, രണ്ടു തരത്തിലുള്ള വിഷാദമാണുള്ളത്. ഒന്ന്, എൻഡോജിനസ്. രണ്ട്, റിയാക്ടീവ്. ഒന്നാമത്തേത് തലച്ചോറിലെ രാസമാറ്റങ്ങളിലൂടെയാണ് ഉണ്ടാകുന്നത്. രണ്ടാമത്തേത് അനുദിനജീവിതത്തിലെ സംഭവങ്ങളിലൂടെയും.

പാപം ചെയ്തുപോയി എന്ന അഗാധ കുറ്റബോധം പല യുവജനങ്ങളെയും വിഷാദത്തിലേക്ക് തള്ളിവിടുന്നു. അതുപോലെ മാനസിക പിരിമുറുക്കം പലപ്പോഴും വിഷാദത്തിലാണ് അവസാനിക്കുക. വിഷാദത്തിന്റെ ലക്ഷണങ്ങൾ

---

നില്ക്കുകയും പിന്നീടു മാരകമാകുകയും ചെയ്യും. ഇതിനെതിരെ ഫലപ്രദമായ ഒരു മരുന്നുമില്ലെന്നാണ് ഗവേഷണപഠനങ്ങൾ കാണിക്കുന്നത്.

എന്റെ കൂട്ടുകാർ അപകടകാരികളാണെന്നു പറഞ്ഞുവല്ലൊ. എന്റെ അളവ് കൂടുന്നതനുസരിച്ചു അവരുടെ അളവ് കണക്കാക്കിയാൽ തെറ്റി. എന്റെ അളവു കൂടുതലുള്ള ജലം ശുദ്ധീകരിക്കുവാൻ സാധാരണ സ്വീകരിക്കുന്ന മാർഗം ക്ലോറിൻ വാതകം വെള്ളത്തിൽ കൂടി കടത്തിവിടുന്നതാണല്ലൊ. ഇതിന് ബ്ലീച്ചിംഗ് പൗഡറാണ് സാധാരണ ഉപയോഗിക്കാറുള്ളത്. കുറേ നേരം ക്ലോറിൻ വാതകം വെള്ളത്തിൽ കൂടെ കടത്തി വിട്ടാൽ എന്റെ കഥ കഴിഞ്ഞതു തന്നെ. പക്ഷേ എന്റെ കൂട്ടുകാർക്ക് ഇത് പ്രശ്നമേയല്ല. വെള്ളം ശുദ്ധീകരിക്കുവാനുള്ള മറ്റു മാർഗങ്ങളെയും എന്റെ കൂട്ടുകാർ ചെറുക്കും. ഞാനില്ലെങ്കിലും എന്റെ കൂട്ടുകാർ മനുഷ്യശരീരത്തിൽ തനിയെ ചെന്നു കയറും. എന്റെ കൂട്ടുകാരുടെ കഥ കഴിക്കുവാനുള്ള മാർഗമെന്താണ്? കൂട്ടുകാരെ വഞ്ചിക്കുന്നത് ശരിയല്ലെങ്കിലും ആ രഹസ്യം ഞാൻ നിങ്ങളോടു പറയാം. പണ്ടു പഴമക്കാർ ചെയ്തിരുന്ന കാര്യമാണ്. <u>വെള്ളം തിളപ്പിച്ചാൽ, എന്റേതു മാത്രമല്ല എന്റെ സകല കൂട്ടുകാരുടെയും കഥ കഴിഞ്ഞതു തന്നെ. നിങ്ങൾ ആരോഗ്യവതികളും ആരോഗ്യവാന്മാരുമായി കഴിയണമെങ്കിൽ വെള്ളം തിളപ്പിച്ചേ കുടിക്കാവു. പക്ഷേ ഒരു കാര്യം-വെള്ളത്തിന്റെ സ്വാഭാവികരുചി നഷ്ടപ്പെടും.</u> രുചി നിങ്ങൾ കാര്യമായെടുത്താൽ എന്റെ കൂട്ടുകാർ നിങ്ങളുടെ ആമാശയത്തിലെ സ്ഥിരം സന്ദർശകരായിരിക്കും. നിങ്ങളുടെ ആമാശയം എന്നും നിങ്ങളെ അസ്വസ്ഥരാക്കിക്കൊണ്ടിരിക്കുകയും ചെയ്യും.

ഇപ്പോൾ നിങ്ങളെന്തു പറയുന്നു. ഞാൻ നിരപരാധിയല്ലേ? ഞാൻ പാവമായതുകൊണ്ടാണല്ലോ, എന്റെയും കൂട്ടുകാരുടെയും കഥ നിങ്ങളോടു പറഞ്ഞത്.

അനവധിയാണ്. ദു:ഖഭാവമുള്ള 'നീണ്ട' മുഖം കാണിക്കുക, ഊർജസ്വലത കുറയുക, ക്ഷീണം തോന്നുക, ആഹാരം കഴിക്കാനുള്ള താത്പര്യം കുറയുക, മടി, ഉറക്കമില്ലായ്മ, ഔദ്യോഗിക ജീവിതത്തിൽ താത്പര്യം കുറയുക, ദോഷൈകദൃക്കാവുക, തീരുമാനമെടുക്കാനുള്ള കഴിവുകേട്, വിമർശനത്തിൽ വ്യഗ്രത കാണിക്കുക, ലജ്ജ കൂടുക, കുടുംബബന്ധങ്ങൾ കുറയുക, മരിക്കണമെന്നുള്ള ചിന്ത- ഇതെല്ലാം വിഷാദക്കാരുടെ ലക്ഷണങ്ങൾ തന്നെ. അതുപോലെ അവരുടെ സംസാരത്തിലും വിഷാദം നിഴലിക്കും. 'എന്തിനാ ജീവിക്കുന്നത്', 'എനിക്കൊരു ഭാവിയുണ്ടോ', 'എനിക്കിതു വന്നല്ലോ'- ഇങ്ങനെയുള്ള സംസാരം വിഷാദക്കാരുടെ വായിൽ നിന്നു മുറയ്ക്ക് കേൾക്കാം.

വിഷാദത്തിലിരിക്കുന്നവരെ കണ്ടുപിടിക്കാൻ എളുപ്പമാണ്; അതുപോലെ, ചികിത്സിക്കാനും. പക്ഷേ അവരോടുള്ള മറ്റുള്ളവരുടെ സമീപനം വളരെ സ്നേഹമയവും, ക്രിയാത്മകവുമായിരിക്കണം. മിണ്ടാതെ മൂശേട്ട മുഖം കാണിച്ചിരിക്കുന്നവരോട് നാം സാധാരണ ദേഷ്യപ്പെടാറുണ്ട്. അത്തരം സമീപനം പ്രശ്നം വഷളാക്കും. ഏലിയാ പ്രവാചകന്റെ വിഷാദം നമ്മെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. പക്ഷേ വഴക്കു പറയുന്നതിനു പകരം ദൈവം അവന് വെള്ളവും ആഹാരവും വിശ്രമവും കൊടുത്തു. മനഃശാസ്ത്രപരമായ ഈ സമീപനം ദൈവം നമുക്കു തന്നിട്ടുള്ള മോഡലാണ്.

വിഷാദം സങ്കീർണതലത്തിലെത്തുമ്പോൾ മരുന്നും സൈക്കോതെറാപ്പിയും ആവശ്യമായി വരും. പക്ഷേ സങ്കീർണമല്ലാത്ത എല്ലാ വിഷാദവും നമുക്ക് കൈകാര്യം ചെയ്യാൻ സാധിക്കണം. ജീവിതത്തോടും അതിന്റെ പ്രശ്നങ്ങളോടുമുള്ള നമ്മുടെ സമീപനവും മനോഭാവവുമാണ് നമ്മെ വിജയത്തിലെത്തിക്കുന്നത്. മനോഭാവവും സമീപനവും നെഗറ്റീവാണെങ്കിൽ നിരാശയിലേക്കും വിഷാദത്തിലേക്കും നാം വഴുതി വീഴും. മനഃശാസ്ത്രം വളരെ ഗൗരവമായി എടുക്കുന്ന വിഷയമാണ് മനോഭാവം. സംഭവങ്ങളോടും സ്ഥാപനങ്ങളോടുമുള്ള നമ്മുടെ മനോഭാവം ഉദാത്തമാവണം. വെറും അരച്ചാൺ വയറിനുവേണ്ടി ജോലി ചെയ്യുന്നുവെന്ന മനോഭാവത്തിൽ നിന്ന് ഞാൻ ദൈവത്തിനു വേണ്ടി ജോലി ചെയ്യുന്നുവെന്ന ഉദാത്തതയിലേക്ക് വരണം. വിഷാദത്തിനും നിരാശയ്ക്കും അവിടെ സ്ഥാനമില്ല. ഒരു കതീഡ്രൽ പണിയിപ്പിച്ചു കൊണ്ടിരുന്ന ക്രിസ്റ്റഫർ റെൻ ഒരു ജോലിക്കാരനോട് ചോദിച്ചു: നീ എന്തു ചെയ്യുന്നു. "ഞാൻ ഇഷ്ടിക നിരത്തുന്നു." വേറൊരാൾ പറഞ്ഞു, "കൂലിക്കു വേണ്ടി ജോലി ചെയ്യുന്നു." മറ്റൊരാൾ പറഞ്ഞത് ഞാൻ ഒരു കതീഡ്രൽ പണിയുന്നു എന്നാണ്. ഒരു വലിയ പദ്ധതിയുടെ ഭാഗമാകുന്നതിലുള്ള അഭിമാനം. ഇവിടെ വിഷാദവും നിരാശയും താഴേയ്ക്ക് തള്ളി മാറ്റപ്പെടുന്നു.

ഭാര്യ, മക്കൾ, വീട്, കാർ, ബാങ്കു ബാലൻസ് - ഇതിനപ്പുറം ചിന്തിക്കാൻ പലർക്കും സാധിക്കുന്നില്ല. ഈ ചെറിയ ലോകത്തിനപ്പുറത്തുള്ള പ്രബുദ്ധമായ

**ജീവിതത്തോടും അതിന്റെ പ്രശ്നങ്ങളോടുമുള്ള നമ്മുടെ സമീപനവും മനോഭാവവുമാണ് നമ്മെ വിജയത്തിലെത്തിക്കുന്നത്. വെറും അരച്ചാൺ വയറിനു വേണ്ടി ജോലി ചെയ്യുന്നുവെന്ന മനോഭാവത്തിൽ നിന്ന് ഞാൻ ദൈവത്തിനു വേണ്ടി ജോലി ചെയ്യുന്നുവെന്ന ഉദാത്തതയിലേക്ക് വരണം. ഏതു പ്രശ്നത്തേയും, ആത്മീയവും തത്വചിന്താപരവുമായ ഒരു തലത്തിലേക്കു ഉയർത്തുന്നവർക്ക് വിഷാദമെന്ന രോഗത്തെ ഭയപ്പെടേണ്ട ആവശ്യമില്ല.**

മറ്റൊരു തലം കാണാൻ സാധിക്കാത്തവർ മാനസിക രോഗികളാകും. ദൈവത്തിനു വേണ്ടി വലിയ കാര്യങ്ങൾ ചെയ്യുക, ദൈവത്തിൽ നിന്ന് വലിയ കാര്യങ്ങൾ പ്രതീക്ഷിക്കുക-വില്യം കേറി പറഞ്ഞ ഈ വാക്കുകൾ മാനസികാരോഗ്യത്തിന്റെ രഹസ്യമാണ്.

ജോനാഥാൻ എന്ന കടൽകൊക്കിന്റെ കഥ-റിച്ചാർഡ് ബാക് 1970-ൽ എഴുതിയ രസകരമായ ചെറുകഥ. മൽസ്യബോട്ടുകൾ കരയ്ക്കടുക്കുമ്പോൾ പൊടിമീനിനുവേണ്ടി അടികൂടുന്ന കടൽകൊക്കുകൾ. "പഠിക്കണമെങ്കിൽ നീ ഭക്ഷണത്തെപ്പറ്റിയും അത് സമ്പാദിക്കുന്നതിനെപ്പറ്റിയും പഠിക്കുക," അമ്മ അവനെ ഉപദേശിച്ചു. ജോനാഥാന് അതു പിടിച്ചില്ല. ഈ പൊടിമീനിനു വേണ്ടി അടിപിടി കൂടി ജീവിതം നശിപ്പിക്കാൻ അവൻ തയാറായില്ല. വർഷങ്ങളായി ഇതു തുടരുന്നു. അവൻ ആകാശനീലിമകളിലേക്ക് ചിറകടിച്ചു കയറി വലിയ ലോകത്തേക്ക്, പുതിയ അനുഭവങ്ങളിലേക്ക്. എല്ലാവരും അവനെ ഒറ്റപ്പെടുത്തി. പക്ഷേ അവൻ വിജയിച്ചു.

നമ്മളും ഈ പൊടിമീനിനെ പെറുക്കുന്നവർ തന്നെ. ശമ്പളവും ക്ഷാമബത്തയും പ്രമോഷനും സമരവും - പിന്നെ മേമ്പൊടിക്ക് അല്പം പ്രാർത്ഥനയും ഉത്തരവാദിത്തങ്ങളും - ഇതിൽ കൂടുതലെന്താണ് നമുക്കുള്ളത്. ചിറകടിച്ചു കയറേണ്ട നമ്മൾ കോഴികളെ പോലെ ചികയുന്ന ഗതികേടിലാണ്. യശയ്യാ പ്രവാചകൻ തരുന്ന ഏറ്റവും വലിയ മനഃശാസ്ത്രസത്യം നമുക്കന്യമാണ്. "യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ വിഷാദങ്ങളും, നിരാശകളും പിന്നിട്ടുകൊണ്ട് ചിറകടിച്ചുയരും."

പ്രശ്നങ്ങളുടെ മുൻപിൽ നാം പലപ്പോഴും വിറങ്ങലിച്ചു നില്ക്കുന്നു. അവിടെയാണ് വിഷാദവും നിരാശയും നമ്മെ പിടികൂടുന്നത്. വളരെ വാസ്തവബോധത്തോടുകൂടി, പ്രാർത്ഥനയോടെ പ്രശ്നങ്ങളെ സമീപിക്കുമ്പോൾ കിട്ടുന്ന ഉൾക്കാഴ്ച-അത് ദൈവത്തിന്റെ ദാനമാണ്-പ്രശ്നങ്ങളെ പദ്ധതികളാക്കാൻ നമ്മെ സഹായിക്കുന്നു. ഏതു പ്രശ്നത്തേയും, ആത്മീയവും തത്വചിന്താപരവുമായ ഒരു തലത്തിലേക്കു ഉയർത്തുന്നവർക്ക് വിഷാദമെന്ന രോഗത്തെ ഭയപ്പെടേണ്ട ആവശ്യമില്ല.

ഇടിയും മഴയുമുള്ള രാത്രി. ആഞ്ഞടിക്കുന്ന കാറ്റ്. കാറ്റിൽ കടപുഴകി വീഴുന്ന മരങ്ങൾ. വെള്ളച്ചാട്ടത്തിലേക്ക് ഒടിഞ്ഞു കിടക്കുന്ന വൃക്ഷത്തിന്റെ ശിഖരങ്ങൾ വെള്ളപ്പാച്ചിലിൽ അങ്ങോട്ടുമിങ്ങോട്ടും ഉലയുന്നു. ഉലയുന്ന കൊമ്പിൽ ഒരു കിളിക്കൂട്. ആ കൂട്ടിൽ രണ്ടു കൊച്ചുകിളികൾ നിർഭയരായി, സുഖമായിരിക്കുന്നു. ഇത് മനോഹരമായ ഒരു പെയിൻറിംഗ് ആണ്. ഈ ചിത്രത്തിലെ പക്ഷികൾ ദൈവത്തിന്റെ കാവലിൽ നിർഭയരായി ഉറങ്ങുന്നു. പ്രശ്നങ്ങളുടെ ലോകത്തിൽ ദൈവസാന്നിദ്ധ്യം അനുഭവിക്കുന്നവരെ വിഷാദവും നിരാശയും ഒരിക്കലും പിടികൂടുകയില്ല. അവർ പ്രതിസന്ധികളിലൂടെ, പ്രശ്നങ്ങളിലൂടെ പുതിയ അനുഭവങ്ങൾ പഠിച്ച് ധന്യരാകും.

എബ്രഹാം ലിങ്കന്റെ ജീവിതത്തിലേയ്ക്ക് തിരിച്ചുപോകാം. അമേരിക്കയുടെ ഏറ്റവും വിഷമം പിടിച്ച കാലഘട്ടത്തിൽ അദ്ദേഹം പ്രസിഡൻറായി. സ്വന്തം ഭാര്യയുടെ ക്രൂരമായ പെരുമാറ്റവും അദ്ദേഹത്തിനു സഹിക്കേണ്ടിവന്നു. പക്ഷേ യാതൊന്നും ലിങ്കനെ തളർത്തിയില്ല. തുറന്ന വേദപുസ്തകത്തിന്റെ മുൻപിൽ വിനയാന്വിതനായി മുട്ടുകുത്തി പ്രാർത്ഥിക്കുന്ന ലിങ്കനെയാണ് പലരും കണ്ടത്. പ്രത്യേകിച്ച്, 91-ാം സങ്കീർത്തനം പല പ്രാവശ്യം കണ്ണീരൊഴുക്കി അദ്ദേഹം വായിച്ചിട്ടുണ്ട്. അസാമാന്യ മനഃശക്തിയോടുകൂടി, ധീരതയോടെ പ്രശ്നങ്ങളെ നേരിട്ട് അദ്ദേഹം വിജയിച്ചു. ●



Cardinal Joseph Ratzinger



# കത്തോലിക്കാ മേധാവിത്തം

ഒരിക്കൽ രണ്ടു സന്യാസിമാർ തമ്മിൽ തർക്കമുണ്ടായതായി ഒരു കഥയുണ്ട്. ഒരാൾ പറഞ്ഞു: കൊടി പാറിപ്പറക്കുന്നു. മറ്റേയാൾ പറഞ്ഞു: കൊടിയല്ല, കാറ്റാണ് ഇളകുന്നത്. "കൊടിയുമല്ല, കാറ്റുമല്ല നിങ്ങളുടെ മനസ്സാണ് ഇളകുന്നത്"- ഈനോ എന്ന ഗുരു ഇപ്രകാരം പറഞ്ഞ് പ്രശ്നം തീർത്തുവെന്നാണ് കഥ.

മനസ്സിന്റെ ചാഞ്ചാട്ടം മതരംഗങ്ങളിൽ സാധാരണം. ഭൗതികാധികാരങ്ങളുടെ വശത്തേക്കു മനസ്സ് ചായുമ്പോൾ പുതിയ പ്രശ്നങ്ങൾ ഉണ്ടാകുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങളിൽ ദർശിച്ച തുറന്ന മനസ്സിനു കടകവിരുദ്ധമാണ് കർദിനാൾ റാത്സിംഗറിന്റെ ജൂൺ മാസത്തിലെ പ്രസ്താവന. ഇതര ക്രൈസ്തവ സഭകളെ സഹോദരീസഭകളെന്നു വിളിക്കാൻ പാടില്ലെന്നും സഭാപരമായ സമൂഹങ്ങൾ എന്നു മാത്രമാണ് സംബോധന ചെയ്യേണ്ടതെന്നും അദ്ദേഹം കത്തോലിക്കാസഭയിലെ ബിഷപ്പുമാരോട് നിർദ്ദേശിച്ചിരിക്കുന്നു. വത്തിക്കാൻ സെക്രട്ടേറിയറ്റിൽ നിന്ന് ഇപ്രകാരമൊരു രേഖ പുറത്തിറങ്ങിയതിനു പിന്നിൽ പ്രധാനമായി അഞ്ചു കാരണങ്ങൾ കാണാൻ സാധിക്കും. ഒന്ന്, റോമൻ കത്തോലിക്കാ സഭയിൽ ജോൺ പോൾ രണ്ടാമനുശേഷം മാർപാപ്പ ആര് എന്ന വിഷയം സജീവമായി ചർച്ച ചെയ്യപ്പെടുന്നു. മാർപാപ്പയുടെ പിൻഗാമിത്വകാംക്ഷികളുടെ അധികാരമത്സരത്തിലെ ഒടുവിലത്തെ വെടിയുണ്ടയാണ് റാത്സിംഗറിന്റെ ഉടക്ക്. കർദിനാൾ സംഘത്തിൽ ഭൂരിപക്ഷത്തിന്റെ പിന്തുണ ഉറപ്പാക്കാനും രണ്ടാം വത്തിക്കാൻ കൗൺസിലിൽനിന്നു സഭയെ പുറകോട്ടു കൊണ്ടുപോകാനുമുള്ള തന്ത്രമാണ് ഈ രേഖ.

രണ്ട്, ഇതര സഭകളുമായുള്ള അമിത ബന്ധം കൊണ്ടാണ് തങ്ങളുടെ സഭയിൽ ഇപ്പോൾ പല പ്രശ്നങ്ങളും ഉടലെടുത്തതെന്നു വത്തിക്കാൻ സെക്രട്ടേറിയറ്റിലുള്ള അനേകർ ചിന്തിക്കുന്നു. അത് താഴേത്തട്ടിലേക്കു കൈമാറാനുള്ള അടവുകൂടിയാണ് ഈ രേഖ. കത്തോലിക്കാസഭയിൽ വൈദികരുടെ വിവാഹം അനുവദിച്ചുകിട്ടാൻ സമ്മർദം മുറുകുന്നു. യൂറോപ്യൻ രാജ്യങ്ങളിൽ സഭാധികാരികളെ കുഴക്കുന്ന പ്രശ്നമാണിത്. സ്ത്രീകൾക്ക് പട്ടത്തം നല്കണമെന്ന ആവശ്യവും വർദ്ധിച്ചുവരുന്നു.

**The Catholic faithful are required to profess that there is a historical continuity between the Church founded by Christ and the Catholic Church. In fact, this one Church of Christ subsists in the Catholic Church governed by the Successor of Peter and by the Bishops in communion with him."**

കന്യാസ്ത്രീകളിൽ അനേകർ വിവാഹബന്ധത്തിലേക്ക് പിൻവലിയുന്നു. വിമത വൈദികർ പെരുകുന്നു. കൂടാതെ, റീത്തു പ്രസ്ഥാനങ്ങളുടെ പ്രസക്തിയെപ്പറ്റിയുള്ള ചോദ്യങ്ങൾ, ആരാധനയുമായി ബന്ധപ്പെട്ട താളക്രമങ്ങൾ, ബുദ്ധിജീവികൾ ഔദ്യോഗിക സഭാരംഗത്തുനിന്ന് അകലുന്നത്, മാർപാപ്പയുടെ കുമ്പസാര വൈചിത്ര്യങ്ങൾ ഉളവാക്കുന്ന വിരക്തി, കത്തോലിക്കാ സഭാംഗങ്ങളിൽ അനേകർ ഇതരസഭകളുമായി പുലർത്തുന്ന അനൗദ്യോഗിക കുർബാനസംസർഗം, ജനനനിയന്ത്രണം സംബന്ധിച്ച സഭാനിയമങ്ങളോടുള്ള മറുതലിപ്പ് എന്നിവയുണ്ടാകാൻ കാരണം ഇതരസഭകളാണെന്ന് നേതൃത്വത്തിലെ നല്ലൊരു വിഭാഗം ചിന്തിക്കുന്നു.

മൂന്ന്, ധിഷണാപരമായ ആന്തരിക പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കുന്നതിനുള്ള ഒരു പരിശ്രമമായിട്ടും റാത്സിംഗറിന്റെ രേഖയെ കാണാം. പോപ്പിന്റെ പരമാധികാരവും അപ്രമാദിത്ത അവകാശവാദവും കൂടുതലായി ചോദ്യം ചെയ്യപ്പെടുന്നു. പോപ്പിന്റെ കുമ്പസാര പരമ്പര തന്നെ ഈ അപ്രമാദിത്ത അവകാശവാദത്തിനു തിരിച്ചടിയാണല്ലോ. കന്യകമറിയാമിന്റെ അമലോത്ഭവവാദം, പരിശുദ്ധാത്മാവിന്റെ പുറപ്പാടു സംബന്ധിച്ച് പുത്രനിൽനിന്ന് പുറപ്പെട്ടുവെന്ന വിശ്വാസപ്രമാണത്തിലെ വ്യതിയാനം ഇവ ദൈവശാസ്ത്രപരമായി നീതീകരിക്കത്തക്കതല്ലെന്നു വിശ്വസിക്കുന്ന കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർ നിരവധിയാണ്. പത്രോസിന്റെ പിന്തുടർച്ചാവാദവും ജന്മപാപസിദ്ധാന്തവും ഭരണക്രമത്തിലെ ജനാധിപത്യ ധ്വംസനവും ചോദ്യം ചെയ്യപ്പെടുന്നു.

നാല്, രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ഇതര ക്രൈസ്തവസഭകളെ തങ്ങളുടെ ധിഷണാ വൈഭവം കൊണ്ടും സംഘടനാശക്തി കൊണ്ടും ബൗദ്ധികാധിപത്യം കൊണ്ടും, എന്തിന്, ധനം കൊണ്ടു പോലും കീഴ്പെടുത്താനുള്ള ശ്രമം നടന്നുവന്നു. ഇരുമ്പുമറയ്ക്കുള്ളിലായിപ്പോയ ഓർത്തഡോക്സ്

സഭകളും മൂന്നാം രാഷ്ട്രങ്ങളിലെ സഭകളുമാണ് കൂടുതൽ ഇരയായിത്തീർന്നത്. പക്ഷേ, അതിൽ വിജയിക്കാൻ കഴിഞ്ഞില്ലെന്നും ഇനിയൊട്ടു വിജയിക്കാനാവില്ലെന്നും ബോദ്ധ്യപ്പെട്ടതിന്റെ പരിണതഫലം കൂടിയാണ് റാത്സിംഗറിന്റെ പ്രസ്താവന.

അഞ്ച്, സാമൂഹിക-രാഷ്ട്രീയ വിഷയങ്ങളെ സംബന്ധിച്ച പോപ്പിന്റെ അഭിപ്രായങ്ങളോടും ആഹ്വാനങ്ങളോടുമുള്ള എതിർപ്പ് സ്വന്തം സഭാംഗങ്ങളിൽ നിന്നും ഇതര സഭകളിൽനിന്നും വർദ്ധിച്ചു വരുന്നത് വത്തിക്കാൻ സെക്രട്ടേറിയറ്റിനെ അടുത്തകാലത്ത് വളരെ അസ്വസ്ഥമാക്കിയിട്ടുണ്ട്. വിമോചന പ്രസ്ഥാനങ്ങളോടുള്ള ബന്ധം, വർണ്ണവിവേചനം, സ്വേച്ഛാധിപത്യം എന്നിവയോടുള്ള പോരാട്ടം, ലോകസമാധാനത്തെപ്പറ്റിയുള്ള വീക്ഷണം, നിരായുധീകരണത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്, സ്ത്രീകൾക്ക് സഭയിലും സമൂഹത്തിലുമുള്ള സ്ഥാനം എന്നീ വിഷയങ്ങൾ ഉദാഹരണം. മതബഹുലതയുടെ നടുവിൽ നി ന്നുയർന്നുവരുന്ന ഒരു ഏഷ്യൻ പോ പ്പിനു വേണ്ടിയും സാംസ്കാരികത്തനിമയ്ക്കായി പോരാടുന്ന വർഗങ്ങളിൽ നിന്നുള്ള ഒരു കറുത്ത പോപ്പിനു വേണ്ടിയുമുള്ള കാത്തിരിപ്പും മുറവിളിയും നീണ്ടുപോകാനാണ് സാദ്ധ്യത.

വിവിധ സഭകളിലെ ഏതാനും നേതാക്കളുടെ സുഹൃദ്ബന്ധത്തിലുപരിയായി താഴേത്തട്ടിലേക്ക് കത്തോലിക്ക-ഓർതഡോക്സ്-പ്രൊട്ടസ്റ്റൻറ് ഐക്യം കേരളത്തിൽ വേരൂന്നിയിട്ടില്ലാത്ത സ്ഥിതിക്ക് നിലയ്ക്കൽ കമ്മിറ്റിയും, ജീവൻ ടി.വി.യും, സ്കൂൾ-കോളജ് മാനേജർമാരുടെ സംഘടനയും നിലനില്ക്കുന്നത് നല്ലത്. അതിനാൽ *റാത്സിംഗറിന്റെ പ്രസ്താവന അതർഹിക്കുന്ന അവജ്ഞയോടെ കേരളത്തിലെ സഭകളും മാധ്യമങ്ങളും അവഗണിക്കുന്നുവെന്നതാണ് ശരി. അഴിമതിക്കെതിരെ സംയുക്ത ഇടയലേഖനങ്ങൾ ഇനിയും ഇറക്കി കേരളത്തിലെ ക്രൈസ്തവനേതാക്കൾ തൃപ്തിയടയട്ടെ. റാത്സിംഗറിന്റെ പ്രസ്താവന കത്തോലിക്കാ സഭയെ നാല്പത് വർഷം പിറകോട്ടു കൊണ്ടുപോയിരിക്കുന്നു.*

നിർഭാഗ്യവശാൽ, സഭ എന്തെന്നുള്ള വീക്ഷണത്തിൽ വ്യത്യാസങ്ങൾ നിലനില്ക്കുന്നു. റോമൻ കത്തോലിക്ക, ഓർതഡോക്സ്, പ്രൊട്ടസ്റ്റൻറ്, സെക്ടേറിയൻ വിഭാഗങ്ങൾക്ക് അവരുടേതായ വിശ്വാസസംഹിതകൾ മുറുകെപ്പിടിക്കാൻ സ്വാതന്ത്ര്യമുണ്ട്. വ്യക്തിഗത വ്യാഖ്യാനങ്ങളാൽ കുത്തഴിഞ്ഞ സെക്ടേറിയൻ വിഭാഗങ്ങൾ സഭയെന്നു വിളിക്കപ്പെടാനാവാത്തതിന്റെ കാരണം വ്യക്തമാണ്. എന്നാൽ, *ആംഗ്ളിക്കൻ സഭയുൾപ്പെടെയുള്ള എപ്പിസ്കോപ്പൽ സഭകളെ സഹോദരീസഭകളായി അംഗീകരിക്കാത്ത നടപടി, മിതമായ ഭാഷയിൽ പറഞ്ഞാൽ, ധിക്കാരപരവും പ്രതിഷേധാർഹവുമാണ്. ചരിത്രപരമായ വിഡ്ഢിത്തമായും പോപ്പിന് കുമ്പസാരിക്കാൻ മറ്റൊരു വിഷയമായും ഇതിനെ പരിഗണിക്കാം.*

വിശ്വാസപരമായി പൗരാണിക ഏകസഭയിലേക്കു മടങ്ങിവരികയെന്നത് ഇന്നത്തെ നിലയിൽ പ്രായോഗികമല്ലാതായിരിക്കുന്നു. വ്യക്തികളും സമൂഹങ്ങളും സഭകളും തമ്മിലുള്ള ബഹുമാനപൂർവമായ സമീപനവും, വിവിധ പാരമ്പര്യങ്ങൾ തമ്മിലുള്ള ആദരപൂർവമായ സംവാദവുമാണ് അഭികാമ്യം. തുറന്ന ചർച്ച നടത്തിയും ആത്മീയാനുഭവങ്ങൾ പങ്കിട്ടും മുന്നേറണം. മുറിവുകൾ പരിഹരിക്കാനുള്ള പ്രാർത്ഥനാപൂർവമായ ശ്രമങ്ങൾ വർദ്ധിക്കണം. വിഭജിത പാരമ്പര്യങ്ങൾക്കതീതമായി മാനവരാശിയുടെ ഏകോപിത പാരമ്പര്യത്തിലേക്കു പ്രവേശിക്കാനുള്ള വിശാലവീക്ഷണമാണ് ഇന്നിന്റെ ആവശ്യം. ●

**ഫാ. ഡോ. മാത്യു വൈദ്യൻ**
പ്രിൻസിപ്പൽ,
സെയ്ന്റ് പോൾസ് മിഷൻ സെന്റർ, മാവേലിക്കര

❖ ❖ ❖ ❖

സഭ ഇന്നും 16-ാം നൂറ്റാണ്ടിലാണ് ജീവിക്കുന്നതെന്നു തോന്നുന്നു. അധികാരസ്ഥാപനത്തിന്നു വേണ്ടിയുള്ള വിഡ്ഢിപ്രസ്താവനകൾ കുറച്ചൊന്നുമല്ല മുൻകാലങ്ങളിൽ സഭയെയും ക്രിസ്തുവിനെയും ദ്രോഹിച്ചിട്ടുള്ളത്. കർദിനാൾ റാത്സിംഗറിന്റെ ജൂണിലെ പ്രസ്താവന യേശുവിന്റെ ഉത്തമമാതൃകയ്ക്ക് വിരുദ്ധമാണ്.

ഒരു വ്യക്തിയോ സംഘടനയോ തങ്ങളാണ് കേമൻ എന്നു പ്രഖ്യാപിക്കുമ്പോൾ അതിന്റെ പിന്നിൽ അഹങ്കാരമാണ് പതിയിരിക്കുന്നത്. എന്നാൽ, മറ്റുള്ളവർ എന്തു പറയുന്നു എന്നന്വേഷിക്കുന്നതാണ് ക്രൈസ്തവ മാതൃക. യേശു ശിഷ്യരോടു ചോദിച്ചു: "മനുഷ്യപുത്രൻ ആരാണെന്നാണ് ജനങ്ങൾ പറയുന്ന ത്"? താൻ ആരാണെന്ന് ഒരു പൊന്തിഫിക്കൽ പ്രഖ്യാപനം നടത്തുകയല്ല; മറിച്ച്, പിതാവ് തന്നെ ഏല്പിച്ച കടമ നിർവഹണത്തെക്കുറിച്ച് ജനങ്ങൾ എങ്ങനെ പ്രതികരിക്കുന്നുവെന്ന് അ ന്വേഷിക്കുകയാണ് യേശു ചെയ്തത്. ഈ കാഴ്ചപ്പാട് അന്ത്യഅത്താഴവേളയിൽ കൂടുതൽ സ്പഷ്ടമായി യേശു ആവിഷ്കരിച്ചു.

ഇവിടെ യേശു ഒരു മാതൃകയായിത്തീരുന്നു. യേശുവിന്റെ ദൈവപുത്രസ്ഥാനം പ്രവൃത്തികളിലൂടെ ആവിഷ്കരിച്ചപ്പോഴാണ് ഉറപ്പിക്കപ്പെട്ടത്. താൻ പിതാവിലേക്കുള്ള വഴിയും സത്യവുമാണെന്ന് പറഞ്ഞു ഫലിപ്പിക്കുകയല്ല; മറിച്ച്, ജീവിച്ചു കാണിക്കുകയാണ് ചെയ്തത്. തന്റെ ജീവിതം തന്നെയായിരുന്നു യേശുവിന്റെ പ്രബോധനവും. പൗലോസ് അപ്പോസ്തലന്റെ വീക്ഷണത്തിൽ സഭ ക്രിസ്തുവിന്റെ ഭൗതികശരീരമാണ്. സഭയെന്നാൽ മാർപാപ്പയും മെത്രാനുമല്ല; കാനോൻ നിയമത്താൽ നൈയാമികമായി സംഘടിപ്പിക്കപ്പെട്ട ഒരു സംഘടനയുമല്ല; മറിച്ച്, യേശുവിന്റെ പ്രവൃത്തികൾ ചെയ്യാൻ വിളിക്കപ്പെട്ടവരുടെ ഒരു സമൂഹമാണ്. ആദിമസഭകളിൽ യേശുവിന്റെ സ്നേഹചൈതന്യത്തെ പ്രകാശിപ്പിച്ചതിന്റെ ഫലമായാണ് ജനങ്ങൾ യേശുവിങ്കലേക്ക് ആകർഷിക്കപ്പെട്ടത്. അധികാര സിംഹാസനങ്ങളിൽ നിന്നുകൊണ്ടുള്ള ദൈവശാസ്ത്രപ്രഖ്യാപനങ്ങളായിരുന്നില്ല മനുഷ്യഹൃദയങ്ങളെ യേശുവിലേക്കും അതുവഴി തിരുസഭയിലേക്കും ആകർഷിച്ചത്.

ഇന്നത്തെ കത്തോലിക്കാസഭയെന്നാൽ 1917-ൽ കുറെ ദൈവശാസ്ത്രജ്ഞന്മാർ രൂപം കൊടുത്തതും, പിന്നീട് 1980-കളിൽ പരിഷ്കരിച്ചതുമായ കാനോൻനിയമത്തിൽ നിബന്ധിതമായ ഒരു ഭൗതിക സംഘടനയാണ്. ഈ കാനോൻനിയമമനുസരിച്ച് ലോകത്തെമ്പാടുമുള്ള വിശ്വാസികളുടെ ആരാധനാകേന്ദ്രങ്ങളും അനുബന്ധ ഭൗതിക വസ്തുക്കളും റോമിലെ മാർപാപ്പയുടേതാണ്. *മാർപാപ്പ ലോകത്തിലെ ഏറ്റവും വലിയ 'മൾട്ടി നാഷണൽ സാമ്പത്തിക കോർപ്പറേഷ'ന്റെ ചോദ്യം ചെയ്യപ്പെടാനാവാത്ത അധികാരിയാണ്. റോം കേന്ദ്രീകൃതമായ കോർപ്പറേഷനെയാണ് കത്തോലിക്കാസഭയായി വിശ്വാസികളും ജനങ്ങളും ഇന്നു കാണുന്നത്.* മാത്രമല്ല, ഈ കോർപ്പറേഷന്റെ പരമാധികാരി ഒരു രാജ്യത്തിന്റെ തലവനും കൂടിയാണ്!

ഒരർഥത്തിൽ, മറ്റെല്ലാ സഭകളെക്കാളും ഇക്കാര്യത്തിൽ ഒന്നാം സ്ഥാനം കത്തോലിക്കാസഭയ്ക്കു തന്നെയാണ്. ജീവിച്ചിരുന്നപ്പോൾ തല ചായ്ക്കാൻ ഇടമില്ലാതിരുന്ന യേശുവിന്റെ പേരിൽ, ലോകത്തെമ്പാടും, ഇത്രയും സമ്പത്തും അധികാരവും അനിഷേധ്യമായി അവകാശപ്പെടാവുന്ന മറ്റൊരു സഭയില്ല. 'ഡോമിനസ് ജീസസ്' എന്ന പുതിയ പ്രഖ്യാപനത്തിൽ, സഭയുമായുള്ള യേശുവിന്റെ ഐക്യവും സഭയുടെ

ഐക്യവും (unicity and unity of the Church) എന്നതിന്റെ അർഥം ഇങ്ങനെ വിവരിക്കുന്നു: "The Lord Jesus continues his presence and his work of salvation in the Church and by means of the Church which is his body. Just as the head and members of a living body, though not identical, are inseparable, so too Christ and the Church can neither be confused nor separated. Therefore, in connection with the unicity and universality of the salvific mediation of Jesus Christ, the unicity of the Church founded by him must be firmly believed as a truth of Catholic faith. The Catholic faithful are required to profess that there is a historical continuity between the Church founded by Christ and the Catholic Church. In fact, this one Church of Christ subsists in the Catholic Church governed by the Successor of Peter and by the Bishops in communion with him."

അപ്പോൾ, പത്രോസിന്റെ പിൻഗാമികളായ മാർപാപ്പമാരുടെയും മെത്രാന്മാരുടെയും ആഗോള ഭൗതികസമ്പത്തിലെല്ലാം യേശു സന്നിഹിതനാണെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്. അതായത്, യേശുവിന്റെ രക്ഷാകരപദ്ധതിയുടെ നടത്തിപ്പുകാരൻ ലോകമെമ്പാടുമുള്ള വമ്പിച്ച സമ്പത്തിന്റെ ഉടമയും വത്തിക്കാൻ രാജ്യത്തിന്റെ തലവനുമായ മാർപാപ്പയാണ്. പത്രോസിനോടും ശിഷ്യരോടും എല്ലാ ജനതയോടും സുവിശേഷം പ്രസംഗിക്കാനല്ലാതെ, കാനോൻ നിയമം പ്രഖ്യാപിച്ച് സഭാസമ്പത്തെല്ലാം സ്വായത്തമാക്കാൻ യേശു കല്പിച്ചുവോ, എന്തോ?

ഗീവർഗീസ് പുണ്യവാന്റെ ഭക്തയായ ഒരു അമ്മൂമ്മ പാമ്പിൽ നിന്നു രക്ഷ പെടാൻ വേണ്ടി പള്ളിയിൽ പോയി പ്രാർത്ഥിക്കുകയും ഗീവർഗീസിന്റെ കാലുതൊട്ടു വന്ദിക്കുകയും ചെയ്തുപോന്നു. അതൊടൊപ്പം, വ്യാളിയുടെ വാല് തൊട്ടു വന്ദിക്കാനും അമ്മൂമ്മ മറന്നില്ല. ഒരു ഭക്തൻ അമ്മൂമ്മയോടു ചോദിച്ചു: "എന്താ അമ്മൂമ്മേ, ഇങ്ങനെ?". അവർ പ്രതികരിച്ചുപോലും: "പാമ്പിന്റെ കാര്യമല്ലേ, ആരിൽ നിന്നാണ് രക്ഷ കിട്ടുന്നതെന്നാർക്കറിയാം? പാമ്പിനെയും പിണക്കേണ്ട എന്നു വച്ചു".

ഇവിടെയാണ് ഒരു വലിയ ദൈവശാസ്ത്രപ്രശ്നം. വത്തിക്കാനിലെ രാഷ്ട്രത്തലവനും സഭയുടെ ലോകമെമ്പാടുമുള്ള ഭൗതികസ്വത്തുക്കളുടെ ചോദ്യം ചെയ്യപ്പെടാനാവാത്ത അധികാരിയുമായ ഒരാളാണോ യേശുവിന്റെ രക്ഷാകരകർമത്തിന്റെ വിശുദ്ധീകരണപ്രക്രിയയെ വിശ്വാസികൾക്കു നൽകേണ്ടത്? പൊന്നും വെള്ളിയും ഇല്ലാതിരുന്ന പത്രോസിനെയാണ് ക്രിസ്തു തന്റെ സഭയെ നയിക്കാൻ ഏല്പിച്ചത്. അദ്ദേഹത്തിന്റെ പിൻഗാമി രാഷ്ട്രത്തലവനായിരുന്നുകൊണ്ടും, രാഷ്ട്രനേതാക്കളുമായി തോളോടുതോൾ ചേർന്നു നിന്നുകൊണ്ടുമാണോ ക്രിസ്തുവിന്റെ ഈ രക്ഷാകരകർമത്തിന്റെ വിതരണം നിർവഹിക്കേണ്ടത്? ചെന്നായ്ക്കളുടെ ഇടയിലേക്കു കുഞ്ഞാടുകളെയെന്ന പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു എന്നു പറഞ്ഞ്, പൂർണ നിസ്സഹായരായി, ഒന്നുമില്ലാത്തവരായിട്ടായിരുന്നു യേശു 70 ശിഷ്യന്മാരെ അയച്ചത്. ഇന്ന് കുഞ്ഞാടുകളുടെ ഇടയിലേക്ക് ചെന്നായ്ക്കളെ അയയ്ക്കുന്നതുപോലെയല്ലേ ഈ അന്താരാഷ്ട്ര സാമ്പത്തിക കോർപറേഷൻ ഭരണാധികാരികളെ വിശ്വാസികളുടെ ഇടയിലേക്ക് അയയ്ക്കുന്നത്? "നീ പരിപൂർണനാകാനാഗ്രഹിക്കുന്നുവെങ്കിൽ നിന്റെ സ്വത്തുക്കളെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക" എന്നു പറഞ്ഞ യേശുവിന്റെ ഈ ശിഷ്യന്മാർ കാനോൻനിയമത്തിന്റെ പേരിൽ വമ്പിച്ച സമ്പത്ത് അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇതു വിറ്റു ദരിദ്രർക്കു നൽകിയാൽ ലോകത്തെമ്പാടുമുള്ള ദാരിദ്ര്യം അവസാനിക്കില്ലേ?

ക്രിസ്തുവിന്റെ ഇത്തരം കല്പനകളെല്ലാം വെറും നേരമ്പോക്കുകളായിക്കണ്ട്, തങ്ങളിലൂടെ മാത്രമേ രക്ഷ സാധിക്കൂ എന്നു പ്രഖ്യാപിക്കുമ്പോൾ മറ്റുള്ളവർ പുച്ഛിച്ചാൽ നമുക്കവരെ കുറ്റം പറയാനാവില്ല..... ●

**ജോസഫ് പുലിക്കുന്നേൽ**

❖ ❖ ❖ ❖



കർദിനാൾ റാത്സിംഗറിന്റെ പ്രസ്താവനയിലും ബിഷപ്പ് ജോസഫ് പള്ളിക്കാപ്പറമ്പിലിന്റെ നടപടിയിലും ഈ ലേഖകന് കാര്യമായ ഞെട്ടലൊന്നുമുണ്ടായില്ല. കാരണം, താഴേത്തട്ടിലുള്ള കത്തോലിക്കാസഭാംഗങ്ങളോടും വൈദികരോടും ഇടപെട്ടിട്ടുള്ളതിൽ നിന്ന് ഒരു കാര്യം വ്യക്തമായിട്ടുണ്ട്-ആ സഭയിൽ അനുസരണമുള്ള കുഞ്ഞാടുകളും, റിബലുകളായ നിഷേധികളുമേ ഉള്ളൂ. മധ്യവർത്തികൾക്ക് അവിടെ കാര്യമായ സ്ഥാനമൊന്നുമില്ല. അനുസരണമുള്ള കുഞ്ഞാടുകൾക്കും ഇടയന്മാർക്കും 'വല്യേട്ടൻ' മനോഭാവം എന്നാളും കാണപ്പെട്ടിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ 'തുറക്കപ്പെട്ട വാതായനങ്ങളുടെ' സ്വാധീനം കേരളത്തിലെ കത്തോലിക്കാസഭയെ കാര്യമായി ബാധിച്ചിട്ടില്ല. കൊട്ടിഘോഷിക്കപ്പെട്ട രണ്ടാം വത്തിക്കാനു ശേഷവും എത്രായിരങ്ങളെ മറ്റു സഭകളിൽ നിന്ന് അവർ പിടിച്ചുകൊണ്ടു പോയിട്ടുണ്ട്. വിശ്വാസത്തിന്റെ പേരിലല്ല ഈ സഭാമാറ്റമെന്നതു വളരെ വ്യക്തമാണ്.

രണ്ടാം വത്തിക്കാന്റെ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ യഥാർത്ഥ എക്യുമെനിക്കൽ വീക്ഷണത്തെക്കാൾ മറ്റു പലതുമാണ് കത്തോലിക്കാസഭയെ സ്വാധീനിച്ചതെന്നു ചിന്തിക്കാൻ വഴിയുണ്ട്. ഒന്നാമത്, കമ്യൂണിസത്തിന്റെ വളർച്ച. പാശ്ചാത്യക്രൈസ്തവരുടെ ചരിത്രത്തിൽ ഇസ്ലാമിന്റെ ഭീഷണി കഴിഞ്ഞാൽ ഗൗരവമായി അവരെ അലട്ടിയിരുന്നത് കമ്യൂണിസത്തിന്റെ വളർച്ചയായിരുന്നു. സഭയുടെ സ്ഥാപനവല്ക്കരണത്തെ തകിടം മറിക്കാൻ കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന് കഴിവുണ്ടെന്ന് ഒരിക്കൽ അവർ ചിന്തിച്ചിരുന്നു. സോവിയറ്റ് റഷ്യ, ക്രൂഷ്ചേവിന്റെ നേതൃത്വത്തിൽ വളർച്ചയുടെ ഔന്നത്യത്തിൽ എത്തിയ സമയമായിരുന്നല്ലോ അറുപതുകൾ. രണ്ടാമത്, വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ വളർച്ച. 1961-ലെ ന്യൂഡൽഹിസമ്മേളനം കൂടി കഴിഞ്ഞപ്പോൾ റഷ്യ തുടങ്ങിയ ബൈസാന്റിയൻ ഓർതഡോക്സ് സഭകളും അതിൽ അംഗങ്ങളായി. പ്രൊട്ടസ്റ്റന്റ് ഓർതഡോക്സ് സഭകളിലെ കരുത്തുറ്റ ദൈവശാസ്ത്രജ്ഞന്മാരുടെ നേതൃത്വം സഭകളുടെ ലോകകൗൺസിലിനെക്കുറിച്ച് വലിയ മതിപ്പും പ്രത്യാശയും നൽകി. ഒരു വശത്ത് നിരീശ്വരമതത്തിന്റെ വളർച്ചയും, മറുവശത്ത് കത്തോലിക്കേതര സഭകളുടെ കൂട്ടായ്മയും കത്തോലിക്കാസഭയെ അല്പം ഒറ്റപ്പെടലിന്റെ അനുഭവത്തിലേക്കു നയിച്ചിരിക്കണം. ഈ പശ്ചാത്തലത്തിലാണ് കുറച്ച് എക്യുമെനിക്കൽ ആശയങ്ങൾ കൂടിയാവാമെന്ന പരിചിന്തനം വത്തിക്കാൻ രണ്ടിൽ ഉണ്ടായത്. ഇന്ന് ഈ രണ്ടു

ഭീഷണിയും ഇല്ലാതായിരിക്കുന്നു. കമ്യൂണിസം പാടേ തകർന്നു. കത്തോലിക്കാസഭയ്ക്ക് അതൊരു ഭീഷണിയേയല്ല. സഭകളുടെ ലോകകൗൺസിലും നിരങ്ങി നീങ്ങുന്നുവെന്നേയുള്ളൂ. പ്രാദേശിക ചുറ്റുപാടിൽ പ്രയോഗിക്കാവുന്ന ചില സിദ്ധാന്തങ്ങളല്ലാതെ ആഗോളവ്യാപകമായി ചിന്താവിഷയമാകുന്ന ഗൗരവമായ പ്രഖ്യാപനങ്ങൾ ഉണ്ടാവുകയോ, ഉണ്ടായാൽ തന്നെ നടപ്പാക്കാനുള്ള സംവിധാനമോ ഇന്നില്ല. ലോകത്ത് അമേരിക്കയ്ക്ക് എങ്ങനെ ആധിപത്യം സ്ഥാപിക്കാനാവുമോ അതുപോലെ തന്നെ കത്തോലിക്കാസഭയ്ക്കു മറ്റു സഭകളുടെ മേൽ അധീശത്വം സ്ഥാപിക്കാനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായിരിക്കുന്നു. “വനിതാപൗരോഹിത്യം, സ്വവർഗഭോഗികളുടെ പൗരോഹിത്യം തുടങ്ങിയ വിഷയങ്ങളെച്ചൊല്ലി പ്രബലമായ ആംഗ്ലിക്കൻ സഭ ആടിയുലയുന്നുണ്ട്. മിക്ക ഓർത്തഡോക്സ് സഭകളും ഇവിടെയെന്നപോലെ ആഭ്യന്തരകലഹത്തിലാണ്. പ്രൊട്ടസ്റ്റന്റ് സഭകളും, പെന്തക്കോസ്ത് വിഭാഗങ്ങളും നൂറുകണക്കിന് ഉപവിഭാഗങ്ങളായി പിരിഞ്ഞുപോകുന്നു. ഈ പശ്ചാത്തലത്തിൽ കുറെയെങ്കിലും കെട്ടുറപ്പ് ഇപ്പോഴും കത്തോലിക്കാസഭയ്ക്ക് അവകാശപ്പെടാം. സംഖ്യാബലത്തിലും, സ്ഥാപനശക്തിയിലും, സാമ്പത്തികത്തിലും മറ്റു സഭകൾക്ക് അവരോട് മത്സരിക്കാനാവുകയില്ല. ലോകത്തിലെ വല്ല്യേട്ടനായ അമേരിക്ക ചെറുകിട രാജ്യങ്ങളോടു കാണിക്കുന്ന ഔദാര്യം പോലെയല്ലാതെ സമഭാവനയോടെ മറ്റുള്ളവരോട് ഇടപെടുവാൻ അവർക്കാവില്ല. സമഭാവന സമന്മാർ തമ്മിലാണല്ലോ. താഴ്മയുള്ള ധനികനെ സങ്കല്പിക്കാനല്ലാതെ പ്രായോഗികതയിൽ കണ്ടുമുട്ടുവാൻ വളരെ വിഷമം. ഭൗതികശക്തിയിൽ കത്തോലിക്കാസഭ മികച്ചു നിൽക്കുന്നിടത്തോളം, അതിന്റെ ദൈവശാസ്ത്രത്തിലും ഇതരസഭകളോടുള്ള ഇടപെടലിലും ഈ ‘വല്ല്യേട്ടൻ മനോഭാവം’ എന്നാളും നിഴലിച്ചു നില്ക്കുക തന്നെ ചെയ്യും. മറ്റു സഭകളും ഇതിൽ നിന്ന് ഭിന്നമെന്ന് ധരിക്കേണ്ടതില്ല. ഭൗതികശക്തിയിലും, സംഖ്യാബലത്തിലും തങ്ങളേക്കാൾ ചെറിയവരോട് സമഭാവന പുലർത്തുവാൻ കത്തോലിക്കാസഭയെ വിമർശിക്കുന മറ്റുള്ളവർക്കും സാധ്യമാകുമെന്ന് തോന്നുന്നില്ല. നിർഭാഗ്യമെന്നു പറയട്ടെ, *കത്തോലിക്കാസഭയെ വിമർശിക്കുമ്പോഴും, അധികാരകേന്ദ്രീകരണത്തിലും സ്ഥാപനവളർച്ചയിലും അവരെ അനുകരിക്കാനാണ് മിക്കസഭകളിലെ നേതാക്കളും ശ്രമിക്കുന്നത്. ക്രിസ്തുവിന്റെ വെറുമയാക്കലും, ത്യാഗവും, വിനയവുമൊന്നും മിക്ക സഭകളിലെ നേതാക്കന്മാരുടെ അടുത്തെങ്ങും എത്തിയെന്ന് തോന്നുന്നില്ല. കത്തോലിക്കാസഭയുടെ മാതൃക വിട്ടുകളഞ്ഞ് ആദിമ അപ്പോസ്തലികസഭയുടെ കൂട്ടായ്മയും ത്യാഗവും വിനയവും പങ്കിടുന്ന ഒരു ശൈലി മറ്റു സഭകൾ വളർത്തുന്നതുകൊള്ളാം.* ക്രിസ്തുവിന്റെ മനസ്സ് പ്രതിഫലിപ്പിക്കുവാൻ ബൗദ്ധിക പരിചിന്തനങ്ങളോടൊപ്പം ജീവിതശൈലിയിലുള്ള രൂപാന്തരവും സംഭവിക്കണം. അമേരിക്കൻ മുതലാളിത്തത്തിന് ജീർണത സംഭവിക്കുവാൻ അതിനുള്ളിലെ വൈരുധ്യങ്ങളായിരിക്കും കാരണമാവുന്നത്. തല്ക്കാലം പുറമെ നിന്നുള്ള യാതൊരു ശക്തിക്കും അവരെ കീഴ്പെടുത്താനാവില്ല. അതുപോലെ പൗരോഹിത്യത്തിന്റെ നിർബന്ധ ബ്രഹ്മചര്യം തുടങ്ങി വേദപുസ്തകത്തിനും പാരമ്പര്യത്തിനും നിരക്കാത്ത തിന്മകൾ ഭാവിയിൽ കത്തോലിക്കാസഭയുടെ നിലപാടുകളെ പുനഃപരിശോധിപ്പിച്ചേക്കാം. സംഖ്യാബലവും സാമ്പത്തികശക്തിയും നിലനില്ക്കുന്നിടത്തോളം കാലം കത്തോലിക്കാസഭയുടെ ഇതര സഭകളോടുള്ള കാഴ്ചപ്പാടിൽ കാര്യമായ വ്യതിയാനം വരുമെന്നു തോന്നുന്നില്ല ●

**ഫാ. ഡോ. ഒ. തോമസ്**
പ്രൊഫസർ, ഓർത്തഡോക്സ് തിയോളജിക്കൽ
സെമിനാരി, കോട്ടയം

❖ ❖ ❖ ❖

**റോ**മൻ കത്തോലിക്കാസഭയിൽ പെടാത്ത ക്രൈസ്തവസഭകളെ സഹോദരീസഭകളായി കാണരുതെന്ന പ്രസ്താവന ഇന്നത്തെ ഇൻഡ്യൻ ക്രൈസ്തവരുടെ നിലപാടിൽ ശരിയാണോയെന്ന് ചിന്തിക്കുക. ക്രൈസ്തവസഭകൾ ഒന്നിച്ചു നിൽക്കാതെയിരുന്നാൽ കൂടുതൽ ഉപദ്രവത്തിന് നാം വിധേയരാകുമെന്നതിനു സംശയമില്ല. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് ഏതെങ്കിലും സഭയിൽ സ്നാനപ്പെട്ട് ചേരുകയും, ത്രിയേകദൈവത്തിൽ വിശ്വസിക്കുന്നവർ കൈകോർത്തു നിന്ന് ഈ പരമസത്യം ഉദ്ഘോഷിക്കുകയും ചെയ്യേണ്ടത് ഇന്ന് ഇൻഡ്യയുടെ ആവശ്യമാണ്. അല്ലെങ്കിൽ ഇതര സമുദായക്കാർ നുഴഞ്ഞു കയറി സഭയെ നശിപ്പിക്കുവാനും തകർക്കുവാനും നോക്കും. സഭകൾ തമ്മിൽ വഴക്കുണ്ടാക്കാതെ മറ്റുള്ളവരെ സഭയോടു ചേർക്കുവാൻ ശ്രമിക്കുക. ●

**പത്മഭൂഷൺ**
**ഡോ. ജേക്കബ് ചെറിയാൻ,**
അമ്പിളിക്കൈ

❖ ❖ ❖ ❖

**സ**ഭയുടെ അസ്തിത്വം തന്നെ ശക്തമായി ചോദ്യം ചെയ്യപ്പെടുമ്പോൾ, അതും ഭാരതത്തിലെ എണ്ണപ്പെട്ട ദേശീയനേതാക്കളാൽ, കത്തോലിക്കരുടെ അപ്രമാദിത്തവാദം അർത്ഥശൂന്യമാണ്. എല്ലാ സഭകളും അവയുടെ സ്ഥാപിത താല്പര്യങ്ങൾ ക്രൂശിൽ ബലിയർപ്പിക്കാൻ മനസ്സുവച്ച് ഭാരതത്തിന്റെ ദേശീയധാരയിൽ അലിഞ്ഞുചേരുവാൻ തയാറാകുമ്പോൾ ഉയിർപ്പിന്റെ ശക്തിയോടെ ദൈവം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ കെട്ടുപണി ചെയ്യും. അവിടെ കത്തോലിക്കരോ ആംഗ്ലിക്കരോ എന്നില്ല. പണക്കാരെന്നും പാവപ്പെട്ടവരെന്നുമില്ല, പണ്ഡിതരെന്നും പാമരരെന്നുമില്ല. എല്ലാവരിലും വ്യാപരിക്കുന്ന ആത്മാവ് ക്രിസ്തുവിൽ എല്ലാവരെയും, ക്രിസ്ത്യാനികളെ മാത്രമല്ല, ഒന്നായി സംയോജിപ്പിക്കും. അന്നവിടെ കർദിനാൾമാർക്ക്, എന്തിന്, മാർപാപ്പായ്ക്കുവരെ എന്തെങ്കിലും അധികാരം (ആത്മീയതയല്ലാതെ) കാണുമോ എന്ന് സംശയമാണ്. ഈ യഥാർത്ഥ എക്യുമെനിസത്തിന്റെ വിളഭൂമിയായിത്തീരാനാണ് ഇൻഡ്യയിലെ സഭകളെ ദൈവം ആഹ്വാനം ചെയ്യുന്നത്. ഗ്രാമീണതലത്തിൽ അവിടവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ചില അനുഭവങ്ങൾ ഈ ദർശനത്തിൻെറ അച്ചാരമായ അടയാളങ്ങളാണ്. അവിടെ ഉറച്ചുനിന്നുകൊണ്ട്, ഏതു കർദിനാൾ ആവശ്യപ്പെട്ടാലും കൂട്ടാക്കാതെ, യഥാർത്ഥസഭയുടെ ലക്ഷണം പ്രഖ്യാപിക്കാനാണ് ഇന്നിന്റെ ആഹ്വാനം. ●


**റവ. എ. സി. ഉമ്മൻ, കവിയൂർ**

**സ**ഭ ‘വിശക്കുന്നവന് അപ്പം’ കൊടുക്കുന്ന കാലം കഴിഞ്ഞു. പ്രൊട്ടസ്റ്റന്റ് സഭകളിൽ പുരോഹിതന്മാർക്കു വിവാഹം ചെയ്യാമെന്നിരിക്കെ അവർ ഉയർന്ന കുടുംബനാഥന്മാരും വരുമാനക്കാരുമായിത്തീരുന്നു. ‘അച്ചൻപദവി’ യഥാർത്ഥത്തിൽ സാമ്പത്തികഭദ്രതയുള്ള, സാമൂഹിക സുരക്ഷിതത്വമുള്ള തൊഴിലാണിന്ന്. ബിഷപ്പിന്റെ വീട് അരമനയാണെങ്കിൽ അച്ചന്റേത് പാഴ്സനേജ്. നല്ല ശമ്പളം, പെൻഷൻ, പ്രോവിഡന്റ് ഫണ്ട്, നൂറുകണക്കിനു മറ്റാനുകൂല്യങ്ങൾ. സഭാസ്ഥാപനങ്ങളിൽ ഭാര്യമാർക്കും മക്കൾക്കും (അലിഖിതമായ) തൊഴിൽ സംവരണം. തൊഴിൽ, കുടുംബം എന്നിങ്ങനെയുള്ള വിഷയങ്ങളിൽ കടിപിടി കൂടുന്ന പുരോഹിതന്മാർക്ക് യഥാർത്ഥത്തിൽ വിശക്കുന്ന സഭാംഗത്തെ കണ്ടെത്താൻ കഴിയുന്നില്ല. ഒരു കാലത്ത് അവർ വീടുകളിലെത്തി ആത്മാവിന്റെയും ശരീരത്തിന്റെയും ക്ഷേമം അന്വേഷിച്ചിരുന്നു. ഇന്നിത് കാറോ, ബൈക്കോ ഉണ്ടെങ്കിൽ വന്നേക്കാം എന്ന അവസ്ഥയിലാണ്. സംഘർഷഭരിതനായ പൗരൻ എന്ന നിലയിൽ സാധാരണ ക്രിസ്ത്യാനി അനാഥനാണ്.

ഏബ്രഹാം മാത്യു

# ഉൾക്കാഴ്ച

ഡോ. സി. ജെ. റോയ്



## ക്രിസ്മസ് ചിന്തകൾ

വീണ്ടുമിതാ ക്രിസ്മസ്. ആകാശത്തും ഭൂമിയിലും ഉള്ള സമസ്തവസ്തുക്കളുടെയും സ്രഷ്ടാവ് മനുഷ്യാവതാരം പൂണ്ടതിന്റെ ഓർമ. എന്റെ ശൈശവകാല അനുഭവങ്ങളിൽ ഏറ്റവും ആഹ്ലാദകരമായ ഒന്ന് ക്രിസ്മസുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്മസ് എന്നാൽ നക്ഷത്രവിളക്കുകളും സംഗീതവും, എങ്ങും പരന്നൊഴുകുന്ന സന്തോഷവും ആയിരുന്നു എനിക്ക്. ക്രിസ്മസിനു തൊട്ടുമുമ്പുള്ള നാളുകളിൽ ഞങ്ങൾ, കുട്ടികൾ, മടൽപൊളികൾ ചീകി മിനുക്കി നേർത്ത വർണക്കടലാസു കൊണ്ട് നിറം പകർന്ന് പല വലിപ്പത്തിലും ആകൃതിയിലുമുള്ള നക്ഷത്രവിളക്കുകളുണ്ടാക്കി. വീട്ടുമുറ്റത്തു നാട്ടിയ വലിയൊരു ചൂളമരക്കൊമ്പിന്റെ ശാഖകളിൽ ഞങ്ങൾ അവ തൂക്കിയിട്ടു. രാത്രിയിൽ അവയ്ക്കുള്ളിൽ കൊച്ചുമെഴുകുതിരികൾ ശ്രദ്ധാപൂർവം കൊളുത്തിവച്ചു. നക്ഷത്രവിളക്കുകളുടെ അലൗകികമായ വെളിച്ചത്തിൻ കീഴിലിരുന്ന് ഞങ്ങൾ പാടുകയും കഥകൾ പറയുകയും ചെയ്തു. പിന്നെ രാത്രിയിലെപ്പോഴോ 'അത്ഭുതം കേൾ, അത്ഭുതം കേൾ ദേശികരേ' എന്നാരംഭിക്കുന്ന പാട്ടുമായി വന്നെത്താനിടയുള്ള ഗായകസംഘങ്ങൾക്കായി കാത്തിരുന്നു. വീട്ടുമുറ്റത്തുള്ള വിളക്കുകളാണ് യേശുവിനു വീട്ടിലേയ്ക്കുള്ള വഴി കാണിക്കുന്നതെന്നും ഗായകസംഘാംഗങ്ങളിൽ ഒരാളായാണ് യേശുവിന്റെ വരവെന്നും ഞാൻ വിശ്വസിച്ചു.

അത് ഏറെക്കാലം മുമ്പായിരുന്നു. നഗരജീവിതത്തിന്റെ പകിട്ടുകൾ എത്തിത്തുടങ്ങുന്നതിനു മുമ്പ്. കൃഷിയായിരുന്നു അന്നു ഞങ്ങളുടെ ജീവനോപായം-നെല്ലും തേങ്ങയും പലതരം കിഴങ്ങുവർഗങ്ങളും. ഭൂമി നൽകുന്ന ദാനങ്ങളായി അവയെ ഞങ്ങൾ കരുതി. അതുകൊണ്ട് അവയിലൊരംശം ആവശ്യക്കാർക്കു ദാനമായി നൽകാൻ ഞങ്ങൾ മടിച്ചില്ല. ഭക്ഷിക്കുന്നതുതന്നെയും ഒറ്റയ്ക്കാകരുതെന്നായിരുന്നു അന്നു പ്രമാണം. വീട്ടിൽ മാത്രമല്ല, വീടിനു വെളിയിലും സമാധാനം നിലനിന്നു. എപ്പോഴെങ്കിലും കലഹങ്ങളുണ്ടായാൽ എത്രയും വേഗം, കഴിയുമെങ്കിൽ അത്താഴത്തിനുമുമ്പുള്ള പ്രാർത്ഥനയ്ക്കും ഉറക്കത്തിനും മുമ്പ്, അവ പറഞ്ഞുതീർക്കണമെന്നാണ് ഞങ്ങൾക്കു കിട്ടിയിരുന്ന ഉപദേശം. ആവുന്നിടത്തോളം അതു ഞങ്ങൾ പാലിക്കുകയും ചെയ്തു.

എപ്പോൾ, എങ്ങനെ ആ നാളുകൾ നമുക്കു നഷ്ടപ്പെട്ടുവെന്ന് അറിഞ്ഞുകൂടാ. നാട്ടിൻപുറത്തെ കാർഷിക സംസ്കാരത്തെ തള്ളിമാറ്റിയത് ആധുനിക നാഗരികത കടന്നുവന്നതിനെ തുടർന്നാണോ? കാർഷികവൃത്തിയിൽ നിന്നു കച്ചവടത്തിലേക്കുള്ള മാറ്റം നമ്മിലുള്ള പല നന്മകളും നഷ്ടപ്പെടുത്തുമെന്നു എനിക്കു തോന്നുന്നു. ശാരീരികസൗഖ്യം മാത്രം നൽകുന്നതും മനസ്സിന്റെ മനോഹാരിത ഇല്ലാതാക്കുന്നതുമായ എന്തെന്തു വിഭവങ്ങളാണ് മഴക്കാലത്തെ കൂണുകൾപോലെ അതിവേഗം മുളച്ചുവളരുന്ന കച്ചവടപ്പീടികകളിൽ! വൈവിധ്യ *വൈചിത്ര്യങ്ങളേറെയുള്ള ക്രിസ്മസ് വിളക്കുകൾ മാത്രമല്ല വിദേശനിർമിതങ്ങളായ ക്രിസ്മസ് മരങ്ങൾ പോലും കടകളിൽ നിന്നു കിട്ടും. പഴയ ഗായകസംഘങ്ങളെ നിഷ്പ്രഭമാക്കുന്ന പുത്തൻപാട്ടുകളുടെ കാസറ്റുകളും, മുന്തിയ രുചിയും ഗന്ധവുമുള്ള മധുരപലഹാരങ്ങളും, വിലയ്ക്കു വാങ്ങാവുന്ന വിഭവങ്ങളിൽ ഉൾപ്പെടും. കിട്ടാനില്ലാത്തത്, ഒരിക്കൽ ക്രിസ്മസ് നൽകിയിരുന്ന സന്തോഷവും സമാധാനവും!*

അഥവാ, ക്രിസ്മസിനു മാത്രമല്ല, ക്രിസ്തുമതത്തിനാകെയും ഇതല്ലേ സംഭവിച്ചിരിക്കുന്നത്! ക്രിസ്തുവിൻെറ ജനനത്തെ മനുഷ്യവർഗത്തിനാകെ ഉണ്ടായ പുതിയൊരു ജനനമായാണ് ആദിമക്രിസ്ത്യാനികൾ കണ്ടത്. ക്രിസ്മസ് എല്ലാവർക്കും സന്തോഷകരമായ ഒരു അനുഭവമായി കരുതപ്പെട്ടതും അതുകൊണ്ടാണ്. രോഗികളെ സൗഖ്യമാക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ഭൂതങ്ങളെ പുറത്താക്കുകയും വേദനിക്കുന്നവരെ ആശ്വസിപ്പിക്കുകയും ചെയ്ത യേശു മറ്റുള്ളവർക്കു വേണ്ടിയല്ലാതെ തനിക്കായി ഏതെങ്കിലും അത്ഭുതം പ്രവർത്തിക്കുകയോ സ്വന്തം വേദനകളിൽ നിന്ന് ഒഴിഞ്ഞു മാറുകയോ ചെയ്തിരുന്നില്ല. അതായിരുന്നു ക്രിസ്തുവിന്റെ മഹത്ത്വം. അത് ഉൾക്കൊള്ളാൻ കഴിഞ്ഞതുകൊണ്ട് ക്രിസ്തുവിന്റെ ആത്മാവിന്റെയും ശരീരത്തിന്റെയും ഭാഗമെന്ന നിലയ്ക്കുള്ള ആദ്ധ്യാത്മികതയുടെ പച്ചയായ പുല്പുറങ്ങളിൽ കിടക്കുവാനും ആന്തരികശാന്തിയുടെ സ്വസ്ഥജലത്തിനരികിലേക്ക് നടക്കുവാനും നമ്മുടെ പൂർവികർക്കു കഴിഞ്ഞു. ശാസ്ത്ര-സാങ്കേതികരംഗങ്ങളുടെ അഭൂതപൂർവമായ വളർച്ച നൽകിയ വൈയക്തിക സുഖസൗകര്യങ്ങളിൽ മുഴുകിയപ്പോൾ 'സ്വർഗത്തിലുള്ള ഒരു അപ്പന്റെ മക്കളും, ആ നിലയ്ക്കു സഹോദരങ്ങളും, പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടവരും' (യോഹ.15:9-17) ആണെന്നു നാം മറന്നു. ആ മറവിയിൽ ഭയസംഭ്രമങ്ങളിൽ മുഴുകി അശാന്തിയുടെ കൂരിരുൾ താഴ്വരകളിൽ അലയാൻ വിധിക്കപ്പെട്ടവരായിത്തീർന്നിരിക്കുന്നു നാം. കേരള കത്തോലിക്കാസഭയുടെ സഹസ്രാബ്ദ ദിവ്യകാരുണ്യ കോൺഗ്രസ്സിനോടനുബന്ധിച്ചു നടന്ന സുവിശേഷപ്രഘോഷണസമ്മേളനത്തിൽ തിരുവനന്തപുരം ആർച്ച്ബിഷപ്പ് തൊടുത്തു വിട്ട ഒരു ചോദ്യത്തിന് ആത്മപരിശോധനയിലൂടെ ഉത്തരം തേടുന്നതിൽ ഈ ക്രിസ്മസ് വേളയിൽ നാം പങ്കുചേരുക. രണ്ടായിരം വർഷത്തെ പാരമ്പര്യം അവകാശപ്പെടുന്ന നമ്മുടെ സഭയ്ക്ക് യേശു ആഗ്രഹിച്ച തരത്തിലുള്ള ദൈവജനസമൂഹമായി മാറാൻ കഴിഞ്ഞിട്ടുണ്ടോ?

## സഭാസമാധാനത്തിലേയ്ക്കുള്ള പടവുകൾ

സമൂഹത്തിലെ തിന്മകൾക്കും അസമാധാനങ്ങൾക്കും എതിരായുള്ള യുദ്ധത്തിൽ ഒരു ഒറ്റയാൾ പട്ടാളമാണ് ഓർതഡോക്സ് സഭയിലെ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത. ദൈവം തന്നോടൊപ്പമുണ്ടെന്ന വിശ്വാസമാണ് അദ്ദേഹത്തിന്റെ ബലം. സമാധാനത്തിന് അവശ്യം വേണ്ടത് സ്നേഹമാണെന്ന തന്റെ അഭിപ്രായം ആവർത്തിച്ചുകൊണ്ട് ഓർതഡോക്സ് സഭയിൽ സമാധാനം സ്ഥാപിക്കുന്നതിനു കൈക്കൊള്ളേണ്ട നാലു പടവുകൾ അദ്ദേഹം നിർദ്ദേശിക്കുന്നു (ചർച്ച് വീക്ക്‌ലി, സെപ്റ്റം.-ഒക്ടോ.) കാതോലിക്കാ-പാത്രിയർക്കീസ് വിഭാഗങ്ങൾ യഥാക്രമം കാതോലിക്കോസിനോടും പാത്രിയർക്കീസിനോടുമുള്ള വിധേയത്വം കൈവിടാതെ തന്നെ യോജിച്ച്, സുപ്രീംകോടതിയും 1934-ലെ ഭരണഘടനയും ആവശ്യപ്പെടുന്ന തരത്തിൽ സംയുക്ത മാനേജിങ് കമ്മിറ്റിയെ തെരഞ്ഞെടുക്കുകയാണ് പടവുകളിൽ ആദ്യത്തേത്. നിലവിലുള്ള ദശ്രാസനവ്യവസ്ഥയിൽ

# ആരെ ഭയപ്പെടണം?



അൽഫോൻസ് കണ്ണന്താനം, ഐ.എ.എസ്.

**ഇവിടെ യഥാർത്ഥത്തിൽ നടക്കുന്നതെന്താ? ധൈര്യത്തിന്റെ കുറവാണ്, പ്രവൃത്തി ചെയ്യാനുള്ള ആത്മവിശ്വാസമില്ലാത്തതിന്റെ പ്രശ്നമാണ്. ശരിയായ നേതൃത്വത്തിന്റെ അഭാവമാണിത്.**

ക്രിസ്തീയജീവിതമെന്നു പറഞ്ഞാൽ ഒരു വലിയ ആഘോഷമാണ്. ക്രിസ്തു കുരിശിൽ മരിച്ചു. പിന്നീട് ഉയിർത്തെഴുന്നേറ്റു. നമ്മൾ ക്രിസ്തീയരാണ്, ക്രിസ്തുവിനെപ്പോലെ കുരിശിൽ കയറണം, മരിക്കണം എന്നൊക്കെ പറയുമ്പോൾ എനിക്ക് ആശയവ്യത്യാസമുണ്ട്. കാരണം, ക്രിസ്തു ഒരിക്കൽ കുരിശിൽക്കയറി മരിച്ചു. അതിനാൽ, ഇനി നമുക്കു മരിക്കേണ്ട ആവശ്യമില്ല. നാമൊക്കെ ആ വലിയ മനുഷ്യന്റെ, ഏറ്റവും ധൈര്യവാനായിരുന്ന മനുഷ്യന്റെ അനുയായികളാണ്; അല്ലാതെ ക്രിസ്തുവല്ല. പലരും എന്നോടു ചോദിക്കാറുണ്ട്, ഡൽഹിയിൽ പോയി ഇടിച്ചുപൊളിയൊക്കെ നടത്തി ജീവിക്കുവാൻ എങ്ങനെയാണ് എനിക്കു സാധിച്ചതെന്ന്. ഞാൻ വലിയ കഴിവോ ശക്തിയോ ഉള്ള ആളാണെന്നൊന്നും എനിക്ക് അഭിപ്രായമില്ല. നമുക്കു ലോകത്തിൽ ഭയക്കേണ്ട ഒരൊറ്റ കാര്യമേയുള്ളു. അതാണു 'ഭയം'. ഭയത്തെ മാത്രമേ ഭയപ്പെടേണ്ടതുള്ളു.

നാമൊക്കെ ഭയപ്പെട്ടു ജീവിക്കുന്നവരാണ്. നമ്മളെന്തെങ്കിലും ചെയ്താൽ കുഴപ്പങ്ങളുണ്ടാകുമോ, ഒരു ഓഫീസിൽ നന്നായി പ്രവർത്തിച്ചാൽ മേലുദ്യോഗസ്ഥന്റെ അനിഷ്ടമുണ്ടാകുമോ, സസ്പെൻഷനുണ്ടാകുമോ, കുട്ടികളെ സംബന്ധിച്ചിടത്തോളം എൻട്രൻസ് പരീക്ഷയെഴുതി ജയിച്ചില്ലെങ്കിൽ

---

സാരമായ മാറ്റം വരുത്താതെയുള്ള ഭരണത്തിൽ ഓരോ പള്ളിയിലുമുള്ള ഇരുവിഭാഗങ്ങളും ധ്യാനയോഗങ്ങളിലും ഒരേ കുർബാനയിലും പങ്കുകൊണ്ട് ഐക്യം സ്ഥാപിക്കുകയാണ് അടുത്ത പടവ്. ഇരുകക്ഷികളിലും പെട്ടവരെ ഒരേ മട്ടിൽ മക്കളായിക്കരുതിയും, പാത്രിയർക്കീസ് ബാവായ്ക്ക് ഇവിടെ ഭരണപരമായ അധികാരമില്ലെങ്കിലും ഭരണഘടനാപരമായ എല്ലാ ബഹുമാനവും നൽകുന്നതാണെന്നു പ്രഖ്യാപിച്ചും കാതോലിക്കാബാവ കല്പന പുറപ്പെടുവിക്കുകയാണ് മൂന്നാമത്തെ പടവായി നിർദ്ദേശിച്ചിട്ടുള്ളത്. 1995-ലെ സുപ്രീം കോടതി വിധിയെത്തുടർന്നുണ്ടായ കേസുകൾ പിൻവലിക്കുകയും 'നാം നിന്ദാപാത്രമാകാതിരിക്കേണ്ടതിന് യരുശലേമിന്റെ മതിലുകൾ പണിയുക' എന്ന നിർദ്ദേശം പ്രാവർത്തികമാക്കുകയുമാണ് അവസാനത്തെ പടവ്. യെരുശലേമിന്റെ മതിലുകൾ എന്നതുകൊണ്ട് സത്യാരാധനയും ആത്മികസംഘടനകളും സാമൂഹ്യനീതിയും സ്നേഹമെന്ന ദൗത്യവുമാണ് അർത്ഥമാക്കുന്നത്.

തീർത്തും ക്രൈസ്തവവും കാലഘട്ടത്തിന് ഇണങ്ങുന്നതുമായ ഈ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർ അർഹിക്കുന്ന ആദരവോടെ സ്വീകരിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുമെന്നു നമുക്കു ആശിക്കാം.

## സ്നേഹത്തിന്റെ തുരുത്ത്

ഏതാനും ദിവസം വെല്ലൂരിലായിരുന്നു ഞാൻ. നൂറുവർഷം മുമ്പ്, ഐഡാ സ്കഡർ എന്ന വനിതാ മിഷനറിയുടെ ആതുരസേവനതാല്പര്യത്തിൽ നിന്നു രൂപം കൊണ്ടതാണ് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജും ആശുപത്രിയും അനുബന്ധസ്ഥാപനങ്ങളും. അത്തരം സ്ഥാപനങ്ങൾക്കാകെ വിശിഷ്ടമാതൃകയായി ഇന്നും അവ വർത്തിക്കുന്നു. ഒറ്റനോട്ടത്തിൽ ഒരു തേനീച്ചക്കൂടുപോലെ തോന്നി ആശുപത്രി. ഡോക്ടർമാരും നേഴ്സുമാരും മറ്റു ജീവനക്കാരും തേനീച്ചക്കൂട്ടിലെ ചുറുചുറുക്കുള്ള പണിക്കാരികൾ. എങ്ങും സ്വയം പാലിക്കുന്ന അച്ചടക്കവും വിശുദ്ധിയും ലാളിത്യവും.

വെല്ലൂർ ആശുപത്രിയിൽ നിന്ന് മൂന്നു നാലു കിലോമീറ്റർ അകലെ, മദ്രാസിലേക്കുള്ള വഴിയുടെ അരികിൽ അത്ര തന്നെ പ്രസിദ്ധമല്ലാത്ത ഒരു കൊച്ചു സ്ഥാപനം കണ്ടു - പേര് 'സ്നേഹഭവനം'. ആശുപത്രിയിലെത്തുന്ന നിർധനരായ രോഗികളുടെ ബന്ധുക്കൾക്കും, ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടതല്ലാത്ത രോഗികൾക്കു തന്നെയും ഒരു അഭയകേന്ദ്രമാണ് 'സ്നേഹഭവനം.' അല്പമായ വാടക കൊടുത്തോ, വാടകയൊന്നും കൊടുക്കാതെയോ അവർക്കു താമസസൗകര്യവും ക്രിസ്തീയ കൂട്ടായ്മയും ഇവിടെ ലഭിക്കുന്നു. സ്നേഹഭവനത്തിനു മുമ്പിൽ കണ്ട ഒരുവനോട് ഓഫീസ് എവിടെയെന്നന്വേഷിച്ചപ്പോൾ അയാൾ ചിരിച്ചു. പിന്നീടു മെല്ലെ പറഞ്ഞു: ഓഫീസിൽ ഇപ്പോൾ താമസിക്കുന്നത് ഞാനും എന്റെ ഭാര്യയുമാണ്. മുറി അന്വേഷിച്ചുവന്നപ്പോൾ ഓഫീസ് ഞങ്ങൾക്കു വിട്ടുതന്നു - ഭാര്യയ്ക്കാണു രോഗം.

'സ്നേഹഭവനം' ശരിക്കും സ്നേഹത്തിന്റെ ഒരു തുരുത്ത്!

## ക്രിസ്ത്യാനിക്ക് ഒരു നിർവചനം

അരനൂറ്റാണ്ടിലധികം കാലം വിവിധ നിലകളിൽ ആലുവ യൂണിയൻ ക്രിസ്ത്യൻ കോളജിന്റെ അതിപ്രധാന ഭാഗമായിരുന്ന പ്രൊഫ. ടി. ബി. തോമസിന്റെ എൺപതാം പിറന്നാളിനോടനുബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയ ഒരു സ്മാരകഗ്രന്ഥം എന്റെ മുമ്പിലുണ്ട്. പ്രൊഫ. തോമസിന്റെ മുൻകാല സഹപ്രവർത്തകരുടെയും സുഹൃത്തുക്കളുടെയും ഹൃദയാവർജ്ജകമായ അനുസ്മരണങ്ങളാണ് 'tb thomas - a composite portrait' എന്നു പേരു നൽകിയിരിക്കുന്ന ഈ ഗ്രന്ഥത്തിലുള്ളത്. മാതൃകാഅദ്ധ്യാപകൻ, പ്രഗത്ഭനായ ഭരണാധികാരി, സ്നേഹസമ്പന്നനായ സഹപ്രവർത്തകൻ. വിനീതനായ കലാകാരൻ, ക്രൈസ്തവമൂല്യങ്ങളുടെ കാവൽഭടൻ എന്നിങ്ങനെയുള്ള പ്രൊഫ. തോമസിൻെറ സമാദരണീയവും ബഹുമുഖവുമായ വ്യക്തിത്വസവിശേഷതകളെ ഈ അനുസ്മരണങ്ങൾ അനാവരണം ചെയ്യുന്നു. അവയിലൊന്നിലെ ഒരു പ്രസ്താവം പ്രത്യേകിച്ചും ആകർഷകമായിത്തോന്നി:

***"A professor of theology at Harward was once asked by a student if he could define a christian. While reflecting what answer he might give, he happened to see the professor of philosophy shuffling along across the college green. He then turned to the student and said, "No, I cannot define a christian; but there goes Philips Brooks." Were it another place and time he might just as well have said, "But there goes T. B. Thomas."***

ഇതിലധികം വിലപ്പെട്ട എന്തനുസ്മരണമാണ് ഒരു ക്രിസ്ത്യാനിക്ക് ആഗ്രഹിക്കാവുന്നത്!

ജീവിതം താറുമാറായിപ്പോകുമോ, മാതാപിതാക്കൾക്കു കുട്ടികൾ നന്നായി വളർന്നുവരുമോ, എൻട്രൻസിനു ജയിക്കുമോ... അങ്ങനെ എന്തെല്ലാം ഭയങ്ങളാണ്.

ഏതാനും ദിവസങ്ങൾക്കുമുമ്പു ഞാൻ ഒരു വീടു സന്ദർശിച്ചു. രാത്രി ഏതാണ്ടു നാലര മണിയായപ്പോൾ ഞെട്ടിപ്പോയി, ഭൂമികുലുക്കം പോലുള്ള ശബ്ദങ്ങൾ. ഞാൻ എഴുന്നേറ്റു നോക്കുമ്പോൾ അടുക്കളയിൽ ബഹളം, കുളിമുറിയിൽ ബഹളം, ആകെ ഒരു കോലാഹലം. ചോദിച്ചപ്പോഴാണ് അറിയുന്നത്, അവിടത്തെ കുട്ടിക്കു ട്യൂഷനു പോകാനുള്ള ഒരുക്കമാണെന്ന്. നാലേമുക്കാൽ കഴിഞ്ഞു ചെന്നാൽ അവിടെ ഇരിക്കാൻ സീറ്റ് കിട്ടില്ല പോലും. എന്തൊരു ജീവിതമാണിത്? നാം ആരെയാണ് ഇങ്ങനെ ഭയപ്പെടുന്നത്? ഓർക്കുക, ഭയപ്പെടാത്ത ഒരാളെ-ക്രിസ്തുവിനെ- അനുഗമിക്കുന്നവരാണു നാം. അവൻ ആരെയും ഭയപ്പെട്ടില്ല.

ഭയമില്ലാതിരിക്കണമെങ്കിൽ ഏറ്റവും അത്യാവശ്യമായി വേണ്ടതെന്താണ്? അത് ആത്മവിശ്വാസമാണ്. ഞാൻ വിശ്വസിക്കുന്നതും ചെയ്യുന്നതും ശരിയായ കാര്യങ്ങളാണ്, ആ ശരിയായ കാര്യങ്ങൾ ഞാൻ ചെയ്തിരിക്കും എന്ന ആത്മവിശ്വാസമുള്ളവർക്കു ഭയപ്പെടേണ്ട കാര്യമില്ല. *ഒരു ക്രിസ്ത്യാനി ഒരിക്കലും ഭയപ്പെടരുത്. ഭയമുണ്ടെങ്കിൽ അത് നമുക്കു നമ്മെത്തന്നെ വിശ്വാസമില്ലാത്തതുകൊണ്ടാണ്, നമ്മൾ വിശ്വസിക്കുന്നവനിൽ ആഴമേറിയ വിശ്വാസമില്ലാത്തതുകൊണ്ടും ആ വിശ്വാസത്തിൽ ജീവിക്കാത്തതുകൊണ്ടും.*

ഭയത്തിനു മറ്റു കാരണങ്ങളുമുണ്ട്. നമ്മൾ കുറെയേറെ വായിക്കുകയും പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നവരാണ്. കേരളത്തിന്റെ പ്രശ്നമെന്താണെന്നു ചോദിച്ചാൽ എല്ലാം ചർച്ചയിലൊതുങ്ങുകയാണ്. ഒട്ടേറേ പുസ്തകങ്ങൾ കേരളത്തിൽ പ്രസിധീകരിക്കപ്പെടുന്നുണ്ട്, പൊതുവേ എല്ലാവരും വായിക്കാറുമുണ്ട്. പക്ഷേ, ഈ പുസ്തകങ്ങളിലെ കാര്യങ്ങളും നമ്മുടെ ജീവിതവുമായി എവിടെയോ ഒരു പൊരുത്തക്കേടുണ്ടെന്ന് എനിക്കു തോന്നുന്നു. കാരണം, ഒത്തിരിയേറെ ബുദ്ധിമാന്മാരുണ്ടെന്നു പറയുകയും ഉയർന്ന സംസ്കാരമുണ്ടെന്ന് അവകാശപ്പെടുകയും ചെയ്യുന്ന നമ്മുടെ സംസ്ഥാനം മാത്രം അധഃപതിച്ചധഃപതിച്ചു കീഴോട്ടു പോകുകയാണ്.

ഞാൻ ഡൽഹിയിലായിരുന്നപ്പോൾ പറയുമായിരുന്നു, കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്ന്. ഇന്നിതെന്തൊരു നാടാണ്? ഇവിടെയിപ്പോൾ എല്ലായിടത്തും പ്രശ്നങ്ങളാണ്! ഞാനോർക്കുകയാണ്, എന്റെ കൂട്ടുകാരാരും ഡൽഹിയിൽ നിന്ന് ഈ "ദൈവത്തിന്റെ നാട്ടി"ലേക്കു വരല്ലേയെന്ന്. നമ്മുടെ ബഹുമാനപ്പെട്ട എം. പി. മാർ പാർലമെന്റിൽ പോയി പ്രസംഗിക്കും ഇവിടേക്കു കൂടുതൽ ടൂറിസ്റ്റുകൾ വരണം, കൂടുതൽ പണം കിട്ടണം എന്നൊക്കെ. പക്ഷേ, ഇവിടെ യഥാർത്ഥത്തിൽ നടക്കുന്നതെന്താ? ധൈര്യത്തിന്റെ കുറവാണ്, പ്രവൃത്തി ചെയ്യാനുള്ള ആത്മവിശ്വാസമില്ലാത്തതിന്റെ പ്രശ്നമാണ്. ശരിയായ നേതൃത്വത്തിന്റെ അഭാവമാണിത്. ●

*(കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയാണ് ലേഖകൻ)*

# ന്യൂക്ലിയർ വിപത്ത്!

**റവ. കുര്യൻ തോമസ്, മല്ലപ്പള്ളി**



**യു.എൻ.** ഹെഡ്ക്വാർട്ടേഴ്സ് സന്ദർശിക്കുന്ന ഏതൊരാളുടെയും ശ്രദ്ധയാകർഷിക്കുന്ന ഒരു പ്രത്യേക മുറി അവിടെയുണ്ട്. ലോകമനസ്സാക്ഷിയിൽ ആഴമായ മുറിവുണ്ടാക്കിയ ഒരു ഭീകര സംഭവ ത്തിന്റെ മൂകസാക്ഷിയാണ് ആ മുറി. 1945-ൽ ആർമി ചാപ്ലേൻ പ്രാർത്ഥിച്ച് അനുഗ്രഹിച്ചയച്ച വൈമാനികൻ ഹിരോഷിമയിൽ വർഷിച്ച അണുബോംബ് $6000^0$ C-ൽ ഒരു തേജോഗോളം പോലെ താഴേയ്ക്കു നിപതിച്ച കാഴ്ച കണ്ട്, മനുഷ്യക്കുരുതിക്കു മൂകസാക്ഷിയായ പ്രസ്തുത വൈമാനികൻ മടങ്ങിച്ചെന്ന് ജോലി രാജി വച്ചുവെന്നാണ് പറയപ്പെടുന്നത്. കത്തി ഉരുകിയ നാണയങ്ങൾ, ലോഹങ്ങൾ, ആദിയായവ നിങ്ങളെ നിർന്നിമേഷരായി ഒരു നിമിഷം നിറുത്തുമെന്നതിൽ രണ്ടു പക്ഷമില്ല. അനേകായിരങ്ങൾ പിടഞ്ഞു മരിച്ചുവെന്നതു മാത്രമല്ല, ഇഞ്ചിഞ്ചായി പല നാളുകൾ കൊണ്ട് മരിച്ചവരും ധാരാളമായിരുന്നു. ലോകമനസ്സാക്ഷിയിൽ ഏല്പിച്ച മുറിവ് ഉണങ്ങുവാൻ നാളുകൾ ഏറെപ്പിടിക്കും. പൊക്റാനിൽ അണുബോംബ് പൊട്ടിച്ചതിൽ ഊറ്റംകൊള്ളുന്ന നമുക്കും ഒരുനാൾ ഈ ദുഃസ്ഥിതി ഉണ്ടാവില്ലെന്ന് ആരു കണ്ടു. ഇനിയുമൊരു അണ്വായുധയുദ്ധം ലോകത്തുണ്ടാകുവാൻ ഇടയാകരുതേയെന്നു നമുക്കു പ്രാർത്ഥിക്കാം. ആൽബർട്ട് ഐൻസ്റ്റൈൻ മരിക്കുന്നതിനുമുമ്പ് ആരോ അദ്ദേഹത്തോട് ഒരു ചോദ്യം ചോദിച്ചതായി കേട്ടിട്ടുണ്ട്. ഒരു മൂന്നാം ലോകമഹായുദ്ധമുണ്ടായാൽ അന്ന് ഏതു വിധത്തിലുള്ള ആയുധങ്ങളായിരിക്കും രാഷ്ട്രങ്ങൾ ഉപയോഗിക്കുന്നത് എന്നായിരുന്നു ചോദ്യം. അതിനു അദ്ദേഹം നൽകിയ മറുപടി ശ്രദ്ധേയമാണ്. "എനിക്കു നിശ്ചയമില്ല. എന്നാൽ, വീണ്ടുമൊരു ലോകമഹായുദ്ധം ഉണ്ടായാൽ അന്ന് ഉപയോഗിക്കുന്ന ആയുധം എന്തായിരിക്കുമെന്നു ഞാൻ ഇപ്പോൾ പറയാം. അതു കല്ലും കമ്പും ആയിരിക്കും." സ്ഫോടനാത്മകമായ സ്ഥിതിവിശേഷം ഇന്നു മദ്ധ്യപൂർവേഷ്യയിലും മറ്റും നിലവിലുണ്ടെന്ന് നമുക്കറിയാം. യഹൂദന്മാരും പലസ്തീനികളും തമ്മിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറലും മറ്റും ചെയ്തുവരുന്ന പരിശ്രമങ്ങൾ ഫലവത്താകണമേയെന്നു നമുക്ക് പ്രാർത്ഥിക്കാം. ഒന്നാമത്തെ യു. എൻ. സെക്രട്ടറി ജനറൽ ഡാഗ് ഹാമർഷീൽഡിന്റെ ഒരു പ്രസ്താവന ശ്രദ്ധേയമാണ്. "സ്ഥായിയായ സമാധാനമെന്ന പ്രത്യാശ എനിക്കില്ല. നാം വളരെ കഠിനമായി പ്രയത്നിച്ചു. പരാജയമായിരുന്നു ഫലം. *ഈ ലോകത്തിന് ഒരു ആദ്ധ്യാത്മിക നവോത്ഥാനമുണ്ടാകാതെയിരുന്നാൽ നമ്മുടെ സംസ്കാരം തന്നെ നാശോന്മുഖമാകും."*

1945-ൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ അന്ത്യഘട്ടത്തിൽ സാൻഫ്രാൻസിസ്കോ പ്രഖ്യാപനത്തിൽ ഒപ്പുവച്ച 51 രാഷ്ട്രങ്ങളാണ് ആദ്യം യു. എൻ. അംഗങ്ങളായിരുന്നത്. ഇപ്പോൾ 165 അംഗരാഷ്ട്രങ്ങൾ ഉൾപ്പെട്ടിരിക്കുന്ന ഐക്യരാഷ്ട്രസഭ ബലഹീനമാകാതെയിരിക്കുവാൻ ദൈവം തുണയ്ക്കട്ടെ! സ്ഥിരമായ ഒരു ആസ്ഥാനം ഉണ്ടാകുന്നതിനു മുമ്പ് പല രാജ്യങ്ങളിൽ വച്ചാണ് സംഘടനയുടെ യോഗങ്ങൾ നടന്നിരുന്നത്. ജോൺ ഡി. റോക്ഫെല്ലർ (ജൂണിയർ) സംഭാവന ചെയ്ത പണമുപയോഗിച്ചാണ് ഇന്ന് ന്യൂയോർക്കിലുള്ള ആസ്ഥാനത്തിനു സ്ഥലം കണ്ടെത്തിയത്. ജനറൽ അസംബ്ലി സമ്മേളിക്കുമ്പോൾ അംഗരാഷ്ട്രങ്ങളിൽ നിന്ന് മൂവായിരത്തിലധികം പ്രതിനിധികൾ അവിടെ എത്തുന്നു. യു.എൻ. സെക്രട്ടേറിയറ്റിൽ 16000 പേർ ജോലി ചെയ്യുന്നതിൽ 20 പേർ മലയാളികളാണ്. അറബിക്, ഫ്രഞ്ച്, സ്പാനിഷ്, റഷ്യൻ, ഇംഗ്ലീഷ് എന്നിവയാണ് യു. എൻ.-ലെ ഔദ്യോഗികഭാഷകൾ. ●

# നമ്മൾ ക്രിസ്ത്യാനികൾ തല മറന്ന് എണ്ണ തേക്കുന്നവർ

**പോൾ മണലിൽ**

**ആത്മീയജീവിതമെന്നത് പള്ളിപ്പെരുനാളിനു കരിമരുന്നു പ്രയോഗം നടത്തുന്നതിലൂടെ നേടുന്നതല്ല. റാസയ്ക്കു മുമ്പിൽ കള്ളുകുടിച്ച് ആർപ്പുവിളിച്ചാലും അതു കിട്ടില്ല. അത്തരം പെരുനാളുകൾ മെത്രാന്മാർ നിരോധിക്കണം.**

മതം മനുഷ്യനു ജന്മം കൊണ്ട് ലഭ്യമാകുന്ന ഒരേർപ്പാടാണ്. എന്നാൽ ജന്മം കൊണ്ട് ഞാനൊരു ഓർത്തഡോക്സ് ക്രിസ്ത്യാനിയായതിൽ ഞാൻ അഭിമാനിക്കുന്നു. ഞാൻ എന്റെ അപ്പനെയും അമ്മയെയും അവരുടെ പൂർവിക പാരമ്പര്യങ്ങളെയും ആദരിക്കുന്ന ആളാണ്. എന്റെ ഒരു പിതാമഹൻ പരിശുദ്ധനായ പരുമല തിരുമേനിയുടെ ദാസനായിരുന്നു.

ഞാനിതൊക്കെ പറയുന്നത് എന്റെ സഭാവിശ്വാസത്തെയോ മതവിശ്വാസത്തെയോ ന്യായീകരിക്കാൻ വേണ്ടിയല്ല. ഇന്നത്തെ മനുഷ്യന്റെ നവആത്മീയത കാണുമ്പോൾ എനിക്കു നാണം തോന്നാറുണ്ട്. എന്നാൽ എന്റെ ആത്മീയതയിൽ ഞാൻ ഊറ്റംകൊള്ളുകയും ചെയ്യുന്നു. ധ്യാനിക്കാനും നോമ്പു നോക്കാനും ഉപവസിക്കാനും വിശ്വാസധീരനാകാനും എനിക്ക് അഭിനിവേശമുണ്ട്. ക്രിസ്ത്യാനിക്കു വേണ്ടത് ആത്മീയതയാണ്. എന്നാൽ ഇന്നത്തെ ക്രിസ്ത്യാനികൾ കാപട്യം ഇഷ്ടപ്പെടുന്നവരായി മാറിക്കൊണ്ടിരിക്കുന്നു. അവരും നവആത്മീയതയുടെ ഭാഗമായി മാറാൻ വെമ്പുകയാണ്. ഹിന്ദുക്കളിലും മുസ്ലീങ്ങളിലുമൊക്കെ നവആത്മീയത രൂപം കൊണ്ടു കഴിഞ്ഞു. ഇത്തരക്കാർ ഒരു ന്യൂനപക്ഷം മാത്രമാണ്. എന്നാൽ ഹിന്ദുക്കളിലെയും മുസ്ലീങ്ങളിലെയും ഈ ന്യൂനപക്ഷം ഇന്നു ഭൂരിപക്ഷത്തിന്റെ റോളിൽ ജനത്തെ ഭീതിപ്പെടുത്തും വിധം ആത്മീയതീവ്രവാദങ്ങളിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. ഇതു കണ്ടിട്ട് ക്രിസ്ത്യാനികളും 'കാലത്തിനൊത്ത്' നീങ്ങാൻ കച്ചകെട്ടുകയാണ്. അവർ സഭയെ തള്ളിപ്പറഞ്ഞു തുടങ്ങിയിരിക്കുന്നു.

നമ്മൾ ക്രിസ്ത്യാനികൾ തല മറന്ന് എണ്ണ തേച്ചു തുടങ്ങിയിരിക്കുന്നുവെന്നു പറഞ്ഞാൽ തെല്ലും അതിശയോക്തിയില്ല. ജാതിയില്ല, മതമില്ല എന്ന് ഉദ്ഘോഷിക്കാൻ നമ്മൾ വെമ്പുകയാണ്. പള്ളി, സഭ, ഞായർ വേദപഠനം എന്നിവ കുറച്ചിലായി കരുതുന്ന ക്രിസ്ത്യാനികളുടെ എണ്ണം കൂടിവരുന്നു. വർഗീയവാദം തെല്ലുമില്ലെന്നു ജനത്തെ ബോധ്യപ്പെടുത്താൻ കമഴ്ന്നു കിടന്നു തുപ്പിത്തുടങ്ങിയിരിക്കുന്നു. മെത്രാനെയും പട്ടക്കാരനെയും പരസ്യമായി വേണ്ടതിനും വേണ്ടാത്തതിനും തെറി പറയാൻ നമുക്കു മടിയില്ല. എന്നാൽ രഹസ്യമായി ഏതൊരു നീക്കുപോക്കിനും ആരുമായും നമ്മൾ തയാറാണ്. അടുത്ത കാലത്ത് ഒരു പള്ളിക്കമ്മിറ്റിയുടെ റിപ്പോർട്ടിൽ കൈക്കൂലി കൊടുത്തതിന്റെ തുകയും എഴുതിച്ചേർത്തതു വായിച്ചുകേട്ടതായി കൊല്ലാട് പള്ളിയിൽ ചേർന്ന ഒരു യോഗത്തിൽ അൽഫോൻസ് കണ്ണന്താനം പ്രസംഗിച്ചു. അതു കേട്ടപ്പോൾ ഞാൻ ഞെട്ടിയില്ല. സ്കൂളും കോളജും അനുവദിച്ചു കിട്ടാനും സീറ്റ് കൂട്ടാനും ക്രിസ്ത്യൻ മാനേജ്മെന്റുകൾ രാഷ്ട്രീയക്കാർക്കു കോഴ കൊടുത്തത് എനിക്കറിയാം. കോഴ വാങ്ങാൻ ഓരോ സഭയിലും ഭരണകക്ഷികളുടെ നേതാക്കന്മാർ കാണും. അവർ ചിലപ്പോൾ പാർട്ടിയുടെ ജില്ലാ പ്രസിഡന്റോ സെക്രട്ടറിയോ എം.എൽ.എ.യോ ആയിരിക്കും. ഇടതെന്നോ വലതെന്നോ അതിനു വ്യത്യാസമില്ല. ഇടതു വാങ്ങിച്ചാൽ പാർട്ടിക്കും, വലതു വാങ്ങിച്ചാൽ നേതാവിന്റെ പോക്കറ്റിലേക്കും ആ പണം പോകും. അത്ര മാത്രം.

അടുത്ത കാലത്ത് ചന്ദനപ്പള്ളി ഓർത്തഡോക്സ് പള്ളി പുതുക്കിപ്പണിതപ്പോൾ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തവരുടെ പട്ടിക വായിച്ച് ഞാൻ ഞെട്ടിപ്പോയി. മുൻകേന്ദ്രമന്ത്രി രാജേഷ് പൈലറ്റ് മുതൽ സ്ഥലത്തെ പഞ്ചായത്ത് മെമ്പർ വരെ നിളുന്ന പട്ടികയാണ് ഞാൻ കണ്ടത്. ഞാൻ കരുതി, പള്ളിയുടെ കൂദാശ നടത്തുന്നത് രാജേഷ് പൈലറ്റ് ആയിരിക്കുമെന്ന്. തീർച്ചപ്പെടുത്താൻ വേണ്ടി ഞാൻ സംഘാടകനായിരുന്ന ഡോ. സാമുവൽ ചന്ദനപ്പള്ളിയെ വിളിച്ചു. ഞാൻ ചോദിച്ചു, കൂദാശയ്ക്കു മുഖ്യമന്ത്രിയെ എന്തേ വിളിക്കാഞ്ഞതെന്ന്. ചടങ്ങിൽ ഇടതും വലതും ഉൾപ്പെട്ട എല്ലാ പാർട്ടിക്കാരുടെയും പ്രതിനിധിയെ വിളിച്ചതിനെപ്പറ്റി ഞാൻ പരിഹസിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, അവരെയൊക്കെ ക്ഷണിച്ചത് പള്ളിക്കമ്മിറ്റിയുടെ തീരുമാനപ്രകാരമാണെന്നാണ്. ഇങ്ങനെ പോയാൽ ഓർത്തഡോക്സുകാരന്റെ പള്ളി ഭാവിയിൽ കൂദാശ ചെയ്യുന്നത് മുഖ്യമന്ത്രിയും എം.എൽ.എ.യും ഒക്കെ ആയിരിക്കും. പള്ളിക്കമ്മിറ്റിയുടെ ശക്തിപ്രകാരം പ്രതിപക്ഷ നേതാവിനും പള്ളി കൂദാശയ്ക്കു കാർമികത്വം വഹിക്കാൻ അവസരം വരും.

ഞാനിക്കാര്യം ഒരു വൈദികനോട് പരാതിപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത്, ഓർത്തഡോക്സ് സഭയ്ക്കു രാഷ്ട്രീയ ബന്ധം കുറഞ്ഞുപോകാൻ പാടില്ല എന്നാണ്. രാഷ്ട്രീയബന്ധം കുറഞ്ഞാൽ പ്ലസ് ടു കിട്ടില്ല. കോളജ് കിട്ടില്ല. രാഷ്ട്രീയബന്ധം ഉണ്ടായിരുന്നെങ്കിൽ പാത്രിയർക്കീസ് ബാവ കേരളത്തിൽ വരുന്നത് തടയാമായിരുന്നുവെന്നും ആ വൈദികൻ എന്നെ ഉദ്ബോധിപ്പിച്ചു. യാക്കോബായ സഭയ്ക്കു കേന്ദ്രമന്ത്രി ഒ. രാജഗോപാലുമായി നല്ല സ്നേഹബന്ധം ഉണ്ടത്രെ. മാർക്സ് പണ്ട് പറഞ്ഞതു ശരിയാണെന്ന് എനിക്കു തോന്നുന്നു- മാർഗം ഏതായാലും ലക്ഷ്യം നന്നായാൽ മതി. ഒ. രാജഗോപാലിനേക്കാൾ ശ്രേഷ്ഠൻ ഓർത്തഡോക്സ് സഭയ്ക്കു

# പരുമലപ്പള്ളികൂദാശയും ചില അനുബന്ധചിന്തകളും

**ശക്തിപ്രകടനത്തിന്റെയും മാധ്യമശ്രദ്ധയ്ക്കുവേണ്ടി നടത്തുന്ന പൊടിക്കൈകളുടെയും ഒരു യുഗത്തിലാണ് നാം ജീവിക്കുന്നത്. പരസ്യത്തിന്റെ പൊയ്ക്കാലിലേറിയാണ് പലരും സഞ്ചരിക്കുന്നത്. എന്നാൽ ക്രൈസ്തവസഭ വ്യത്യസ്തമായി ചിന്തിക്കേണ്ട സമൂഹമാണ്.**

പുതുക്കിപ്പണിത പരുമലപ്പള്ളിയുടെ കൂദാശ മലങ്കര സഭാചരിത്രത്തിലെ ഒരു അവിസ്മരണീയ സംഭവമാണ്. വിശ്വപ്രശസ്ത വാസ്തുനിർമ്മാണ വിദഗ്ദ്ധന്റെ മേൽനോട്ടത്തിലുള്ള ദേവാലയ നിർമാണം, ഭക്തജനങ്ങളുടെ വൻതോതിലുള്ള സാന്നിദ്ധ്യം ഇതെല്ലാം ഇതുമായി ബന്ധപ്പെട്ട നല്ല കാര്യങ്ങളാണ്. പരുമലത്തിരുമേനിയുടെ ആത്മീയപ്രഭയിൽ ആകൃഷ്ടരായ അനേക വ്യക്തികളുടെ വിശ്വാസവും വികാരവും അണപൊട്ടിയൊഴുകിയ അപൂർവ സന്ദർഭങ്ങളിലൊന്നായിരുന്നു അത്. അടുക്കിലും ചിട്ടയിലും അച്ചടക്കത്തിലുമാണ് ദീർഘമായ കൂദാശാകർമങ്ങളും തുടർന്നുനടന്ന പൊതുസമ്മേളനവും നടന്നതെന്നതും ശ്ലാഘനീയമത്രെ.

എന്നാൽ കൂദാശാകർമത്തിന്റെ ബാക്കിപത്രമായ ചില ചോദ്യങ്ങൾ കൂടി ഉയരുന്നു. ഒരു ദേവാലയനിർമാണത്തിന് നാല് കോടിയോളം രൂപ മുടക്കിയതിന്റെ ന്യായം അവിടെ നില്ക്കട്ടെ. പഴയ പള്ളിയെ സംരക്ഷിച്ചുകൊണ്ട് അനേകർക്കൊരുമിച്ച് ആരാധനയിൽ സംബന്ധിക്കാനുള്ള സൗകര്യത്തിനു വേണ്ടി ഇതൊക്കെ ചെയ്തുവെന്ന് സമ്മതിക്കാം. എന്നാൽ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് ദീപശിഖാ പ്രയാണവും, മറ്റു വോൾ പോസ്റ്ററുകളും സംഘടിപ്പിച്ചതെന്തിന്? കൂദാശയിൽക്കൂടി ഉദ്ദേശിച്ചത് ഭക്തജനസംഗമമോ, അതോ ശക്തിപ്രകടനമോ? പാത്രിയർക്കീസിന്റെ ആഗമനവേളയിൽ ഒരു വിഭാഗം പ്രകടിപ്പിച്ച ആവേശത്തിനുള്ള ബദൽ ആവേശമോ? ആയിരക്കണക്കിന് പോസ്റ്ററുകൾ അച്ചടിച്ച് സിനിമാ പരസ്യത്തിന്റെയും രാഷ്ട്രീയ പോസ്റ്ററുകളുടെയും ഇടയിൽ ഒട്ടിച്ചുവച്ചത് ആരെ കാണിക്കാനായിരുന്നു? പള്ളികളിൽ അറിയിച്ചാൽ തന്നെ പരുമലത്തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നവർ അവിടെ വന്നുചേരും. പള്ളികളിൽ ആർഭാടപൂർണമായ പെരുനാൾ നടത്തുന്നതിന്റെ ദുർവ്യയത്തെപ്പറ്റി ബിഷപ്പുമാർ വിലപിക്കുകയും, നിരോധന കല്പനകൾ പുറപ്പെടുവിക്കുകയും ചെയ്യാറുണ്ട്. സഭ 'സ്പോൺസർ' ചെയ്തു നടത്തുന്ന ഇത്തരം ദുർവ്യയങ്ങൾക്ക് ആരെ ശിക്ഷിക്കും? ഭക്തിനിർഭരമായി നടത്തേണ്ട ഈ പാവനകർമത്തിന് ഇത്രയധികം മാമാങ്ക സന്നാഹങ്ങൾ നടത്തിയതിന്റെ ആലോചനക്കാർ ആരാണ്? പ്രശസ്തിക്കു വേണ്ടി കഴുത്തും നീട്ടി ഇരിക്കുന്നവരുണ്ട്. അവരെ സംതൃപ്തിപ്പെടുത്തുകയായിരുന്നോ ഉദ്ദേശ്യം? ഇതും ഇതുപോലുള്ള അനേകം ചോദ്യങ്ങളും പലരുടെയും നാവിൽ നിന്ന് ഉയരാം.


ക്രൈസ്തവസഭകൾക്ക് മഹത്തായ ഒരു ദൗത്യം ഉണ്ട്. ലോകത്തിന് മാതൃ

---

ണ്ടെന്ന കാര്യം ആ വൈദികൻ ഓർത്തില്ല. (കേന്ദ്രമന്ത്രി മുരളി മനോഹർ ജോഷി പരുമല ഭക്തനാണല്ലോ.) പരുമല പള്ളിയിൽ എല്ലാ പാർട്ടിയിലുമുള്ള ഭക്തർ വരുന്നതാകയാൽ അവരെക്കൂടി പള്ളിക്കമ്മിറ്റിയിൽ ഉൾപ്പെടുത്തിയാൽ നന്നായിരിക്കും. നമ്മുടെ 'പിടുത്തം' ശക്തമാകുമല്ലോ. കേരളത്തിൽ പെന്തക്കോസ്തുകാരും മാർത്തോമാക്കാരും ഇത്തരം പിടുത്തം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മാരാമൺ കൺവൻഷനു രാജഗോപാൽ വന്നത് പമ്പയിലെ കുഞ്ഞോളങ്ങൾക്കും ഉൾപ്പുളകം ഉണ്ടാക്കിയ കാര്യമാണല്ലോ. പോൾ യോംഗീചോയ്ക്കു വിസ തരപ്പെടുത്തിക്കൊടുത്തതു രാജഗോപാലായിരുന്നു.

രാഷ്ട്രീയക്കാരോടുള്ള പിണക്കം കൊണ്ടല്ല ഞാൻ ഇങ്ങനെ പറയുന്നത്. പ്രാർത്ഥനയ്ക്കും ധ്യാനത്തിനും രാഷ്ട്രീയം വേണ്ട. ശക്തിപ്രകടനം കാണിച്ചു വോട്ടു പിടിക്കുന്ന രാഷ്ട്രീയക്കാരെ മാതൃകയാക്കി ക്രിസ്ത്യാനികൾ അത്ര നാണംകെട്ട പരിപാടിക്കു പോകരുത്. ക്രിസ്ത്യാനി ശക്തനാകേണ്ടതു അവന്റെ ആത്മീയജീവിതം കൊണ്ടായിരിക്കണം. ആത്മീയജീവിതമെന്നത് പള്ളിപ്പെരുനാളിനു കരിമരുന്നു പ്രയോഗം നടത്തുന്നതിലൂടെ നേടുന്നതല്ല. റാസയ്ക്കു മുമ്പിൽ കള്ളുകുടിച്ച് ആർപ്പുവിളിച്ചാലും അതു കിട്ടില്ല. അത്തരം പെരുനാളുകൾ മെത്രാന്മാർ നിരോധിക്കണം. പുതുപ്പള്ളി പെരുനാളിനു രണ്ടു കക്ഷിക്കാർ റാസയ്ക്കിടയിൽ തല്ലുകൂടുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഗീവറുഗീസ് പുണ്യവാൻ അത്തരക്കാരെ ആ സർപ്പത്തെ കൊന്നതുപോലെ കുത്തിക്കൊല്ലുമെന്ന് എനിക്കുറപ്പുണ്ട്. കക്ഷിവഴക്കിൽ തമ്മിൽത്തല്ലി പരസ്പരം നശിക്കുന്നതിനേക്കാൾ ഭേദം ഒ. രാജഗോപാലുമായി ചങ്ങാത്തം പ്രാപിക്കുന്നതാണെന്നു തോന്നിപ്പോകുന്നു.

ക്രിസ്ത്യാനികൾ മതന്യൂനപക്ഷമായതിനാൽ അവർക്കൊരു ഭീതിയുണ്ട്. അതിനാൽ ഭൂരിപക്ഷത്തിന്റെ ഹിതപ്രകാരം ചുവടുമാറ്റണം എന്നൊരു മിഥ്യാസങ്കല്പമുണ്ട്. എന്നാൽ, ക്രിസ്ത്യാനികൾക്ക് ഈ സമൂഹത്തിൽ ജീവിക്കാൻ ആരെയും ഭയപ്പെടേണ്ടതില്ല. ക്രിസ്ത്യാനികൾക്കുവേണ്ടി കണ്ണീരൊഴുക്കുന്ന ന്യൂനപക്ഷ കമ്മീഷൻ അംഗം ജോൺ ജോസഫ് പറയുന്നതെല്ലാം പച്ചക്കള്ളമാണെങ്കിലും മിഷന്റെ പേരിൽ ക്രിസ്ത്യാനികൾ ഇന്ത്യയിൽ പലയിടത്തും നടത്തുന്ന പ്രവർത്തനങ്ങൾ ക്രിസ്തുവിനു നിരക്കാത്തതാണെന്നു നമ്മൾ മനസ്സിലാക്കണം. ക്രിസ്ത്യാനികൾക്കു ഈ രാജ്യത്ത് ഒരു ശക്തിയായി ജീവിക്കാൻ അവരുടെ സ്വന്തം ജീവിതം മാത്രം മതി. നമ്മൾ വിശ്വാസപ്രകാരം ജീവിക്കാത്തവരായി മാറുന്നു. ആചാരപ്രകാരം പ്രവർത്തിക്കാത്തവരും പാരമ്പര്യപ്രകാരം നടക്കാത്തവരും ആയി മാറിക്കൊണ്ടിരിക്കുന്നു. വിശ്വാസവും ആചാരവും പ്രാർത്ഥനയും വെറും പഴഞ്ചരക്കല്ല. ഇതു മൂന്നുമാണ് ക്രിസ്തീയ ജീവിതത്തിന്റെ പ്രത്യേകതയെന്ന് എനിക്ക് അനുഭവപ്പെടുന്നു. ●



# പ്രതികരണങ്ങൾ

### "ആനുകാലിക ചുറ്റുപാടിൽ പ്രസക്തമായ ക്രൈസ്തവദൗത്യം"

**കഴിഞ്ഞ** ലക്കത്തിലെ പത്രാധിപക്കുറിപ്പ് ശ്രദ്ധേയമാണ്. ഭാരതീയ ക്രൈസ്തവർ, വിശിഷ്യ സുവിശേഷവിഹിതസഭക്കാർ ഗൗരവപൂർവം പരിഗണിക്കേണ്ട മർമപ്രധാനമായ കാര്യങ്ങൾ അതിൽ വിശകലനം ചെയ്തിരുന്നു. സി.എസ്.ഐ. സഭയുടെ ആരാധനക്രമത്തിലെ മനോഹരമായ ഒരു പ്രാർത്ഥന അതോടു ചേർത്തു വായിക്കുന്നത് നന്നായിരിക്കും. "അങ്ങയുടെ സൃഷ്ടിയുടെ നാനാത്വത്തെ അംഗീകരിക്കുന്ന വാഴ്ത്തപ്പെട്ട ദൈവമേ, വൈവിധ്യമാർന്ന വിശ്വാസങ്ങളുടെയും മാർഗങ്ങളുടെയും മധ്യത്തിൽ അങ്ങ് ഞങ്ങളെ ആക്കിയിരിക്കുന്നു. വ്യത്യസ്തത പുലർത്തുവാനുള്ള മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ മാനിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. അതേ സമയം, ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും ഈ ബഹുമുഖസമൂഹത്തെ ശരിയായി സ്വാധീനിക്കുന്ന പുളിമാവും ആകുവാൻ ഞങ്ങളെ പ്രാപ്തിപ്പെടുത്തുകയും ചെയ്യണമെ......"

ഒക്ടോ.-നവം. ലക്കം പത്രാധിപക്കുറിപ്പിന്റെ കോപ്പി എല്ലാ സഭാദ്ധ്യക്ഷന്മാർ ക്കും, സുവിശേഷപ്രസ്ഥാനങ്ങൾക്കു നേതൃത്വം കൊടുക്കുന്നവർക്കും ദയവാ യി അയച്ചു കൊടുക്കുമോ? ക്രൈസ്തവ ലോകത്തിനു നവദർശനങ്ങൾ കാഴ്ച വയ്ക്കുന്ന ന്യൂ വിഷനു അഭിനന്ദനത്തി ന്റെ പൂച്ചെണ്ടുകൾ!

*ജേക്കബ് മാത്യു, ചെന്നൈ*

❖ ❖ ❖

കയും വെളിച്ചവും ആയിത്തീരേണ്ടവയാണ് സഭകൾ. പട്ടിണിപ്പാവങ്ങളുടെ വികാരത്തെക്കൂടി കണക്കിലെടുത്തുകൊണ്ടാണ് സഭകൾ ആഘോഷങ്ങൾ സംഘടിപ്പിക്കേണ്ടത്. ഈ ദൗത്യത്തിന് വിരുദ്ധമായി നടത്തുന്ന കോലാഹലങ്ങൾ അക്രൈസ്തവമാണ്. ശക്തിപ്രകടനത്തിന്റെയും മാധ്യമശ്രദ്ധയ്ക്കുവേണ്ടി നടത്തുന്ന പൊടിക്കൈകളുടെയും ഒരു യുഗത്തിലാണ് നാം ജീവിക്കുന്നത്. പരസ്യത്തിന്റെ പൊയ്ക്കാലിലേറിയാണ് പലരും സഞ്ചരിക്കുന്നത്. എന്നാൽ ക്രൈസ്തവസഭ വ്യത്യസ്തമായി ചിന്തിക്കേണ്ട സമൂഹമാണ്.

സഭകൾ ഏറ്റെടുത്തു നടത്തുന്ന പല പ്രവർത്തനങ്ങൾക്കും പണം ആവശ്യമാണ്. നിരണം ഭദ്രാസനാധിപൻ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി എത്രയോ ശ്രേഷ്ഠമായ സാമൂഹ്യസേവനം നടത്തുന്നു. ആഘോഷങ്ങൾക്ക് ധൂർത്തടിച്ചതിന്റെ ചെറിയ അംശമെങ്കിലും അത്തരം സംരംഭങ്ങൾക്ക് നൽകിയിരുന്നെങ്കിൽ! പള്ളികൂദാശയോടനുബന്ധിച്ച് നൂറ് പാവപ്പെട്ടവർക്കുള്ള ഭവനദാനം കൂടി നടത്തിയിരുന്നുവെങ്കിൽ എത്ര ആദർശ സുരഭിലമാകുമായിരുന്നു. ഒന്നും വേണ്ട; പരുമലത്തിരുമേനിയുടെ നാമത്തിലുള്ള ആശുപത്രി ഇന്നത്തെ ശോച്യാവസ്ഥയിൽ നിന്ന് ഒന്നാന്തരമൊരാശുപത്രിയാക്കി ഉയർത്താൻ പണത്തിൽ കുറേ ചെലവഴിക്കാമായിരുന്നു.

ഒരു പരിശുദ്ധന്റെ നാമത്തിൽ നടത്തുന്ന ചടങ്ങുകൾ ആ വിശുദ്ധന്റെ ജീവിത ശൈലിക്കും പ്രബോധനങ്ങൾക്കും ഇണങ്ങുന്നതായിരിക്കണം. തല്ക്കാലം മാധ്യമശ്രദ്ധ കുറഞ്ഞാലും സഭയുടെ ദൗത്യനിർവഹണത്തിന് അതാണഭികാമ്യം. എല്ലാ സഭകളും ശ്രദ്ധിക്കേണ്ട ഒന്നാണിത്. ആഘോഷങ്ങൾക്കും ശക്തിപ്രകടനത്തിനും വേദിയൊരുക്കാതെ പ്രവർത്തനങ്ങൾ കൊണ്ട് പ്രസക്തമായിത്തീരുകയെന്ന വഴി സ്വീകരിക്കണം. സഭകൾ ഇതിനെപ്പറ്റി ഗൗരവമായി ചിന്തിക്കണം.

*(കടപ്പാട്: ചർച്ച് വീക്ക്‌ലി)*

### അഭിനന്ദനങ്ങൾ

**ഞാൻ** 'ന്യൂ വിഷൻ' പതിവായി വായിക്കുന്നുണ്ട്, ശ്രദ്ധയോടെ തന്നെ. ചിലപ്പോഴെല്ലാം അതിൻെറ ഉള്ളടക്കം സി.എസ്.ഐ. കതീഡ്രലിൽ ചേരുന്ന സീനിയർ മെൻസ് ഫെലോഷിപ്പ് യോഗത്തിൽ അവതരിപ്പിക്കാറുമുണ്ട്. ചെറുകിട വ്യവസായികൾക്കായി ഞാൻ ഒരു മാസിക വർഷങ്ങളോളം എഡിറ്റു ചെയ്ത് പ്രസിധീകരിച്ചിരുന്നു. അതിൽ പ്രസിധീകരിക്കാൻ പരസ്യങ്ങൾ തന്നിട്ട് പണം കിട്ടാതെ വരുമ്പോഴുള്ള മനഃപ്രയാസത്തേക്കാളുപരി എന്നെ അലട്ടിയത്, അതിപ്രധാന കാര്യങ്ങൾ അതിലുണ്ടായിരുന്നിട്ടും 'കണ്ടില്ലല്ലോ' എന്ന് ലാഘവത്തോടെ പലരും പറയുന്നത് കേൾക്കുന്നതായിരുന്നു. രണ്ടു മാസം മുമ്പ്, ഒരു ലേഖനം ജ്ഞാനനിക്ഷേപം മാസികയിൽ ഞാൻ പ്രസിധപ്പെടുത്തിയിരുന്നു. രണ്ടോ മൂന്നോ അച്ചന്മാർ അതു വായിച്ചെന്നു പറഞ്ഞു. കൂടുതൽ പേരും 'കണ്ടേയില്ല' എന്നാണ് പറഞ്ഞത്. ഇന്നത്തെ തലമുറ കഴിഞ്ഞാൽ ഈ മാസിക നിന്നു പോകുകയില്ലേ എന്ന് തോന്നാറുണ്ട്. നമ്മുടെ സഭയിലും പള്ളികളിലും ഒരുപാടു മാറ്റങ്ങൾ വരേണ്ടിയിരിക്കുന്നു. പള്ളിയാരാധന മാത്രം മതിയെന്ന് ചിന്തിക്കുന്ന പട്ടക്കാരാണല്ലോ ഏറിയ പങ്കും!

*ജോൺ മാത്യു മണപ്പുറത്ത്,*
*കോട്ടയം*

❖ ❖ ❖

### മലയാളക്കരയിലെ സഭയുടെ മുമ്പിൽ ഒരു വെല്ലുവിളി

ഈ മില്ലേനിയത്തിന്റെ ആരംഭത്തിൽ ഒരു ചരിത്രസംഭവത്തിനു സാക്ഷ്യം വഹിക്കുവാൻ കേരള സംസ്ഥാനത്തിനു "ഭാഗ്യം" ഉണ്ടായി. മുമ്പൊരിക്കലും ഒരു ക്രിമിനൽ കേസിൽ ഇത്രയധികം പേർ ശിക്ഷിക്കപ്പെട്ടിട്ടില്ല. ശിക്ഷിക്കപ്പെട്ടവരിൽ പകുതിയിലേറെ പേർ ക്രൈസ്തവകുടുംബങ്ങളിൽ ജനിച്ചു വളർന്നവരും സമൂഹത്തിൽ മാന്യന്മാരുമാണ്. സഭാംഗങ്ങളെ സാമാന്യ രീതിയിൽ സന്മാർഗബോധമുള്ളവരായി പരിശീലിപ്പിച്ചെടുക്കുന്നതിൽ പോലും കേരളത്തിലെ സഭ പരാജയപ്പെട്ടിരിക്കുന്നുവെന്നല്ലേ ഇതു കാണിക്കുന്നത്?

"ഇൻഡ്യയിലെ സമകാലീന സ്ഥിതിയിൽ ക്രിസ്തീയദൗത്യം" എന്തായിരിക്കണമെന്നു കേരളത്തിലെ ബിഷപ്പുമാർ ഒന്നിച്ചുകൂടി ആലോചിക്കുന്നു. "ആനുകാലിക ചുറ്റുപാടിൽ പ്രസക്തമായ ക്രൈസ്തവ ദൗത്യ"ത്തെക്കുറിച്ചു "ന്യൂ വിഷൻ" എഡിറ്റോറിയൽ എഴുതുന്നു. കേരളത്തിലെ നമ്മുടെ സഭാംഗങ്ങൾ വഞ്ചകരും ദ്രവ്യാഗ്രഹികളും, അസന്മാർഗികളും ക്രൂരന്മാരും ആയിത്തീർന്നിരിക്കുന്നു. അവരെ മാനസാന്തരപ്പെടുത്തി ക്രിസ്തുവിന്റെ സജീവമാതൃകകളാക്കി തീർക്കേണ്ടതു സഭയുടെ പ്രാഥമിക കർത്തവ്യമല്ലേ?" ഈയാണ്ടിൽ കേരള സമൂഹത്തിൽ വളരെയേറെ ഒച്ചപ്പാടുണ്ടാക്കിയ ഒരു വിഷയമാണല്ലോ പ്ലസ് ടു സ്കൂളുകൾ. മറ്റു സമുദായ സംഘടനകളെപ്പോലെ കേരളത്തിലെ ഓരോ സഭാവിഭാഗവും തങ്ങൾക്കു അർഹമായത്ര സ്കൂളുകൾ അനുവദിച്ചു കിട്ടിയില്ലെന്നു പരാതിപ്പെട്ടു. ഈ അർഹതയുടെ മാനദണ്ഡമെന്താണ്?

ഇൻഡ്യ ഒരു ക്ഷേമരാഷ്ട്രമാണ്. ജനങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ തുടങ്ങിയവ രാഷ്ട്രത്തിന്റെ ചുമതലയാണ്. ഇക്കാര്യങ്ങൾ നിർവഹിക്കുവാൻ സർക്കാർ എടുക്കുന്ന നടപടികളോടു സഹകരിക്കാൻ ഭാരതീയരെന്ന നിലയിൽ ക്രിസ്ത്യാനികൾക്കും, സഭയ്ക്കും ഉത്തരവാദിത്തമുണ്ട്. അതു നിർവഹിക്കുകയും വേണം. എന്നാൽ സഭാംഗങ്ങളെ പ്രാർത്ഥിക്കുവാനും ആരാധനയിൽ സംബന്ധിക്കുവാനും പരിശീലിപ്പിക്കുന്നതിനും, വേദപുസ്തകം പഠിപ്പിച്ച് ക്രിസ്തീയമൂല്യങ്ങളിൽ ഉറപ്പുള്ളവരാക്കുന്നതിനും സഭ മാത്രമേയുള്ളൂ. ആ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറിയാൽ ക്രൈസ്തവ സഭ എന്ന പേരിനുള്ള അർഹത നാം നഷ്ടപ്പെടുത്തുകയാണ്. പുനരുത്ഥാനത്തിനുശേഷം തന്റെ ആടുകളെ മേയിക്കുവാൻ മശിഹാതമ്പുരാൻ നിയമിച്ച പത്രോസ് ശ്ലീഹ നൽകുന്ന പ്രബോധനം ഇവിടെ ഉദ്ധരിച്ചു കൊള്ളട്ടെ. "നിങ്ങളുടെ വിചാരണയിലുള്ള ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബന്ധത്താലല്ല, ദൈവത്തിനു ഹിതമാംവണ്ണം മനഃപൂർവമായും; ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും; ഇടവകകളുടെ മേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല, ആട്ടിൻകൂട്ടത്തിനു മാതൃകകളായിത്തീർന്നു കൊണ്ടും അദ്ധ്യക്ഷത ചെയ് വിൻ. ഇത്തരത്തിലുള്ള മൂപ്പന്മാരും അദ്ധ്യക്ഷന്മാരും ഇന്നു തുലോം വിരളമാണ്. പത്രോസ് ശ്ലീഹ ചൂണ്ടിക്കാണിച്ച മാതൃകയിലുള്ള ഇടയന്മാർ (പട്ടക്കാരും ബിഷപ്പുമാരും) ഉണ്ടാ കേണ്ടത് ഇന്നു കേരളത്തിലെ സഭയ്ക്കു അത്യന്താപേക്ഷിതമായിരിക്കുന്നു. അതാണ് കേരളസഭയുടെ മുമ്പിലുള്ള വെല്ലുവിളിയായി ഞാൻ കാണുന്നത്.

*പി. എം. മാത്യുകോർ-എപ്പിസ്കോപ്പ, പുളിക്കാവിൽ*

❖ ❖ ❖

### സഭയുടെ വിലങ്ങുകൾ

വിവിധ ക്രൈസ്തവസഭകൾ തമ്മിലുള്ള ഐക്യത്തെപ്പറ്റി അനുദിനം നാം ധാരാളം കേൾക്കുന്നു. എക്യുമെനിസം എന്ന വാക്ക് അറിയാത്ത ക്രൈസ്തവർ കുറയും. പല കാരണങ്ങളാൽ ക്രിസ്ത്യാനികൾ സ്വതന്ത്രസഭകളിലായി നില്ക്കുന്നുവെങ്കിലും അവർ തമ്മിൽ സഹകരിച്ച് പ്രവർത്തിക്കണമെന്നതാണ് എക്യുമെനിസമെന്ന ആശയത്തിന്റെ പിന്നിലെ ചേതോവികാരം. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം, രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ഈ ആശയത്തിനു കൂടുതൽ പ്രസക്തി വന്നിട്ടുണ്ട്.

പഴയകാലത്ത് കത്തോലിക്കാസഭയിൽ കൂടി മാത്രം രക്ഷ എന്നായിരുന്നു സഭയുടെ ഔദ്യോഗിക ചിന്താഗതി. പിന്നീട് അതു മാറി. ഒരു വ്യക്തി തന്റേതല്ലാത്ത കാരണം കൊണ്ട് അകത്തോലിക്കനായി ജീവിക്കേണ്ടി വന്നാൽ അയാൾക്കു രക്ഷയുണ്ടെന്ന് കത്തോലിക്കാസഭ അംഗീകരിക്കുന്നു. അതോടൊപ്പം, ക്രിസ്ത്യാനികളെന്ന നിലയിൽ എല്ലാവിഭാഗം ക്രിസ്ത്യാനികളും ഒരുമിച്ചു പ്രവർത്തിക്കണമെന്ന് കത്തോലിക്കാസഭയുടെ അധികാരികൾ ആഹ്വാനം ചെയ്യുകയും അപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്യുന്നു. ഇൻഡ്യയിലെ ക്രൈസ്തവരുടെയിടയിൽ എണ്ണം കൊണ്ടും സംഘടനാശക്തികൊണ്ടും അല്പം മുന്നിൽ കത്തോലിക്കരാണെന്നതു കൊണ്ട് അവരുടെ നിലപാടുകൾ നിർണായകമായിത്തീരുന്നു. പലപ്പോഴും കത്തോലിക്കരെയാണ് ക്രൈസ്തവസഭാ പ്രതിനിധികളെന്ന നിലയിൽ സമൂഹം സ്വീകരിക്കുന്നത്.

എന്നാൽ, എക്യുമെനിസത്തെയും സാഹോദര്യത്തെപ്പറ്റിയുമുള്ള ഈ ഭാഷണമെല്ലാം വിൺവാക്കുകളാണെന്ന് ഈയിടെ നടന്ന രണ്ടു സംഭവങ്ങൾ തെളിയിക്കുന്നു. പാലായിലെ വലവൂർ കത്തോലിക്കാപ്പള്ളിയിലെ ഒരംഗത്തിന്റെ മകളും ഓർത്തഡോക്സ് സഭക്കാരനായ ഒരു യുവാവും തമ്മിൽ ഒരു ഓർത്തഡോക്സ് പള്ളിയിൽ വച്ച് വിവാഹിതരായി. അതേ ഇടവകയിൽപ്പെട്ട ദളിത് ക്രൈസ്തവനായ ഒരാളുടെ സഹോദരി ഒരു പെന്തക്കോസ്തുകാരനെ പെന്തക്കോസ്ത് ക്രമപ്രകാരം വിവാഹം ചെയ്തു. വികാരിയച്ചൻ പരസ്യമായി ഇരുവരുടെയും കുടുംബാംഗങ്ങളെ മുടക്കിയിരിക്കുകയാണ്.

കത്തോലിക്കരുടെ കാനോൻ നിയമങ്ങൾ പ്രകാരം കത്തോലിക്കാവിശ്വാസികൾ അകത്തോലിക്കരെ വിവാഹം

കഴിക്കുന്നത് വിലക്കിയിട്ടില്ല. അകത്തോലിക്കരെ വിവാഹം ചെയ്യാൻ കാനോൻ നിയമങ്ങളിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരം ധാരാളം വിവാഹങ്ങൾ യൂറോപ്പിലും അമേരിക്കയിലും നടക്കാറുണ്ട്. വിവാഹിതരാകുന്ന വ്യക്തികളിൽ ഒരാൾ അകത്തോലിക്കനായിരുന്നാലും കത്തോലിക്കാപ്പള്ളിയിൽ വച്ച് വിവാഹം നടത്തിക്കൊടുക്കാൻ വ്യവസ്ഥയുണ്ട്. വിവാഹവാഗ്ദാന പ്രതിജ്ഞാവാചകങ്ങളിൽ ചെറിയ വ്യത്യാസം ഉണ്ടാകും. ഇവരിൽ നിന്നുണ്ടാകുന്ന കുട്ടികളെ കത്തോലിക്കരായി വളർത്തിക്കൊള്ളാമെന്ന ഉറപ്പും ഈ വിവാഹവാഗ്ദാനങ്ങളിൽ ഉണ്ടാവും. യൂറോപ്പിൽ ഈ വിധം വിവാഹങ്ങൾ സാധാരണമാണ്. കത്തോലിക്കാസഭയ്ക്ക് യൂറോപ്പിനായും ഭാരതത്തിനായും വ്യത്യസ്തനിയമങ്ങൾ ഉണ്ടാവുകയില്ലല്ലോ. ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലയർ ആംഗ്ലിക്കനും, ഭാര്യ കത്തോലിക്കയും ആണെന്നു പ്രസിദ്ധമാണല്ലോ. കേരളത്തിൽ തന്നെ, മലങ്കര യാക്കോബായ സഭാംഗങ്ങളുമായി കത്തോലിക്കാ സഭാംഗങ്ങൾക്ക് വിവാഹത്തിന് യാതൊരു തടസ്സവുമില്ല. എങ്കിൽ പിന്നെ, യാക്കോബായ സഭയുടെ സഹോദരീസഭയായ ഓർത്തഡോക്സ് സുറിയാനി സഭാംഗങ്ങളുമായുള്ള വിവാഹത്തെ എങ്ങനെ എതിർക്കാൻ കഴിയും. സഭാധികാരികളുടെ ഔദ്ധത്യവും അസഹിഷ്ണുതയും ഏകാധിപത്യ മനോഭാവവും മാത്രമാണ് ഈ കൂദാശമുടക്കിന് പിന്നിലുള്ളത്. കേരളത്തിലെ ഉന്നതരായ പല കത്തോലിക്കരുടെയും മക്കൾ അകത്തോലിക്കരെ വിവാഹം ചെയ്തെങ്കിലും അതിനെതിരെ ശബ്ദമുയർത്താഞ്ഞ വൈദികനേതൃത്വം ഒരു പാവപ്പെട്ടവന്റെയും ഒരു ദളിതന്റെയും കുടുംബങ്ങൾക്കെതിരെ നടപടി എടുത്തതിന്റെ പിന്നിലെ ചേതോവികാരം എന്തെന്ന് ആലോചിക്കേണ്ടതു തന്നെയാണ്.

മറ്റൊരു പ്രധാന കാര്യം ഇതിൽ അന്തർഭവിച്ചിരിക്കുന്നു. ഒരു കുടുംബത്തിലെ ഒരംഗം ചെയ്യുന്ന പ്രവൃത്തിക്കെതിരെ കുടുംബാംഗങ്ങൾക്കെല്ലാമെതിരെ ശിക്ഷണ നടപടി എടുക്കുന്നതിന്റെ ധാർമികമായ സാധുതയെപ്പറ്റി നാം ചിന്തിക്കണം. ഏതെങ്കിലും ബിഷപ്പിന്റെ കുടുംബത്തിലെ ഒരംഗം കമ്മ്യൂണിസ്റ്റോ നിരീശ്വരവാദിയോ നക്സലോ മുസ്ലീമോ ആയാൽ ബിഷപ്പിനെ സഭയിൽ നിന്ന് പുറത്താക്കാൻ ആരെങ്കിലും മുതിരുമോ? വിശുദ്ധ പൗലോസും ആദിമകാലത്തെ അനേകം സഭാനേതാക്കളും ക്രിസ്തുമാർഗം സ്വീകരിച്ചത് വ്യക്തികളെന്ന നിലയ്ക്കാണ്. അവരുടെ കുടുംബാംഗങ്ങളിൽ പലരും ക്രിസ്തുമാർഗം സ്വീകരിച്ചില്ല. എന്നിട്ടും അവരെ വിശുദ്ധരും അപ്പോസ്തലരുമായി സഭ അംഗീകരിക്കുന്നു. പക്ഷേ, ഇവിടെ ഒരു കുടുംബാംഗം ചെയ്തുവെന്നു പറയുന്ന കുറ്റം മൂലം കുടുംബത്തെ മുഴുവൻ ശിക്ഷിക്കുന്നു. മാമോദീസ മുങ്ങി സഭാംഗങ്ങളായിത്തീർന്നവരുടെ പ്രാഥമികാവകാശങ്ങളുടെ ലംഘനമാണിത്. ഇപ്രകാരം ചെയ്യുന്നത് അധികാര ദുർവിനിയോഗവും, നീതിക്കും വിശ്വാസത്തിനും വിരുദ്ധവുമാണ്. കേരളത്തിലെ കത്തോലിക്കരും ഇതര ക്രിസ്ത്യാനികളും സഭാനേതാക്കളുടെ കൂച്ചുവിലങ്ങുകളിൽ നിന്ന് എന്നാണ് വിമുക്തരാവുക?

*ജോസ് സഖറിയാസ്*

❖ ❖ ❖

## 'ദൈവത്തോടൊപ്പം ഡാൻസ് ചെയ്യാം'

പ്രസ്തുത ലേഖനം ഒരു പുതിയ ഉൾക്കാഴ്ച തരുന്നതായിരുന്നു. ദൈവം നേരിട്ടും പ്രവാചകന്മാർ മുഖേനയും പണ്ടു നശിപ്പിച്ച ജനം സംഖ്യാതീതമാണ്. ഇതോടൊപ്പം ജന്തുസമൂഹവും സസ്യജാലങ്ങളും നശിച്ചുപോയിട്ടുണ്ട്. ഹിറ്റ്ലർ, സ്റ്റാലിൻ എന്നിവർ ചെയ്ത കൊലപാതകത്തെ ദൈവം പണ്ടു ചെയ്ത ക്രൂരതയുമായി തുലനം ചെയ്ത് ഒരു രാഷ്ട്രീയപ്രവർത്തകൻ ന്യായീകരിക്കുകയുണ്ടായി. പുതിയനിയമകാലഘട്ടത്തിന്റെ തുടക്കത്തിൽ യേശുക്കുഞ്ഞിനെപ്രതി എത്രായിരം പിഞ്ചുകുഞ്ഞുങ്ങളെയാണ് ഹെറോദാവ് കൊന്നൊടുക്കിയത്. ഇതൊക്കെ എടുത്തുകാട്ടി ദൈവവിദ്വേഷം വളർത്താൻ മതതീവ്രവാദികൾ ശ്രമിക്കുന്നുണ്ട്. ദൈവത്തിന്റെ ന്യായീകരണം ഇതിൽ എന്താണെന്നു ആർക്കും പ്രവചിക്കാൻ സാധിക്കയില്ല. മഹാപ്രളയം കണ്ടു പശ്ചാത്തപിച്ച ദൈവം ഇതൊക്കെ കണ്ടു പിന്നീടു സഹതപിച്ചിട്ടുണ്ടാവാം. തന്റെ പ്രിയപുത്രനെ ലോകത്തിലേക്കയച്ച് ഒരു പുതിയനിയമം ലോകത്തിന്റെ രക്ഷയ്ക്കായി ദാനം ചെയ്യുക വഴി തിരുത്തുകയും ചെയ്തിരിക്കാം. ഇനി പഴയനിയമകാര്യങ്ങളെപ്പറ്റിയുള്ള പ്രസംഗരീതി മാറ്റി പ്രത്യാശ നൽകുന്ന ക്രിസ്തുവിനെ പ്രസംഗിച്ച് പ്രചോദനമേകാം. പഴയത് അപ്രസക്തവും, പുതിയത് പ്രസക്തവുമാകട്ടെ. ദൈവം നിഷ്ഠുരനായിരുന്നെങ്കിൽ മഹാകാരുണ്യവാനുമാണല്ലോ!

*സി. എസ്. വർഗീസ്,*
*കോടുകുളഞ്ഞി*

❖ ❖ ❖

## ആഗോളവൽക്കരണം

വളരെയധികം ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണല്ലോ ആഗോളവൽക്കരണം. പതിവുപോലെ പല ക്രിസ്ത്യൻ സംഘടനകളും ഈ വിഷയത്തെപ്പറ്റി ധാരാളം സെമിനാറുകൾ നടത്താറുണ്ട്. ഈ സെമിനാറുകളുടെ ഒരു പിഴവ് ചൂണ്ടിക്കാണിക്കട്ടെ. നാം ഇന്നഭിമുഖീകരിക്കുന്ന സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങൾക്ക് രണ്ടു വശങ്ങൾ കാണും. എന്നാൽ, സെമിനാറുകൾ നടത്തുന്നവർ പലപ്പോഴും ഏതെങ്കിലും ഒരു വശത്തിനു മാത്രം ഊന്നൽ കൊടുക്കുന്നു; മറുവശം പരാമർശിക്കപ്പെടാതെ സെമിനാർ അവസാനിക്കുകയും ചെയ്യുന്നു. ആഗോളവൽക്കരണത്തിന്റെ ദൂഷ്യവശം മാത്രം കാണുന്നവർ എന്തുകൊണ്ട് 134 രാഷ്ട്രങ്ങൾ ലോകവ്യാപാരസംഘടനയിൽ അംഗത്വമെടുത്തുവെന്നതിന് വിശദീകരണം നല്കാറില്ല. ആഗോളവൽക്കരണത്തിലൂടെ സമ്പന്ന രാഷ്ട്രങ്ങൾ മൂന്നാം ലോകരാജ്യങ്ങളെ അപ്പാടെ വിഴുങ്ങാൻ പോകുകയാണെങ്കിൽ ചൈന എന്തുകൊണ്ട് കിണഞ്ഞു പരിശ്രമിച്ച് ലോകവ്യാപാരസംഘടനയിൽ അംഗത്വം സ്വീകരിക്കുന്നു? ട്രേഡ് യൂണിയൻ പ്രവർത്ത

കർ പ്രക്ഷോഭണം നടത്തിയതിന്റെ കാരണം മൂന്നാം ലോകരാജ്യങ്ങളിലെ പല വ്യവസായ ഉല്പന്നങ്ങളും വൻതോതിൽ വികസിതരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാനിടയായാൽ അവിടെയൊക്കെ പല ഫാക്ടറികളും അടച്ചു പൂട്ടാനിടയാകുമെന്നു ഭയപ്പെടുന്നതുകൊണ്ടാണ്. മൂന്നാം ലോകരാജ്യങ്ങളിൽ തൊഴിലാളികൾക്ക് താരതമ്യേന കുറഞ്ഞ കൂലിയായതുകൊണ്ട് ഉല്പന്നങ്ങൾ വില കുറച്ച് വില്ക്കാൻ സാധിക്കുമല്ലോ. മൂന്നാം ലോകരാജ്യങ്ങളുടെ പല ഉല്പന്നങ്ങളും വികസിത രാജ്യങ്ങളിൽ കൂടുതലായി വിറ്റഴിക്കുന്നതിന് ഉടമ്പടിയിലെ അംഗത്വം സഹായകരമായിരിക്കും. അതേ സമയം, വികസിത രാജ്യങ്ങൾ ക്ക് പല ഉല്പന്നങ്ങളും വിറ്റഴിക്കാൻ മൂ ന്നാം ലോകരാജ്യങ്ങൾ അവരുടെ വാതായനങ്ങൾ തുറന്നിടേണ്ടി വരും. വികസിതരാജ്യങ്ങൾക്കോ വികസ്വരരാജ്യങ്ങൾക്കോ മാത്രം പ്രയോജനമുണ്ടാക്കുന്ന ഒരു വ്യാപാര ഉടമ്പടി ഉണ്ടാക്കാൻ സാധിക്കുമോ? തന്നെയുമല്ല, ലോകവ്യാപാരസംഘടനയിലെ അംഗങ്ങൾക്ക് അംഗത്വം ഉപേക്ഷിക്കണമെന്നുണ്ടെങ്കിൽ അതിനും അവസരമുണ്ട്.


*ജോർജ് വർഗീസ്,*
*നെടുങ്ങാടപ്പള്ളി*

❖ ❖ ❖

**Nitya Chaithanya Yati**

A tangential remark made by me on the coverage given to Nitya Chaithanya Yati in the columns of your periodical seems to have hurt the feelings and sentiments of Sri. K. E. George, Kanam. Perhaps, my stand needs to be clarified. To me, a Christian is one who has accepted Jesus as his personal Saviour, to the exclusion of all other gods. My readings on Yati have not suggested to me any indication of such a commitment on his part. These are times when eminent leaders of the church do not hesitate to endorse the Hindu philosophy of multiple path to 'moksha'. But the Bible points to just one door, one way to salvation. It is easy for a Hindu to accept the deities of other faiths. But Christianity does not entertain such a luxury. It is not my plea that non-Christians should not find a place in our publications. Nevertheless, I felt that New Vision had gone too far in highlighting Yati in more than one issue of that periodical.

K. P. Luke Vydhian, Bangalore.






- **Relevant Patterns of Christian Witness in India : People as Agents of Mission.**

**A corporate study where the Indian Church speaks out its mind on relevant patterns of mission and evangelism in the pluralistic context of India.**

***Jesudasan M. Athyal***
**Price : Rs. 125/-**

## സി. എസ്. എസ്., തിരുവല്ല

- **കുടുംബം: ക്രൈസ്തവ സമീപനങ്ങൾ**

കുടുംബത്തെ ക്രിസ്തുദർശനത്തിന്റെ വെളിച്ചത്തിൽ വീക്ഷിക്കുന്ന പതിനെട്ടു ലേഖനങ്ങൾ

*റവ. ഡോ. മാത്യു ഡാനിയൽ*
വില : **45/-** രൂ

❖ ❖ ❖

- **ദൈവമേ നീ എന്റെ ദൈവം**

രോഗങ്ങളുടെയും വേദനകളുടെയും അനുഭവങ്ങളിലൂടെ കടന്നു പോയ സംഭവകഥ.

*ഫാ. ടി. ജെ. ജോഷ്വ*
വില : **33/-** രൂ

❖ ❖ ❖

- **Globalisation and its impact on human rights**

***Mathews George Chunakkara***
**Price : Rs. 80/-**

# *About the Lord's Prayer*

*I cannot pray "OUR" if my faith has no room for others and their need.*
*I cannot pray "FATHER" if I do not demonstrate this relation to God in my daily living.*
*I cannot pray "WHO ART IN HEAVEN" if all my interests and pursuits are in earthly things.*
*I cannot pray "HALLOWED BE THY NAME" if I am not striving for God's help to be holy.*
*I cannot pray "THY KINGDOM COME" if I am unwilling to accept God's rule in my life.*
*I cannot pray "ON EARTH AS IT IS IN HEAVEN" unless I am truly ready to give myself to God's service here and now.*
*I cannot pray "GIVE US THIS DAY OUR DAILY BREAD" without expending honest effort for it, or if I would withhold from my neighbour the bread I receive.*
*I cannot pray "FORGIVE US OUR TRESPASSES AS WE FORGIVE THOSE WHO TRESPASS AGAINST US" if I continue to harbor a grudge against anyone.*
*I cannot pray "LEAD US NOT INTO TEMPTATION" if I deliberately choose to remain in a situation where I am likely to be tempted.*
*I cannot pray "DELIVER US FROM EVIL" if I am not prepared to fight with my life and my prayer.*
*I cannot pray "THINE IS THE KINGDOM" if I am unwilling to obey the King.*
*I cannot pray "THINE IS THE POWER AND THE GLORY" if I am seeking power for myself and my own glory first.*
*I cannot pray "FOREVER AND EVER" if I am too anxious about each day's affairs.*
*I cannot pray "AMEN" unless I honestly say "NOT MY will, but THY will be done."*
*So let it be.*

*- Anonymous*




**WE WISH YOU ALL**
**A JOYOUS CHRISTMAS**
**and**
**A BLESSED NEW YEAR**

*-The Editorial Board*

**NEW VISION FOR A CHANGING WORLD** Dec.2000 - Jan.2001 Annual subscription : Rs.60/-
Registered with the Registrar of Newspapers for India
under No. KER BIL/2000/1543

# A RETROSPECTION

(on K. P. Luke Vydhian's 'A CONFESSION' published in the last issue)

*When the nuns were raped,*
*Was God silent? for He was the nun.*
*When they killed the missionaries,*
*Was God silent? for He was the missionary.*
*When they torched the worshipping centres of the tribals,*
*Was God silent? for He was the tribal.*
*When they burnt the Bibles in many places,*
*Was God silent? for it was His bible.*
*When they bombed the churches,*
*Was Godsilent? for it was His church.*
*When the gospel workers were beaten and bruised,*
*Was God silent? for He was the gospel worker.*
*When my turn comes, should I worry?*
*God will take care, for I am His.*

**Koshy Thomas, Kakkanad**




Printed & Published by Rev. Prof. K. C. Mathew at Manganam, Kottayam and owned by Rev. Prof. K. C. Mathew, Chairperson, Nava Darshan Trust, Kottayam. Editor: Prof. Mathew Koshy Punnackad. Printed at Learners' Offset Printers, CMS College Road, Kottayam.